# മേരീദാസൻ.

(സംഗീതപ്രഹസനം.)

REVISED SECOND EDITION.

BY

**FR. JOSEPH NEDUMCHIRA O. S. H.**
SACRED HEART MOUNT, KOTTAYAM.

162
N29

# മേരീദാസൻ.

(സംഗീതപ്രഹസനം)

(പരിഷ്കരിച്ച രണ്ടാം പതിപ്പ്.)

ഗ്രന്ഥകർത്താ

റവ: ഫാദർ ജോസഫ് നെടുഞ്ചിറ.

ഒ. എസ്സ്. എച്ച്.

സേക്രഡ്ഹാർട്ട്മൌണ്ട്, കോട്ടയം.

CATHOLIC MISSION PRESS. KOTTAYAM.
1940.

(*All Rights Reserved.*)

DHARMARAM COLLEGE LIBRARY, BANGALORE 1030
HOUSE OF STUDIES T.O.C.D. BANGALORE
CANCELLED
CANCELLED
CANCELLED
T 62
S126
Joseph nedumchira O.S.H.

Price 4 As.

# കഥാപാത്രങ്ങൾ.

---

| | |
|---|---|
| മേരീദാസൻ | (കഥാനായകൻ) |
| യേശുദാസൻ | (താതൻ) |
| യൂദാസ് | (പിതൃവ്യൻ) |
| ദാലസ് പ്രബു | (മാതുലൻ) |
| ഫ്രാൻസിസ് | (യൂദാസിൻെറ മകൻ) |
| വൈദികൻ, കപ്യാർ etc. | |
| ഭൃത്യന്മാർ, സവ്ർണ്ണവ്യാപാരി | |
| ചോതൻ | (ഒരടിയാൻ) |
| തപാൽശിപായി, സേവകൻ etc. | |
| തോട്ടം കങ്കാണി | |
| തെയ്യത്താൻ വീരടിയാൻ | (ഒരു കൂലിക്കാരനും പുത്രനും) |
| അസുരന്മാർ, വേടന്മാർ | |
| ജഡ്ജി, വക്കീലന്മാർ, പോലീസ് etc. | |
| ദൈവജനനി, മാലാഖ. | |

---

**Re imprimatur.**

Fr. Mathew Thuruthy

**Pro Vicar General.**

*Kottayam.*
*3-7-1940.*

# ഒന്നാം പതിപ്പിന്റെ മുഖവുര.

ഏകദേശം ഒന്നരക്കൊല്ലം മുമ്പ് "സത്യാത്മജൻ" എന്നൊരു സംഗീതപ്രഹസനം ഞാൻ പ്രസിദ്ധം ചെയ്തതിനെ തുടൎന്ന് വിദ്യാൎത്ഥികളുടേയും 'സൊഡാലിററി' അംഗങ്ങളുടേയും ആവശ്യം പ്രമാണിച്ച് "മേരീദാസൻ" എന്ന ഈ പ്രഹസനം എഴുതുകയുണ്ടായെങ്കിലും ഇതു് പ്രസിദ്ധപ്പെടുത്തണമെന്നുള്ള ആഗ്രഹം എനിക്കില്ലായിരുന്നു. എന്നാൽ എന്റെ ചില സ്നേഹിതന്മാരുടെയും, വിദ്യാൎത്ഥികളുടെയും, ഗുണകാംക്ഷികളുടേയും അഭിലാഷമനുസരിച്ച് ചില ഭേദഗതികളോടുകൂടി പരിഷ്ക്കരിച്ചിപ്പോൾ മുദ്രാലയപ്രവേശനത്തിനുള്ള ഭാഗധേയമുണ്ടായി.

മൂന്നു അങ്കമുള്ളതായ ഈ പ്രഹസനം, ദീൎഘമായി തോന്നുന്നപക്ഷം രണ്ടാമങ്കം മുതലോ, അഥവാ മൂന്നാമങ്കം മാത്രമെടുത്തോ അഭിനയിക്കാവുന്നതാകുന്നു. ഒന്നാമങ്കത്തിലെ രത്നച്ചുരുക്കം രണ്ടാമങ്കത്തിൽ സൎവ്വജ്ഞ വ്യാപാരിയും ബാലസുഭ്രളവുമായുള്ള സംഭാഷണത്തിൽ നിന്നും, മൂന്നാമങ്കത്തിൽ ഒന്നും രണ്ടും അങ്കത്തിലെ ചുരുങ്ങിയ സംഭവം ഫ്രാൻസീസ് യേശുദാസനെ ഗൃഹവാൎത്ത അറിയിക്കുന്നതിൽ നിന്നും ഏറക്കുറെ വിശദമാകുന്നതാണു്.

അവിചാരിതമായി എന്നിൽ ആവിൎഭവിച്ച കണ്ണുരോഗം മൂലമുളവായിക്കൊണ്ടിരിക്കുന്ന ബാധിൎയ്യം കൊണ്ടു് നവഗാനങ്ങൾ ശ്രവിച്ച് നവീന സംഗീത പ്രഹസനങ്ങൾ രചിക്കുവാൻ അശക്തനായി ഭവിച്ചുവരുന്നുവെന്നു. വ്യസന

സമേതം പറഞ്ഞുകൊണ്ടു ബഹുജനങ്ങളുടെ പ്രാത്ഥന അഭ്യ ത്ഥിച്ചുകൊള്ളുന്നു.

ഇതു് പ്രസിദ്ധപ്പെടുത്തുന്നതിന്നു് വേണ്ടത്ര പ്രോത്സാഹനവും സഹായ സഹകരണങ്ങളും സദയം ചെയ്തു തന്നിട്ടുള്ള സകല മഹത്തുക്കളോടും വിശിഷ്യ റവ: ഡോക്ടർ പ്ലാസിഡ് റ്റി. ഒ. സി. ഡി. അവർകളോടും വിദ്വാൻ വി. സി. ചാണ്ടി അവർകളോടുമുള്ള എന്റെ അകൈതവമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് "മേരീദാസ"നെ സഹൃദയലോകസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുഹൃദയക്കുന്നാശ്രമം,
25 ഒക്ടോ: 1936
രാജത്വ തിരുനാൾ.

ഗ്രന്ഥകത്താ.

# അഭിപ്രായം.

ചെത്തിപ്പുഴ,
9-9-1936.

ബ: പ്രി: അച്ചാ!

അച്ചനെഴുതിയ "മേരീദാസൻ" എന്ന ചെറുനാടകം ശ്രദ്ധാപൂർവ്വം ഞാൻ വായിച്ചു.

സ്വഭാവരൂപവൽക്കരണത്തിനു ആധുനിക കാലത്തു നാടകങ്ങൾക്കു ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണല്ലൊ ഉള്ളതു്. പ്രായപൂർത്തി വന്നവരെ കൂടി വഴിപിഴപ്പിക്കുവാൻ അശ്ലീലങ്ങളായ അഭിനയങ്ങൾക്കു സാധിക്കുമെങ്കിൽ കൊച്ചുകുട്ടികളുടെ കാര്യം പ്രത്യേകം പറയണമോ? അസന്മാർഗ്ഗികങ്ങളായ നാടകങ്ങൾ, സിനിമാകൾ ആദിയായ ഉപകരണങ്ങൾ മുഖേന അസന്മാർഗ്ഗത്തിൽ അധഃപതിച്ച ആധുനികലോകം ബാലഹൃദയങ്ങളെ വഷളാക്കുവാൻ സദാ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ ലോകത്തിനു വെളിച്ചവും ഭൂമിക്കു ഉപ്പുമായ കത്തോലിക്കാസഭ സന്മാർഗ്ഗപരവും ഭക്തിസംവർദ്ധകവും ആയ നാടകപ്രസ്ഥാനത്തിൽ തല്പരയായി കളെ എല്ലാ പ്രകാരത്തിലും പ്രോത്സാഹിപ്പിച്ചു കൊണ്ടുവരുന്നു. ഈ വിഷയത്തിൽ വാസനയുള്ള കത്തോലിക്കർ അവരുടെ വാസന ഫലിപ്പിക്കുവാൻ ഇപ്പോഴാണു സർവ്വ ശ്രമവും ചെയ്യേണ്ടതു്. ആകയാൽ അച്ചന്റെ

പരിശ്രമങ്ങൾ സന്ദർഭോചിതം തന്നെ. സ്രഷ്ടാവായ ദൈവം അച്ചന്ന പ്രദാനം ചെയ്തിരിക്കുന്ന ദാനത്തെ അച്ചൻ സഫലമാക്കുന്നതിൽ ആരാണു് അച്ചനെ അനുമോദിക്കാതിരിക്കുക? കുട്ടികളെ വിശ്വാസത്തിലും ഭക്തിയിലും സന്മാർഗ്ഗബോധത്തിലും അഭ്യസിപ്പിക്കുവാൻ വളരെ പററിയതായ "മേരീദാസൻ" എന്ന ഈ പ്രഹസനം പോലെ അനവധി പ്രഹസനങ്ങൾ അച്ചന്റെ തൂലികയിൽ നിന്നും പുറപ്പെടട്ടെ എന്നു് ദൈവത്തെ ഞാൻ പ്രാത്ഥിക്കുന്നു.

എന്നു് വിനീതവിധേയൻ,

ഫാദർ പ്ലാസിഡ് ററി. ഒ. സി. ഡി.

(ഒപ്പ്)

# പ്രസ്താവന.

---

മേരിദാസൻ എന്ന ഈ സന്മാർഗ്ഗസംഗീതപ്രഹസനം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു 1936—ൽ ആയിരുന്നു. എന്റെ ഇതര വിനീതപ്രഹസനങ്ങളെ അപേക്ഷിച്ച് ഈ ഗ്രന്ഥത്തിനു സഹൃദയലോകം കൂടുതലായി ആസ്വാദനം പ്രകടിപ്പിക്കുകയാൽ ആദ്യ പതിപ്പ് 1000 പ്രതികൾ ഒരു കൊല്ലത്തിനകം തീർന്നുപോയി എന്നുള്ള വസ്തുത സാഹിത്യയത്നം തുടരുന്നതിനു എനിക്കു പ്രോത്സാഹനം നല്കി. എന്നാൽ നവീനകൃതികളിലേക്കു ഞാൻ കൂടുതൽ ശ്രദ്ധ പതിക്കുകയാൽ പരിഷ്ക്കരിച്ച രണ്ടാം പതിപ്പു നീട്ടിവയ്ക്കേണ്ടതായി വന്നു. ഇപ്പോൾ പ്രസ്തുത പ്രഹസനം പലരും ആവശ്യപ്പെടുന്നതിനാലും വീണ്ടും മുദ്രണം ചെയ്യണമെന്നു സ്നേഹിത[illegible]ർബന്ധിക്കുന്നതിനാലും ഏതാണ്ടിപ്രകാരം “[illegible] പരിഷ്ക്കരിച്ച രണ്ടാം പതിപ്പു സഹൃദയ[illegible]തരിപ്പിച്ചുകൊള്ളുന്നു.

T62
N29

ഗ്രന്ഥകർത്താ,

Sacred Heart Mount,

16-7-1940.

# മേരീദാസൻ.

## ഒന്നാം അങ്കം.

### രംഗം 1. (ഉദ്യാനം)

(മേരീദാസൻ മുട്ടുകുത്തി ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു.)

(ഗീതം. ഭജനൈ ശെയ്‌വോ—ഏ-മ.)

പല്ലവി.

പുകഴ്ത്തീടുവിൻ ദിവ്യനാമം—ചിരം

അ: പ.

വാനിലെ രാജനേ, നീ വരം താ പരാ!
കനിവൊടു തുണ നാഥാ–പുകഴ്ത്തീ....

ചരണം.

ഇവനുടെ താതനോ നിത്യനഗരിയിൽ
വിരവൊടു യാത്ര ചൊല്ലിപ്പോയീ
ദുരിതമതറിയാതിതുവരെ വളർന്നേൻ
പെരുകിയെൻ താപം മാറിപ്പാനോ?—പുകഴ്ത്തീ....
അനന്ത ദിവ്യ ഭോജനമിവനേകി
അടിയനു രക്ഷ നല്കുക ദേവാ!
വരദേ! നമസ്കാരം താതനോ സസുഖം
വന്നിടാനർത്ഥിപ്പേൻ നാഥേ!—പുകഴ്ത്തീ....

(എഴുന്നേററു) ഹാ! ദൈവമേ! എൻെറ പ്രിയ താതൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ പിതൃവ്യൻ എന്നോടിപ്രകാരം വർത്തിക്കുമായിരുന്നുവോ? (ബാഷ്പബിന്ദുക്കൾ പൊഴിയു

ന്നു) ഞാൻ തൊട്ടിലിലായിരുന്നപ്പോൾ മാതാവു് പരലോക പ്രാപ്തയായി. പ്രിയ മാതാവിൻെറ ആകാരമറിയുവാൻപോലും എനിക്ക സാധിച്ചിട്ടില്ല. യാതൊരുതരത്തിലും എന്നെ ക്ലേശിപ്പിക്കാതെ പ്രിയ താതൻ "Motherless child, Motherless child" എന്നു പറഞ്ഞു് അനുദിനം നല്കികൊണ്ടിരുന്ന ചുംബനമോക്കുമ്പോൾ എൻെറ ഹൃദയം തകരുന്നു. (കണ്ണീർ തുടയ്ക്കുന്നു) പരമപിതാവേ! അവിടുന്നു തീത്ഥയാത്ര കഴിഞ്ഞു എന്നു തിരിച്ചുവരും? ജൂബിലിവത്സരം അവസാനിക്കാറായല്ലൊ. അവിടുത്തെ വിയോഗവേളയിൽ എൻെറ കവിൾത്തടത്തിൽ ചുംബിച്ചുകൊണ്ടു് "ഓമനേ! നിൻെറ ആവശ്യങ്ങളെല്ലാം ചിററപ്പൻ നടത്തിക്കൊള്ളും" എന്നാണല്ലൊ പറഞ്ഞിരുന്നതു്. എന്നാൽ ആ പിതൃവ്യൻ ഏതുവിധമാണു് വത്തിക്കുന്നതു്! ആഹാരം ലഭിക്കുവാൻ പോലും പ്രയാസമായിരിക്കുന്നു. ഹാ! ജഗദീശാ! ആത്ത്രാണനിപുണമതേ! പിതാവിൻെറ പ്രത്യാഗമനം വരെ ഞാൻ ഏതുവിധം ജീവസന്ധാരണം നിർവഹിക്കും?

(പിതൃവ്യനായ യൂദാസിൻെറ പുത്രൻ ഫ്രാൻസീസ് പ്രവേശിക്കുന്നു)

ഫ്രാൻസീസ് (വിളിക്കുന്നു) കൊച്ചേട്ടാ! കൊച്ചേട്ടാ! കൊച്ചേട്ടനെ വല്ലവരും കണ്ടോ? (നാലു ചുററും നോക്കുന്നു. മേരീദാസനെ കാണുന്നു) മേരീദാസാ! കൊച്ചേട്ടാ! കൊച്ചേട്ടൻ കരയരുതേ. കൊച്ചേട്ടൻെറ ദുഃഖം കാണുമ്പം എനിക്കു കരച്ചിലു വരുന്നു. കൊച്ചേട്ടൻെറ ചിററപ്പൻ, കാര്യം എൻെറ അപ്പച്ചനാണെങ്കിലും ഒരു മര്യാദയുമില്ലാതെയാണു പെരുമാറുന്നതു്.

മേരീ. പ്രിയ അനുജാ! നാം ഒരിക്കലും പിതൃജനങ്ങളെ കുററപ്പെടുത്തരുതു്.

ഫ്രാൻസീസ്. ഇന്നു കൊച്ചേട്ടനോടു ക്രൂരമായി പെരുമാറുന്ന താതൻ, നാളെ എന്നോടും അപ്രകാരം ചെയ്യുകയില്ലെന്നു എങ്ങനെ അറിയാം? ഇങ്ങനത്തെ അപ്പന്മാരുടെ കൂടെ പൊറുക്കാതിരിക്കുകയാണുത്തമമെന്നു തോന്നിപ്പോകുന്നു. അമ്മ മരിച്ച ദുഃഖം ഇപ്പഴല്ലേ നിങ്ങൾ അറിയു

ന്നതു്? വല്ല്യപ്പൻ തീൎത്ഥയാത്രയ്ക്കു പുറപ്പെട്ടപ്പോൾ കൊച്ചേട്ടന്റെ കാൎയ്യം അച്ചനെ പ്രത്യേകം പറഞ്ഞേൾപ്പിച്ചപ്പോൾ ഞാനും കൂട്ടത്തിലുണ്ടായിരുന്നല്ലോ. എന്നാൽ അതെല്ലാം മറന്നു ഇപ്പോൾ ഏതുവിധമാണ് അച്ചൻ കൊച്ചേട്ടനോട് പെരുമാറുന്നതു്? കഷ്ടം!! ഏതായാലും വല്ല്യപ്പൻ തിരിച്ചുവരുന്നതുവരെ മതിയല്ലൊ.

മേരീ-ഈ സ്ഥിതിക്കു പിതാവിന്റെ പ്രത്യാഗമനംവരെ ഞാൻ ജിവിക്കുമോ എന്നു സന്ദേഹിക്കുന്നു.

ഫ്റാൻ-ഏതായാലും കൊച്ചേട്ടനു സഹായമായി ഞാനുണ്ടു്.

മേരീ-അതു സന്തോഷകരംതന്നെ. ഇത്തരുണത്തിൽ ദൈവസഹായമാണു നമുക്കു അനുപേക്ഷണീയമായിട്ടുള്ളതു്.

ഗീതം—ചിലിതാനോ എ-മ.

ഫ്റാൻ—

ഇണ്ടലൊന്നും വേണ്ടാ മമ സോദരനാം മേരീദാസാ!
യേശുദാസൻ വന്നിടുമ്പോൾ ഖേദമെല്ലാം നീങ്ങീടുമേ.

മേരീ—

ദുഃഖമൊന്നുമില്ലിനിക്കെൻ സോദരനാം പ്രിയ ഫ്രാൻസീ!
പാപിയിവൻ നിർഭാഗ്യവാൻ പാപികൾക്കു ദുരിതംനിത്യം
എന്നെവിട്ടു പ്രിയതാതൻ യാത്ര പുറപ്പെടുംനേരം
ഗണ്ഡങ്ങളിൽ ചുംബിച്ചവൻ ഇപ്പാപിയെ ആശ്ലേഷിച്ചു.
രാജാധിരാജൻ ക്രിസ്തുനാഥാ! നീതാനെനിക്കാലംബം.
ക്രൂരനാകും പിതൃവ്യന്റെ പാണിയിൽ നിന്നെന്നേയ്ക്കുമേ.

(ഒരു ഭൃത്യൻ പ്രത്യക്ഷപ്പെട്ടു ശാസിക്കുന്നു)

ഭൃത്യൻ—കുട്ടികളേ! നിങ്ങൾ എന്തെടുക്കുകയാ? ചിറപ്പൻ നടന്നു നടന്നു തിരക്കി നടക്കുന്നു. ഏളപ്പം ചെല്ല് തമ്മാനം കിട്ടും. പിള്ളേരായാൽ ചൊല്ലുവിളി വേണം. അല്ലാത്തതിനെ കണ്ടാൽ കുളിക്കണം. (പോയി)

ഫ്റാൻ—കൊച്ചേട്ടാ നമുക്കു പോകാം.

മേരീ—ചെന്നാലും കുററം ചെന്നില്ലെങ്കിലും കുററം. രക്ഷാകൎത്താക്കൾ ശിക്ഷിക്കുന്നതിലും കൂടുതലായി രക്ഷിക്കുന്നതിലും ശ്രദ്ധാലുക്കളായിരിക്കും. നിൎഭാഗ്യവശാൽ പിതൃവ്യൻ രക്ഷാപാഠം പഠിച്ചിട്ടില്ല. എന്തു ചെയ്യാം! ജഗദീശാ! എൻെറ അമ്മേ! ഈ നിൎഭാഗ്യവാൻെറ കഥ ഇന്നവസാനിക്കുമെന്നാണു് തോന്നുന്നതു്. (ഇരുവരും പോയി)

കർട്ടൻ.

## രംഗം 2.

(യൂദാസിൻെറ ഭവനം)

(പിതൃവ്യൻ യൂദാസ് ക്രോധിച്ചു് ദണ്ഡപാണിയായി നിൽക്കുന്നു)

യൂദാസ്—എത്ര നേരമായി ഞാൻ ആ അധികപ്രസംഗി ചെറുക്കനെ നോക്കി നിൽപ്പു തുടങ്ങിയിട്ടു്. ആ ദ്രോഹിയെ ഈ പ്രദേശത്തെങ്ങും കാണ്മാനില്ല. അവൻ കണ്ട വീടുതോറും തെണ്ടി നടക്കുകയാണു്. ആരവിടേ?

ഭൃത്യൻ—അടിയൻ.

യൂദാ—മേരീദാസനെവിടെ?

ഭൃത്യൻ—എന്തോ പറയാനാ. അടിയൻ നോക്കി നോക്കി ചെന്നപ്പം കണ്ടില്ലേ ആ കുരുത്തംകെട്ട കൊച്ചു് (തലയിൽ കൈ വച്ചുകൊണ്ടു്) അമ്പോ! അവൻെറ അപ്പൻ കാലു വച്ചിറങ്ങിയതിൽപിന്നീടു വിളച്ചിലാ.

യൂദാ-അവൻെറ ധിക്കാരം ഞാൻ നിറുത്താം. നീ ഇതു് കണ്ടില്ലെ? (വടി കാണിക്കുന്നു)

ഭൃത്യൻ-നേരാ, നേരാ, എന്തിനാ ഇതൊക്കെ എന്നെ കാണിക്കുന്നതു്? അടിയൻ എന്തോ പിഴച്ചിട്ടാ.

യൂദാ-അവൻ എന്തു ചെയ്യുകയായിരുന്നു?

ഭൃത്യൻ-അവനോ കൊള്ളാം! നമ്മുടെ ഓമനക്കുഞ്ഞിനെ പൂന്തോട്ടത്തിൽ കൊണ്ടുപോയി കണ്ട പുരപ്പാട്ടും പതം പൊറുക്കലുമൊക്കെ ചൊല്ലിക്കൊടുത്തു പഠിപ്പിക്ക ആയിരുന്നു.

യൂദാ-ആരെ? നമ്മുടെ ഫ്റാൻസീസിനെയോ?

ഭൃത്യൻ-അതെ, നമ്മുടെ പ്രാഞ്ചിയെത്തന്നെ.

യൂദാ-വെറുതെ അല്ല അവൻ മേരീദാസനോടു പ്രതിപത്തി കാണിക്കുന്നതു്.

ഭൃത്യ—യശമാനനു ഇപ്പഴെ കാര്യം തിരിഞ്ഞൊള്ളോ? പോരെങ്കിൽ അവരു ചേട്ടാനുചൻ മക്കളല്ലേ?

യൂദാ-നീ ശീഘ്രം പോയി മേരീദാസൻ ഇവിടെ വരുവാൻ പറയൂ.

ഭൃത്യൻ-ഇപ്പം വിട്ടേക്കാം. അവൻ ഇത്തിരി കഞ്ഞി മോന്തിക്കോട്ടെ. തള്ളമാക്കറിയാം മക്കടെ വിഴമം. ഒന്നിനെ നോക്കിയിരുത്തിക്കൊണ്ടെങ്ങനാ മററതിനുതന്നെ കൊടുക്കുന്നതു്?

യൂദാ-എടാ! ആ ദ്രോഹിക്കു തൊള്ളി വെള്ളം കൊടുത്തു പോകരുതു് കേട്ടോ?

ഭൃത്യൻ-ഇല്ലേ ഇല്ല. (പോയി)

യൂദാ—(ആത്മഗതം) ജ്യേഷ്ഠൻ തീർത്ഥാടനത്തിനിറങ്ങിയതിൻെറ ശേഷം പുത്രൻ അനുസരണ ഇല്ലാത്തവനായിട്ടാണു് തീന്നിരിക്കുന്നതു്. സഹോദരൻ പ്രത്യാഗമിക്കുമ്പോൾ ഞാൻ അല്ലേ അവൻെറ ദുസ്സ്വഭാവത്തിനുത്തരം പറയേണ്ടതു്? വീട്ടിൽ അടങ്ങിയിരുന്നു വല്ലതും വായിക്കുവാനുള്ളതിനു പകരം അവനു പ്രഭാതത്തിൽ ദേവാലയത്തിൽ പോകണം. പ്രാർത്ഥിക്കണം. എന്തൊരു ഭക്തി! ഭക്തിതന്നെ ഭക്തി! ഈ കപടഭക്തി ആരാണു് അവനെ അഭ്യസിപ്പിച്ചതു്? മററാരുമല്ല. മകനെ ലാളിച്ചതിൻെറ അനുഭവമാണിതു്. തള്ളയില്ലാത്ത പിള്ളയെ ശാസിക്കാതെ വളത്തിയതിൻെറ ഫലം അവൻെറ അച്ഛൻ തന്നെ അനുഭവിക്കും. ഏതായാലും എൻെറ രക്ഷാകർത്തൃത്വ ദിവസത്തോളം

ഞാൻ അവനെ ശിക്ഷിച്ചു തന്നെ വളൎത്തും (പ്രകാശം) മേരീദാസാ! (മേരീ ദാസൻ 'എന്തോ' എന്ന് അണിയറയിൽ നിന്നു വിളികേൾക്കുന്നു.)

യൂദാ—ഇവിടെ വരൂ. (മേരീദാസൻ വേപഥുഗാത്രനായി പ്രത്യക്ഷപ്പെടുന്നു) ഗുരുദ്രോഹീ! എന്താ നിനക്കിത്ര വിറയൽ? നീഎവിടെ ആയിരുന്നു?

മേരീ—പിതൃവ്യാ! ഞാൻ ദൂരെ ഒരിടത്തും പോയില്ല. നമ്മുടെ ഉദ്യാനത്തിൽ നില്ക്കുകയായിരുന്നു.

യൂദാ—അസത്യം പറയുന്നുവോ? നീ ഫ്റാൻസീസിനെ ദൂരെ കൊണ്ടുപോയി അവനു ദുരുപദേശം നല്കുകയല്ലായിരുന്നുവോ?

മേരീ—ഞാൻ ദുരുപദേശം ഒന്നും കൊടുത്തില്ല. അവൻ സ്വയം എന്നെ പിന്തുടൎന്നതാണ്.

യൂദാ—(സാടോപം) എടാ ധിക്കാരീ! കഴിഞ്ഞ രാത്രിയിൽ നിനക്കു കിട്ടിയ പ്രഹരം നീ ഇത്രവേഗം മറന്നു കഴിഞ്ഞോ?

മേരീ—(വിലപിക്കുന്നു) ചിററപ്പാ ഞാൻ നന്നായി ഓൎക്കുന്നു. പ്രഹരശക്തിയാൽ എനിയ്ക്കു നില്ക്കുവാൻ കൂടി ത്രാണിയില്ല.

യൂദാ—ഓഹോ! ആ നീയാണോ ഇന്നും വികൃതിത്തരം കാണിച്ചതു്? നിൻെറ അച്ഛൻ തിരിച്ചുവരുമെന്നു വിചാരിച്ചു നീ ഒട്ടും ഞെളിയണ്ടാ.

മേരീ—ഉടൻ തിരിച്ചെത്തുമെന്നു പറഞ്ഞാണല്ലോ എന്നെ ചുംബിച്ചതു്.

യൂദാ—ആ ചുംബനമാണ് നിന്നെ വഷളാക്കിയതു്. ഇന്നു പ്രഭാതത്തിൽ നീ എവിടെയായിരുന്നു?

മേരീ—ഇന്നു ദൈവജനനിയുടെ തിരുനാൾ ആയിരുന്നതിനാൽ ദേവാലയത്തിൽ പോയി.

യൂദാ—നിൻെറ ദേവാലയസന്ദൎശനം നിറുത്താനാമെന്നു പറഞ്ഞല്ലേ കഴിഞ്ഞ രാത്രിയിൽ ഞാൻ നിന്നെ പ്രഹരിച്ചതു്?

മേരീ—പിതൃവ്യാ! ദേവാലയത്തിൽ പോകുന്നതു് കുററകരമാണോ?

യൂദാ—ധിക്കാരീ! അതു ഞാൻ നിന്നെ പഠിപ്പിക്കാം.

ഗീതം. (ആദിതാളം)

പെരുത്ത നീചനെ, വെറുത്ത ദുഷ്ടാ!
പ്രഹരം നിനക്കു മതിയോടാ, മതിയോടാ,
(പ്രഹരിക്കുന്നു)
ഉദരം നിറയ്ക്കാൻ വന്നീടും നീ
വേല എടുക്കണം നല്ലപോലെ.

പെരുത്ത നീചനെ വെറുത്ത ദുഷ്ടാ!
പ്രഹരം നിനക്കു മതിയോടാ, മതിയോടാ,
ഗോക്കളെ മേയ്ക്കുവാൻ ചൊല്ലുന്നു ഞാൻ
പോകടാ വേഗം വയലിലേയ്ക്കു്.

(മേരീദാസൻ വിലപിച്ചു് നിഷ്ക്രമിക്കുന്നു. ഭൃത്യൻ ചാടി പ്രവേശിക്കുന്നു.)

ഭൃത്യൻ—അയ്യോ! മതി, മതി, മതിയേ മതി, യശമാൻെറ കണ്ണിൽ ചോരയില്ലേ? ഇങ്ങനെ തുടങ്ങിയാൽ കൊച്ചിനെ കുഴിച്ചുമൂടാൻ ഞാൻ മണ്ണു മാന്തണമല്ലോ?

യൂദാ—പോടാ, നിനക്കെന്തു കാര്യം?

ഭൃത്യൻ—ഞാൻ പോണേ പോണു.

യൂദാ—(വിളിക്കുന്നു) ഫ്റാൻസീസ്! ഫ്റാൻസീസ്! (ഫ്റാൻസീസ് വിളി കേൾക്കുന്നു.) മകനേ ഇവിടെ വരു.

ഭൃത്യ—ആ കൊച്ചിനെ തൊടുമോ? അതു എമ്പിള്ള. മേരീദാസനെ ഇല്ലാതാക്കിയാൽ ചേട്ടൻെറ വീതം കൂടെ എടുത്തു മുഴവൻ തട്ടി ഉരുട്ടി മകൻ പ്രാഞ്ചിക്കു കൊടുക്കാമല്ലെ?

യൂദാ—എടാ! നീ എന്തു പറയുന്നു?

ഭൃത്യ—ഒവ്വേ തള്ള മരിച്ചപ്പം പിള്ള തൊട്ടിലാ. പിന്നെ ഈ കൊച്ചുപോത്തൻ കുറെ പുത്തിമുട്ടിയാ ആ കുഞ്ഞു ഇത്രയുമൊക്കെയായതു്. ഇപ്പം വഴിഅമ്പലത്തിലെ ചെണ്ട അല്ലേ? ആക്കുമെടുത്തിട്ടുകൊട്ടാം. (സാടോവം പോയി. ഫ്രാൻസീസു പ്രവേശിച്ചു് സാദരം)

ഫ്റാൻസീസ്—പിതാവേ! നമസ്കാരം.

യൂദാ—കണ്ടാലും അനുസരണയുള്ളപൈതൽ! വത്സാ! നീയും മേരിദാസനും എവിടെയായിരുന്നു?

ഫ്റാൻസീ—കൊച്ചേട്ടൻ ഉദ്യാനത്തിലിരുന്നു കരയുന്നതു കണ്ടപ്പോൾ ഞാൻ അവിടെ ഓടിച്ചെന്നു് കൊച്ചേട്ടനോടു കൂടിയിരുന്നതല്ലാതെ മറെറാരിടത്തും പോയില്ലച്ചാ!

യൂദാ—എന്തെല്ലാം അസഭ്യങ്ങൾ അവൻ നിന്നെ പഠിപ്പിച്ചു?

ഫ്റാൻസീ—ഒന്നുമില്ലച്ചാ! കൊച്ചേട്ടൻ ചീത്തവാക്കു പറഞ്ഞു ഞാൻ കേട്ടിട്ടില്ലാ. പിന്നെ വല്ലപ്പഴും ഞാൻ കളിയായി പറഞ്ഞെങ്കിൽ കൊച്ചേട്ടനെന്നെ ശാസിക്കും.

യൂദാ—എന്തു പാട്ടാണു് നിന്നെ അഭ്യസിപ്പിച്ചതു്?

ഫ്റാൻസീ—ഞാൻ അറിഞ്ഞില്ല ഇതൊക്കെ ആരാണു പറഞ്ഞതു്? കൊച്ചേട്ടൻ കരയുക മാത്രമായിരുന്നു. എങ്ങനെ കരയാതിരിക്കും! അച്ഛൻ എന്നോടു പെരുമാറുന്നതുപോലാണോ കൊച്ചേട്ടനോടു ചെയ്യുന്നതു്? കാര്യം കൂടാതെ എന്തിനാണു് എപ്പോഴും തല്ലുന്നതു്?

യൂദാ—ദ്രോഹീ! നീ എന്നെ കുററപ്പെടുത്തുവാൻ പ്രാപ്തനായോ? (ഫ്റാൻസീസിനെ പ്രഹരിക്കുവാൻ സമീപിക്കുന്നു. ഫ്റാൻസീസ് 'അയ്യോ' എന്നു വിലപിച്ചുകൊണ്ടോടുന്നു. യൂദാസ് അടിക്കുവാൻ അനുധാവനം ചെയ്യുന്നു.)

കർട്ടൻ.

## രംഗം 3.

(ഒരു വയൽപ്രദേശം)

(മേരി ദാസൻ ഗോപാലകവേഷത്തിൽ പ്രത്യക്ഷപ്പെട്ടു് അഭിനയവേദിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു വിലപിക്കുന്നു.)

ഹാ ജഗദീശാ! ഇപ്പാപിയുടെ ദുരിതജീവിതമെന്നവസാനിക്കും!? എന്റെ നാഥേ! നിന്റെ ദാസനിതോ വിധി!?

ഈ ഭയങ്കരമായ വയലുകളിൽ പിതൃവ്യൻെറ ഗോക്കളെ മേയ്ക്കുക എന്നുള്ളത് എന്നാൽ സാധ്യമാണോ? എൻെറ ശരീരം വെയിൽ കൊണ്ടു പൊരിയുന്നു. ക്രമമായി ആഹാരം കഴിച്ച ദിനം തന്നെ വിസ്മൃതമായിരിക്കുന്നു. (പശുക്കളും കാളകളും ബന്ധനവിമുക്തകളായി സഞ്ചരിക്കുന്നതു കണ്ടിട്ട് ഒരുവശത്തേയ്ക്കു സൂക്ഷിച്ചു നോക്കി) കാള, കാളാ, ഇയ്യ, ഇയ്യാ ദൈവമേ! കഷ്ടം!! ആ പാണ്ടിപ്പശുവിനെക്കൊണ്ടു വിഷമിച്ചു. കയറിൽ പിടിച്ചാൽ അത് എന്നെയുംകൊണ്ടു പായും! അയ്യോ! ഗോക്കളെല്ലാം ചിതറിപ്പോയല്ലോ! കരിപ്പ കാളയേ കാണുന്നില്ലാ! കഷ്ടം കൊമ്പിപ്പശു കയറു പൊട്ടിച്ചു!

(അണിയറയിൽ) കാള കാളാ, ആരുടെ കാളയാടാ അത്? വേലി പൊളിച്ചല്ലോ. (കാളകളെത്തിളച്ചുകൊണ്ട് ഒരു കൃഷിക്കാരൻ പാളത്തൊപ്പിയും, ഒരു തുമ്പായുമായി സാടോപം പ്രത്യക്ഷപ്പെടുന്നു)

കൃഷിക്കാരൻ—എടാ തെണ്ടിച്ചെറുക്കാ! വല്ലവൻെറ കഞ്ഞിവെള്ളം മോന്തിക്കൊണ്ടു വെറുതെ ഇരുന്നാൽ മതിയോ? കണ്ടില്ലേ കാള എൻെറ വേലി പൊളിച്ചു വിളവു തിന്നതു്? മഞ്ഞും വെയിലും കളയാതെ കാടു തെളിച്ചു വിത്തു വിതച്ചതു ഞാനാ. കുടം വന്ന ഏത്തവാഴ മുഴവൻ തിന്നുമുടിച്ചു. എടാ! കുരുത്തം കെട്ട തെണ്ടിച്ചെറുക്കാ! ഞാനും കന്നുകാലിയെ തീററി നടന്നിട്ടുണ്ട്. ഈ പഞ്ഞ കാലത്തു് ഇതു കണ്ടാൽ ആരു സഹിക്കും!? എടാ വരത്തപ്പട്ടീ! നിനക്കൊന്നു മേടിക്കാൻ കരുത്തില്ലാ. എങ്കിലുമൊന്നിരിക്കട്ടെ. (കൃഷിക്കാരൻ ഒന്നടിച്ചതിൻെറ ശേഷം അപ്രത്യക്ഷനാകുന്നു. മേരീദാസൻ പ്രഹരമേററു നിലംപതിച്ചു വിലപിക്കുന്നു.)

മേരീ—എൻെറ അമ്മേ! എൻെറ പാപപരിഹാരത്തിനായി ഞാൻ ഇതു കാഴ്ചവയ്ക്കുന്നു.

ഗീതം (ജ്ഞാനപണ്ഡിതമോട്ടിലാൽ എ—മ.)

ആരിവനു പിന്തുണ—ഇന്നീ വയലിൽ—ആരിവ.

ഗോക്കളെ മേയ്ക്കുവാൻ—ഇവ നിന്നു ത്രാണിയില്ലേ
കരുണാ നിറഞ്ഞ താതാ—പാഹിമാം താതാ! ആരിവ

(മൂർഛിച്ചു കിടക്കുന്നു.)

(ഒരടിയാൻ ചോതൻ പ്രവേശിക്കുന്നു.)

ചോതൻ—കാളക്കിടാക്കളും പൈയ്യിടാക്കളും മാടെല്ലാം കുത്തിയിടിച്ചു ആണ്ടെ നാലുപാടും കിടന്നു കൂത്താടണു. ഇതു കണ്ടുകൊണ്ടെങ്ങാനും എനക്കു മാടത്തിൽ കുത്തിയിരിക്കാമോ? ഏൻ ഒരററം മുതൽ പൊളകെട്ടിവരുമ്പം മററെ അററംമുതൽ പൊള പൊളിഞ്ഞുവരുന്നു. പണ്ടെ ഏനക്കറിയാം കൊച്ചുകോയില്ലു വളരെ കെറുവുള്ള തമ്പുരാനാ. മൂക്കേലാ അരിചം ഇരിക്കണെതു. ഇതൊക്കെ കാണുമ്പം ചോതൻ പൊള കെട്ടിയില്ലെന്നും പറഞ്ഞു ഏൻെറ ചെള്ളക്കാ തമ്മാനം കിട്ടണെതു. കളിഞ്ഞ മാതത്തിൽ ഏൻ കുറെ കാച്ചില്ലു കൊണ്ടെ കാളിച്ചുവെച്ചാന്നപ്പം കൊച്ചുതമ്പുരാട്ടി പറഞ്ഞാന്നു. തമ്പുരാൻെറ ഒരു പല്ലു പറിച്ചതിനു അഞ്ചു രൂപാ ചെമ്പുകാശു കൊടുത്താന്നെന്ന്. കളിഞ്ഞ ആളിച്ചെ കോയില്ലു ഏനെ ക്കാണാൻ വന്നാന്നപ്പം ഏൻ പൊള കെട്ടിയില്ലെന്നും പറഞ്ഞു ഏൻെറ രണ്ടു പല്ലു പിളുതു. ഏൻ ഒന്നും കൊടുത്തില്ല. അങ്ങനെ ഇരിക്കുമ്പം കാവലേററാൽ കാത്തില്ലെങ്കിൽ ഇത്തിരി കിളങ്ങുപോലും കടിക്കണ്ടാ. ഇന്നു ഏതു കിടാത്തനാ തമ്പുരാൻെറ പൈക്കിടാക്കളേയുംകൊണ്ടു വന്നതു്? ആ പുള്ള എങ്ങാ പോയി. (ചുററും നോക്കുന്നു. മേരീദാസൻ ക്ഷീണപരവശനായി കിടക്കുന്നതു കാണുന്നു. സൂക്ഷിച്ചു നോക്കുന്നു. അതിശയത്തോടെ അല്പം പുറകോട്ടു മാറിനിന്നു ആചാരം ചെയ്യുന്നു) അയ്യോ! ഇതാരാ! ഉണ്ണിത്തമ്പുരാനാണോ? (സമീപിച്ചു സൂക്ഷിച്ചു നോക്കുന്നു) അയ്യോ! ചക്കരക്കുടംപോലിരുന്ന പുള്ള അല്ലെ ഇതു്? ഏൻെറ തൈവമെ! ഏന്ന് ഒന്നും കാണ്ണണ്ടാ.

(മേരീദാസൻ എഴുന്നേററിരുന്നു ചോതനോടു്)

മേരീ—നിങ്ങൾ ആരാണു്?

ചോത—ഏൻ അടിയാൻ ചോതനാണേ!

മേരീ—എനിക്കു ദാഹിക്കുന്നു.

ചോത—ഇവിടം പണ്ടെ തൊള്ളി വെള്ളം കിട്ടാത്ത ചെങ്ങളങ്ങാട്ടുകുന്നാ. ഏൻെറ വാല്യകാലത്തു ഇവിടം കാടും പൊള്ളയും പിടിച്ചു കുറുക്കനും, ഊളനും, കാടനും, മുള്ളനും, കള്ള

നും, പൂതവും, ചാത്തനും, മൂങ്ങയും, നത്തും, മരപ്പട്ടിയും, ഈ നാഞ്ചക്കിയും കൊണ്ടു നിറഞ്ഞു നട്ടക്കാട്ടുച്ചയ്ക്കു പോലും മനു ച്ചേൻ നടക്കാത്ത കുന്നാന്റ. ഇപ്പളല്ലേ തമ്പുരാനേ! ഇതി ന്റെ ഒക്കെ പാഴ മാറിത്തുടങ്ങിയത്! ഏൻ മാടത്തിൽ ചെ ന്നു ഒരു കരിക്കിട്ടു കൊണ്ടുവരാം.

മേരീ—വേഗം പോയി കൊണ്ടുവരു.

ചോതൻ—എറാൻ (പോയി)

മേരീ—(ആത്മഗതം) ലോകൈക നാഥാ! സച്ചിദാനന്ദ സ്വരൂപാ! കരുണാവാരിധേ! അഗതികളുടെയാലംബമേ! എ ന്നെ കൈവിടരുതേ.

(ചോതൻ കരിക്കുമായി പ്രവേശിക്കുന്നു. മേരീദാസൻ വാങ്ങി കുടിയ്ക്കുന്നു,)

ചോത—ഉണ്ണിതമ്പുരാൻ എന്തിനാ ഇങ്ങാ വന്നത്?

മേരീ—ഞാൻ പശുക്കളെ തീററുവാൻ വന്നു.

ചോത—എന്തപ്പാ! ഇതാണോ പൂലോകം! പടിക്കലെ വാച്ചിപ്പുറത്തു കിടന്നു കഞ്ഞിവെള്ളം മോന്തിണ കിടാങ്ങളെ വിട്ടാണെങ്കിൽ തമ്പുരാൻ ഇത്ര തളരണാന്നോ?

മേരീ—അവക്കിതാകാമെങ്കിൽ പിന്നെ എനിക്കിതു എ ന്തുകൊണ്ടു പാടില്ല?

ചോത—വല്യ തമ്പുരാൻ കെട്ടുമുറുക്കി തൊഴാൻ പോയി ട്ടല്ലേ ഇങ്ങനെ ഒക്കെ ഒണ്ടായത്. തമ്പുരാൻ അറിഞ്ഞാൽ തിട്ട മാ. എനിക്കിതിലെങ്ങും പങ്കില്ല. നോക്കണേ ആരു തകിക്കും! പവിളം പോലിരുന്ന ചുണ്ടും കിറിയും കറുത്തു കരിവാളിച്ചു. കണ്ണു രണ്ടും കുളിഞ്ഞു കുളിഞ്ഞു തൊണ്ണൻ പോലായി. കവി ളു രണ്ടും ഒട്ടി ഒട്ടി പാതാളക്കുഴിപോലായി. ഏൻ ചോതനെ ക്കണ്ടാൽ ഇതിലൊക്കെ എന്തു പേതം!?

മേരീ—അതിരിക്കട്ടെ, പശുക്കളെല്ലാം എവിടെ?

ചോതൻ—ഏൻ എല്ലാത്തിനേയും ഒററ കുററിയേൽ കെ ട്ടി. പോകണവഴി കുറെ വെള്ളം കൊടുത്താൽ പള്ളേ വീത്തു കൊള്ളും.

മേരീ—എനിക്കതിയാത്ത ക്ഷീണമുണ്ടു്. എന്നെ വേന ത്തിൽ കൊണ്ടുചെന്നാക്കണം.

ചോതൻ—ഏൻ ഏററു അക്കാര്യം. വല്യതമ്പുരാൻെറ ഒററപ്പുള്ള അല്ലേ? തിന്നണ ചോറിനു ഏനു നന്ദിയുണ്ടു. കൊച്ചുതമ്പുരാനേ! ഇപ്പം ചോതൻെറ മാടത്തിൽ പോകാം. മൂടാറുമ്പം ഏൻ കോയിക്കൽ കൊണ്ടാക്കാം.

മേരീ—വിരോധമില്ല.

ചോതൻ—(മേരീദാസനെ ഒരു കൈകൊണ്ടു പിടിച്ചെഴുനേല്പിക്കുന്നു. ആത്മഗതം) തള്ള ചത്ത തുക്കം പിള്ള അറിയാതാ വല്യതമ്പുരാൻ വളത്തിയതു്. ഇതാരു തകിക്കും? മേടയിൽനിന്നിറങ്ങി ഇപ്പം ചോതൻെറ മാടത്തിലായി. ഇനി ഇവിടെനിന്നു എങ്ങോട്ടാണോ! തൈവത്തിനറിയാം!!

(മേരീദാസനെ കൂട്ടിക്കൊണ്ടു പോകുന്നു.)

കർട്ടൻ.

# രംഗം 4.

(യൂദാസിൻെറ ഗൃഹം)

(യൂദാസ് ദണ്ഡധാരിയായി വീണ്ടും പ്രത്യക്ഷപ്പെടുന്നു.)

യൂദാ—ആരവിടെ? (ഭൃത്യൻ പ്രത്യക്ഷപ്പെടുന്നു) നീ ഉടൻ പശുക്കളെത്തേടി പുറപ്പെടണം. മേരീദാസൻ എവിടെ എങ്കിലും പോയി തുലയട്ടെ.

ഭൃത്യൻ—മേരീദാസനും പശുക്കളും വന്നുചേന്നു. മുററത്തു കാലുകുത്തിയപ്പഴേ വല്ലതുമിററു മോന്താൻ കൊടുക്കണമെന്നു പറഞ്ഞു.

യൂദാ—നീ അവനു വല്ലതും നല്കിയോ?

ഭൃത്യൻ—എന്തെടുത്തിട്ടു കൊടുക്കാനാ. ഒന്നും കാലമായില്ല. വെള്ളം അടുപ്പത്തിട്ടതേയുള്ളു. ഉച്ചയ്ക്കലത്തേതിൽ വല്ലതും മിച്ചമുണ്ടോയെന്നോക്കുന്നില്ലേ?

യൂദാ—ഞാൻ പ്രത്യേകം കല്പിച്ചല്ലാതെ അവനൊന്നും നല്കിപ്പോകരുത്.

ഭൃത്യൻ—അവനിന്നൊന്നും വേണ്ട. വെച്ചൂപശുവിനു തൊട്ടിയിലിട്ടിരുന്ന പുളിച്ച കാടി മുഴുവൻ തീർത്തു. പള്ള രണ്ടും ശരിക്കു വീർത്തു തവളക്കുഞ്ഞുപോലായി. ഇപ്പം തേനാരായം വിഴുങ്ങിയപോലെ നില്ക്കുന്നു.

യൂദാ—കറക്കുന്ന പശുവല്ലേ അത്? അതിനു ഇനി എന്താണു കൊടുക്കുന്നത്? ശീഘ്രം പോയി മേരീദാസനെ വിളിച്ചുകൊണ്ടു വരു. (ഭൃത്യൻ പോയി)

യൂദാ-(ആത്മഗതം) ഇനിയും അവനെ വച്ചു വാഴിച്ചിട്ടെന്താവശ്യം?

(മേരീദാസൻ വിലപിച്ചുകൊണ്ടു പ്രത്യക്ഷനാകുന്നു. ഭൃത്യൻ പിന്തുടരുന്നു.)

യൂദാ-എടാ ദ്രോഹീ! നീ ആ തൊട്ടിലിൽ കിടന്നതായ കാടി മുഴുവൻ തീർത്തുവോ?

മേരീ—ചിററപ്പാ! (കരയുന്നു) വയലിൽനിന്നു വന്നപ്പോൾ ഉണ്ടായ ദാഹാധിക്യത്താൽ ഞാൻ അല്പം കാടി കുടിച്ചുപോയി.

യൂദാ—(ഭൃത്യനോട്) പശുക്കളെ തിരക്കിപ്പോയ ചാക്കുണ്ണി എവിടെ?

ഭൃത്യൻ—കഞ്ഞി കുടിക്കുന്നു. ഇപ്പോൾ വരും. (ചാക്കുണ്ണി പ്രവേശിക്കുന്നു.)

ചാക്കുണ്ണി—നട്ടുച്ചയ്ക്കു ഞാൻ ഓടിഓടിച്ചെന്നപ്പം, ബോബോപ്പശുവും, കൊമ്പിപ്പശുവും, വെച്ചൂപശുവും, പാണ്ടിക്കാളയും, വണ്ടിക്കാളയും, കരിപ്പക്കിടാവും, മൂരിക്കിടാവും കൂടാതെ നമ്മുടെ ഒററക്കൊമ്പൻ പുള്ളിക്കിടാവു പോലും കാണ്മാനില്ല. ചാക്കുണ്ണിക്കു വേദന കുറച്ചുവല്ലതുമാണൊ? വെയിലൊട്ടും

കളയാതെ പൊരിഞ്ഞു പൊരിഞ്ഞു നടന്നു നോക്കിച്ചെന്നപ്പം കഷ്ടം! എന്തോ പറയാനാ. നമ്മുടെ വേലി പൊളിച്ച് മാടി ടിച്ച് മുണ്ടകപ്പാടത്തു കതിർ വന്ന നെല്ലു മുഴവൻ വെളപ്പി ച്ചു. ഞാൻ പിന്നെ വേറാരുടേം കന്നാലി അല്ലല്ലൊ എന്നോ ത്തടങ്ങി.

യൂദാ—ദ്രോഹി! ഇവൻ എവിടെയായിരുന്നു?

ചാക്കുണ്ണി—അവനോ? നാട്ടുവഴിയിൽ കൂടി ചെവി തുറ ന്നു നടക്കണ്ടാ. അവനു പരമാനന്ദം. എന്തു പറയാനാ. കുടും ബത്തിനുകൂടെ കുറച്ചിലു്.

യൂദാ—പറയു കേൾക്കട്ടെ.

ചാക്കു—അവൻ കരിക്കും കുടിച്ചു കപ്പയും ചുട്ടു തിന്നു അടിയാൻ ചോതൻെറ കരിക്കാടിയും മോന്തി അവൻെറ കുടി ലിൽ കിടന്നു കുംഭകേണ്ണസേവ. എൻെറ ദൈവമെ! കഷ്ടം! ചോതൻ ആരാ! ഇങ്ങനെ ഉള്ളതിനെ തപ്പ്ണ്ടുതന്നെ ചെയ്യ ണം. ഞാൻ ഇനി ഇതിൻെറ കാര്യമൊന്നും അന്വേഷിക്കുക യില്ല. കാര്യം ചാക്കുണ്ണിക്കു കുശിനിയിലാ ഉദ്യോഗമെങ്കിലും നല്ല ജാത്യഗുണമുള്ളവനും നല്ല തറവാട്ടുകാരനുമാ.

യൂദാ—എടാ ദ്രോഹീ! നീ എന്തപമാനമാണ് കുടുംബ ത്തിനു വരുത്തിയിരിക്കുന്നതു്? (പ്രഹരിക്കുവാൻ ഭാവിക്കുന്നു)

മേരീ—എൻെറ പൊന്നു ചിററപ്പാ! എന്നെ പ്രഹരിക്ക രുതേ. മദ്ധ്യാഹ്നത്തിലെ ആതപമേററു ഞാൻ തളന്നപ്പോൾ ചോതൻ ഒരു കരിക്കു തന്നു. അതു പാനംചെയ്തപ്പോളുണ്ടായ ക്ഷീണത്താൽ ഞാൻ അറിയാതെതന്നെ അവൻെറ മാട ത്തിൽ കിടന്നു മയങ്ങിപ്പോയി.

യൂദാ—നിൻെറ കഥ ഞാൻ ഇപ്പോൾ തീത്തേക്കാം.

മേരീ—എൻെറ ചിററപ്പാ! (യൂദാസിനെ കെട്ടിപ്പിടിക്കു ന്നു) ദൈവത്തെ ഓത്തു എന്നെ പ്രഹരിക്കരുതെ!

യൂദാ—എടാ ദ്രോഹീ! നീ എന്നെ സ്പർശിച്ചുപോകരുതു്. (മേരീദാസനെ പിടിച്ചു മാററുന്നു.)

മേരീ–(വിലപിക്കുന്നു) എൻെറ ചിററപ്പാ! പൊന്നു ചിററപ്പാ! എന്നെത്തല്ലരുതേ!

യൂദാ—അതേടാ നിൻെറ വാക്കു ശ്രവിച്ചാൽ ആരും മയങ്ങും. (മേരീദാസൻ നിലത്തു വീഴുന്നതുവരെ പ്രഹരിക്കുന്നു) ഹാ—ഹാ (ചിരിക്കുന്നു) നിൻെറ കള്ളത്തരം. വടി ഓങ്ങിയാലുടൻ കിടക്കും. നിന്നെ ഞാൻ മര്യാദ പഠിപ്പിക്കാം. (യൂദാസും ഭൃത്യന്മാരും പോയി. മേരീദാസൻ മെല്ലെ ഒരു കരം നിലത്തൂന്നി എഴുന്നേററിരുന്നു വിലപിക്കുന്നു.)

ഗീതം—(നാദബിന്ദുകലാദി എ. മ.)

രക്ഷയിവന്നു നീ നാഥേ! നമോ നമോ
കന്യകമേരിയമ്മേ! നമോ നമോ
ജന്മപാപ വിമുക്തേ! നമോ നമോ
രാ–ജ–സ്ത്രീ–യേ.

ആർത്തത്രാണെ നിപുണേ! നമോ നമോ
പ്രാണൻ വേർപെടുംനേരം നീയേ തുണ
ലോകൈകരാജ്ഞി നാഥേ! ഇവനയ്യോ
ക–ന്നീ–അ–മ്മേ.

ഈ പ്രപഞ്ചത്തിൽ രണ്ടാഗ്രഹം മാത്രമേ ഇപ്പാപിയ്ക്കുള്ളു. അതിലൊന്ന് സ്വന്തം ഇടവക ദേവാലയത്തിൽ സ്ഥാപിക്കുവാൻ പോകുന്ന ദൈവമാതാവിൻെറ "സൊഡാലിററി"യിൽ ഒരംഗമായി ചേൎന്നു മരിക്കണമെന്നുള്ളതും, മറേറത്് മരണത്തിനു മുമ്പായി പ്രിയ താതൻെറ പുത്രവാത്സല്യം കളിയാടുന്ന സുസ്മേരവദനം ഒരിക്കൽക്കൂടി വീക്ഷിക്കണമെന്നുള്ളതുമത്രെ. മാതാവേ! അമലോത്ഭവേ! ഈ വിനീതദാസൻെറ അഭിലാഷം അവിടുന്നു സകരുണം ഫലപ്രാപ്തിയിലാക്കിത്തീൎക്കേണമേ. (സ്ഥലം ഇടവകപ്പള്ളിയിലെ വികാരി അച്ചനും ഉപദേശിയും പ്രവേശിക്കുന്നു. മേരീദാസൻ വൈദികനെ അഭിവന്ദിക്കുന്നു.)

മേരീ—ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. (സ്തുതി ചൊല്ലുന്നു) ബഹുമാനപ്പെട്ട അച്ചൻ സദയം ആ കസാലയിൽ

ആസനസ്ഥനാകണമെ. (വൈദികൻ സമീപത്തു കിടക്കുന്ന കസാലയിൽ ഇരിക്കുന്നു.)

വൈദികൻ—മേരീദാസാ! നീ എന്താണു് ദുഃഖിതനായി കാണപ്പെടുന്നതു്?

മേരീ—വന്ദ്യഗുരോ! (അശ്രുക്കൾ പൊഴിയുന്നു) ഞാൻ ആഹാരം കഴിച്ച ദിനം തന്നെ വിസ്മൃതിയിലായിരിക്കുന്നു. പിതൃവ്യൻെറ ശക്തിമത്തായ മർദ്ദനത്താൽ എൻെറ ഗാത്രം ക്ഷീണപരവശമായിരിക്കുന്നു.

വൈദി—കഷ്ടം! ആ മനുഷ്യന് ഒരു ഹൃദയമുണ്ടെങ്കിൽ ഈ ബാലനോടിത്തരത്തിൽ ക്രൂരമായി എങ്ങനെ വർത്തിക്കും. നീചനായ ഫറവോൻെറ ഹൃദയം പോലെ അയാളുടെ മനസ്സ് അനുദിനം സീനായിലെ പാറയായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണു്. (വൈദികൻ സമീപവർത്തിയായ ഉപദേശിയുടെ കൈയിൽ പണമെടുത്തുകൊടുക്കുന്നു) നീ പോയി ഭക്ഷ്യപദാൎത്ഥങ്ങൾ ക്ഷണം വാങ്ങിക്കൊണ്ടു വരിക. നിഷ്ക്കണ്ടകനായ ആ യൂദാസ് അറിയരുതു്. (ഉപദേശി പോകുന്നു) യൂദാസ് താൻ ഒരു പ്രഭുവാണെന്നു അഹങ്കരിക്കുന്നു. ആ മനുഷ്യൻ ദൈവാലയത്തിലേക്കുള്ള വഴി തന്നെ മറന്നിരിക്കുന്നു. വാൎഷിക പാപസങ്കീൎത്തനം മുടങ്ങിയിട്ടു വർഷം പത്തു കഴിഞ്ഞിരിക്കുന്നു. ഇതര അസന്മാൎഗ്ഗിക ജീവിതാഭിവാഞ്ഛയും അയാളിൽ തഴച്ചുവളൎന്നിരിക്കുന്നതിനാൽ വിളംബം വിനാ തിരുസ്സഭാസീമയിൽ നിന്നും ബഹിഷ്ക്കരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. (മേരീദാസനോടു്) പിതൃവ്യനിൽനിന്നു എത്രകണ്ടു ദുരിതം കൈവരിക്കേണ്ടി വന്നാലും മകനേ! നീ ദൈവത്തെ ഉപേക്ഷിക്കരുതു്. "Ad Jesum per Mariam" മറിയം വഴിയായി നീ ഈശോയുടെ സാമീപ്യം പ്രാപിക്കുക. നിൻെറ പാദങ്ങൾ ഇടറാതെ ആ കരുണാനിധിയായ അമ്മ നിന്നെ നയിച്ചുകൊള്ളും. (ഉപദേശി ഭക്ഷ്യപദാർത്ഥങ്ങൾ കൊണ്ടുവന്നു വയ്ക്കുന്നു.)

വൈദി—മകനെ! ഭക്ഷിച്ചാലും. (മേരീദാസൻ ഭക്ഷിക്കുന്നു.)

മേരീ—അടുത്ത ഞയറാഴ്ചയാണല്ലൊ ദൈവജനനിയുടെ "സൊഡാലിററിയി"ലേക്കു പുതിയ അംഗങ്ങളെ തിരിഞ്ഞെടുക്കുന്നത്. പിതാവേ! എന്നെക്കൂടി ആ വിശിഷ്ടസംഘത്തിലേക്കു സ്വീകരിക്കുവാൻ ദയയുണ്ടാകണമെ.

വൈദി—മേരീദാസാ! ഒരു സൊഡാലിററി അംഗമാകുവാൻ അവശ്യം വേണ്ട യോഗ്യത നിനക്കുണ്ടെന്നു എനിക്കു പരിപൂർണ്ണ ബോദ്ധ്യമുള്ളതിനാൽ ഞാൻ നിന്നെക്കൂടി സ്വീകരിക്കാം. മകനേ! നിന്നോട് അല്പംകൂടി സംസാരിക്കുവാൻ എനിക്കഭിലാഷമുണ്ട്. പക്ഷെ ഇപ്പോഠം സമയം ഒട്ടും അനുവദിക്കുന്നില്ല. ഞാൻ പോയി നിൻെറ പിതൃവ്യനെ ഒരിക്കൽകൂടി ഉപദേശിച്ചുനോക്കട്ടെ. (എഴുന്നേല്ക്കുന്നു)

മേരീ—പിതാവെ! അവിടുന്നു എന്നെ ആശീർവ്വദിക്കണമെ. (മുട്ടുകുത്തുന്നു. വൈദികൻ അനുഗ്രഹിച്ചു നിഷ്ക്രമിക്കുന്നു. ഭൃത്യൻ പ്രത്യക്ഷപ്പെട്ടു ശകാരിക്കുന്നു.)

ഭൃത്യൻ—എത്ര നേരമായി വിളമ്പി വെച്ചോണ്ടിരിക്കാൻ തുടങ്ങിയിട്ട്. ചിററപ്പൻ വന്നാൽ കുഞ്ഞിനെ ഊട്ടിയേ വിടത്തുള്ളു. വെക്കം വന്നാൽ നിനക്കിററു വല്ലതും മോന്താം. ഊരെങ്കിലും കിടക്കട്ടെ. (ഭൃത്യൻ മേരീദാസനെ ഒരു കൈക്കൊണ്ടു പിടിച്ചു വലിച്ചുകൊണ്ടു പോകുന്നു.)

കർട്ടൻ.

---

## രംഗം 5.

(യൂദാസിൻെറ മന്ദിരം)

(കോപാക്രാന്തനായി യൂദാസ് പ്രവേശിക്കുന്നു)

യൂദാസ്—എന്തു ഗ്രഹപ്പിഴയാണിത്. സൈ്വരമായി ജീവിതം നയിക്കുവാൻ അദ്ദേഹം അനുവദിക്കുന്നില്ല. ഉപദേശംതന്നെ ഉപദേശം. ആ വികാരി അച്ചനു വേറൊരു തൊഴി

ലൊന്നുമില്ലെന്നു തോന്നുന്നു. എന്നെ ഉപദ്രവിക്കരുതെന്നു ഞാൻ അദ്ദേഹത്തോടു പല പ്രാവശ്യം പറഞ്ഞിട്ടും അതു ഗണിക്കാതെ "എൻെറ മകനേ, എൻെറ മകനേ" എന്നു പറഞ്ഞു അതാ പ്രഭാതത്തിൽ വന്നുകഴിഞ്ഞു. അദ്ദേഹത്തെക്കാൾ ജ്യായനാണു ഞാൻ എന്നു അച്ഛൻ സ്മരിക്കുന്നില്ല. യാതൊരു വിവേകവുമില്ലാതെ കഷ്ടം! എന്നെ 'മകനേ' എന്നാണ് സംബോധന ചെയ്യുന്നത്. ആ് വിളി കേട്ടാൽ വാത്സല്യഹൃദയം കവിഞ്ഞൊഴുകുന്നതായി തോന്നും. എൻെറ മുറിയിൽ പ്രവേശിച്ച് ഇരിക്കുകയാണ്. അവിടെ ഇരുന്നു ആരോടെങ്കിലും ഉപദേശിക്കട്ടെ. ഞാൻ അച്ഛനെ കണ്ടപ്പഴെ സ്തുതിയും ചൊല്ലി കടവും വീട്ടി ഇങ്ങോട്ടു പോന്നു.

കേട്ടോ ഒരു മുടക്കു കല്പന അദ്ദേഹത്തിൻെറ പക്കൽ ഉണ്ടു പോലും. അപ്രകാരം ഉണ്ടെങ്കിൽ തന്നെ എന്താണ്. ഈ ഓലപ്പാമ്പിട്ടു ഭയപ്പെടുത്തിയാലുണ്ടോ ഈയുള്ളവൻ ഭയപ്പെടു. ആരൊക്കെ എന്നെ മുടക്കിയാലും എനിക്കൊരു കൂസലുമില്ല. ചിലരൊക്കെ പറയുന്നു; ആത്മാവിനു നിത്യനാശമുണ്ടാകുമെന്ന്. ആത്മാവ്! ആത്മാവിനെ ആരു കണ്ടിരിക്കുന്നു. ഇക്കാലത്തു ദൈവമില്ലെന്നു പറഞ്ഞു എത്ര കുയുക്തികരം പ്രസംഗിക്കുന്നു. അതു കേൾക്കുന്ന ഏതു മനുഷ്യനാണ് അതിൽ വിശ്വസിക്കാത്തത്. എന്നെപ്പോലെ അല്പമെങ്കിലും ജ്ഞാനം സിദ്ധിച്ച ഒരാൾക്കു ആ നവീനാശയങ്ങളിൽ നമ്രശിരസ്സാകാതിരിക്കുവാൻ സാധ്യമല്ല. ശരീരം ക്ഷണഭംഗുരമെന്നു പറഞ്ഞു ആ വൈദികൻ എന്നെ ഭയപ്പെടുത്തുന്നു. കുരങ്ങിൻെറ കൃക പിണ്ഡമെടുത്തു സ്വ ശരീരത്തിൽ കുത്തിവച്ചാൽ അനവധി കൊല്ലത്തേയ്ക്കു് നിത്യയൗവനാവസ്ഥ സിദ്ധിക്കുമെന്നു ഒരു ഡോക്ടർ കണ്ടുപിടിച്ചതായി പത്രത്തിൽ കാണുകയുണ്ടായി. അതിനാൽ സുഖാനുഭവപരിണാമത്തിൽ ഇനി ക്ലേശിക്കേണ്ടതായിട്ടില്ല.

വാർഷീക കുമ്പസാരം കഴിക്കുന്നില്ലെന്നുള്ളതാണ് എൻെറ പേരിലുള്ള പ്രധാനാപരാധം. പാപമുള്ളവരല്ലെ കുമ്പസാരിക്കേണ്ടതു്. എൻെറ മനഃസാക്ഷിക്കു വിരുദ്ധമായി ഞാനൊന്നും

ചെയ്യുന്നില്ല. അന്തക്കരണാനുസരണമത്രെ ഞാൻ പ്രവൎത്തിക്കു ന്നതു്. അതല്ല, ഇതിൽ നിൎബന്ധമെങ്കിൽ പ്രതിദിനം കുമ്പ സാരിക്കുന്ന ഭക്തർ എന്റെ പേൎക്കുകൂടി ഒന്നു കുമ്പസാരിച്ചു കൊള്ളട്ടെ. അതല്ലെ സഹോദരസ്നേഹം. എന്റെ മനോനൈൎമ്മ ല്യത്തിനായി ബഹുമാനപ്പെട്ട വൈദികനും ഉപദേശിയും പോ രെങ്കിൽ കപ്യാരും കൂടി മുട്ടിൽനിന്നു പ്രാൎത്ഥിക്കുന്നു എന്നാണു് പറയുന്നതു്. അതുകൊണ്ടു് അവരുടെ മുട്ടു പൊട്ടുന്നതല്ലാതെ മററു ഗുണമെന്തെങ്കിലുമുണ്ടാകുമെന്നു തോന്നുന്നില്ല. വിത്തല്ലാ തെ വൃക്ഷം മടിയിൽ വയ്ക്കാറുണ്ടോ?

വിശുദ്ധ മോനിക്കാ പ്രാൎത്ഥിച്ചതിന്റെ ഫലമായിതന്റെ പുത്രൻ അഗസ്തീനോസ് മാനസാന്തരപ്പെട്ടു് ഒരു മെത്രാനും വലിയ പുണ്യവാനുമായി പരിണമിച്ചു എന്നു കേട്ടിട്ടുണ്ടു്. അതു പോലെ പ്രാൎത്ഥനകൊണ്ടു ഞാൻ മാനസാന്തരപ്പെടുമെന്നാണു് അവരുടെ ആശ. കൊള്ളാം, കൊള്ളാം, പക്ഷെ അതു സാധി ച്ചേക്കും. എന്നാൽ ഇപ്പോൾ പ്രാൎത്ഥിക്കുന്നവരെല്ലാം വിശുദ്ധ മോനിക്കായല്ലെ. കഷ്ടം! എന്തു പറയുന്നു. ആ വികാരിഅച്ചനു വല്ല സ്ഥലം മാററവും വന്നിരുന്നെങ്കിൽ ഈയുള്ളവനു സ്വസ്ഥ ത ലഭിക്കുമായിരുന്നു. ആരവിടേ?

ഭൃത്യ—അടിയൻ.

യൂദാ—മേരീദാസനെവിടെ?

ഭൃത്യ—ഞാൻ നിലവറയിലിട്ടു പൂട്ടിയിട്ടിരിക്കുകയാ.

യൂദാ—അതു വളരെ നന്നായി. നീ തന്നെ സമൎത്ഥൻ.

ഭൃത്യ—അതിപ്പളേമനസ്സിലായൊള്ളൊ. ഞാൻ ഈപൂണ്ടം പണി പണിയുകയും വേണം. ചിലപ്പോഴൊക്കെ കാൎയ്യം കാ ണാൻ ഞാൻ സമൎത്ഥനാണെന്നു കേൾക്കയും വേണം. എന്തി നാ ഇതൊക്കെ. അവസാനം ചവിട്ടുംതൊഴിയും. വല്ലതുമാകട്ടെ. അതു കൊണ്ടേക്കാം. എന്നാൽ മാസക്കണക്കു തീൎക്കുമ്പം ശമ്പ ളത്തിനു പുറമെ ഇത്തിരി പോത്തന്റെ കയ്യീന്നുകൂടി എടുത്തു മുടക്കണം. കറിക്കുപ്പേറിയാലും പിഴ. കുറഞ്ഞാലും പിഴ. കുറ ഞ്ഞില്ലെങ്കിലും പിഴ. മുളകരച്ചാലും പിഴ, അരച്ചില്ലെങ്കിലും

പിഴ. എന്റെ തമ്പുരാനേ! (തലയിൽ കൈവച്ചു യൂദാസിനെ ഒന്നു നോക്കിക്കൊണ്ടു്) ഇങ്ങനെ പിഴച്ച ആളുണ്ടോ?

യൂദാ—നീ സമൎത്ഥനാണെന്നു ഞാൻ പറഞ്ഞില്ലേ?

ഭൃത്യ—എന്തിനാ വെറുതെ ഇതൊക്കെ പറയുന്നതു്. മിനി ഞാനൊന്നു ഓൎക്കുന്നില്ലേ, ഞാൻ സമൎത്ഥനായിട്ടാണോ ചന്തയിൽനിന്നു വാങ്ങിച്ച വെണ്ടക്കാ മൂത്തതല്ലെന്നും പറഞ്ഞു് എന്റെ പിടലിയുടെ വണ്ണംനോക്കിയതു്. അന്നേരം എന്റെസാമൎത്ഥ്യം എടുത്തിരുന്നെങ്കിൽ ഇവിടെ കാണുകയില്ലായിരുന്നു.

യൂദാ—(കുപിതനായി) നീ എന്തു ചെയ്യുമായിരുന്നു.

ഭൃത്യ—ഞാനോ-കൊള്ളാം ഒററ ഓട്ടം കൊടുത്തിരുന്നെങ്കിൽ പിന്നെ കാണാൻ കിട്ടുമോ? ഓൎക്കുന്നില്ലേ. ഓട്ടത്തിനൊടുക്കത്തെ തമ്മാനം....

യൂദാ—നീ താൻ മഹാ മൂഢൻ.

ഭൃത്യ—വേണ്ടാ വേണ്ടാ ഒരു കാൎയ്യം പറഞ്ഞേക്കാം. എന്റെ എരട്ടപ്പേരൊന്നും പറയണ്ടാ.

യൂദാ—നിന്റെ "ഫൈൻ" എല്ലാം തിരിച്ചുതന്നേക്കാം.

ഭൃത്യ—ഫയിൻ തന്നെയോ, ശമ്പളം കൂടി കിട്ടണം. ഇതു ഊരു ഉപേക്ഷിച്ചു നീയുടെ മുമ്പിൽ നിന്നു വിറകുന്തിയതാ·

യൂദാ—ആകട്ടെ, ശമ്പളത്തിനുപുറമെ ഒരു സമ്മാനം കൂടി തരാം. നീ ഒരു ധീരകൃത്യം ചെയ്യണം.

ഭൃത്യ—വെറുതെയാണോ പോത്തൻ സമൎത്ഥനായതു്. എന്നെക്കൊണ്ടൊരു കാൎയ്യം കാണാനുണ്ടു്. ഇതല്ലേ ഞാൻ നേരത്തെ പറഞ്ഞതു്. ഏതായാലും ഞാൻ ചെയ്തേക്കാം. ശമ്പളമുള്ളതു് ഇപ്പഴെങ്കിലും കൈയ്യിൽ തരണം. അല്ലെങ്കിൽ എനിക്കറിയാം പിന്നെ എന്നതു നടപ്പില്ല.

യൂദാ—നിനക്കെന്തു വരുവാനുണ്ടു്?

ഭൃത്യ—ഏതായാലും തന്നതു് ഓൎക്കുന്നുണ്ടല്ലോ. വരാനുള്ളതിനേ മറവിയുള്ളല്ലൊ. കണക്കു പറഞ്ഞാൽ കുറെ കാണും. ഞാൻ ഒന്നും പറയുന്നില്ല. വല്ലതുമാകട്ടെ എട്ടുരൂപാ തന്നേരു്.

യൂദാ— ഇതാ പിടിക്കു. സമ്മാനമുൾപ്പടെ പത്തു രൂപയുണ്ടു്. (ഒരു നോട്ടെടുത്തു കൊടുക്കുന്നു.)

ഭൃത്യ—എൻെറ ദൈവമെ! (വാങ്ങുന്നു) ഇതാരു ചാകാനാണോ.

യൂദാ—നീ ആരുമറിയാതെ മേരീദാസനെ നിലവറയിലിട്ട് അപായപ്പെടുത്തണം.

ഭൃത്യ—എൻെറ അപ്പാ! (തലയിൽ കൈ വയ്ക്കുന്നു) ഞാനതിനു പങ്കില്ല. ആ കുഞ്ഞു എന്തു പ്രവൎത്തിച്ചിട്ടാ. അവൻെറ വീതം കൂടി തട്ടിയെടുത്തു മകൻ ഫ്രാഞ്ചിക്കു കൊടുക്കണമല്ലൊ. പിന്നെ, ഞാൻ പറയാനുള്ളതു നേരത്തെ പറഞ്ഞേക്കാം. ഇങ്ങനെ ഒക്കെ കടുംകൈ പ്രവൎത്തിച്ചാൽ ഉണ്ണാൻ ഒക്കിയേല.

യൂദാ—രഹസ്യമായി സംസാരിക്കു.

ഭൃത്യ—ഏതായാലും കുഞ്ഞിൻെറ വീതം കൂടി തട്ടിയെടുത്താൽ മതിയല്ലൊ. അതിനിതൊന്നും വേണ്ട. അവനെ വല്ല കങ്കാണിമാൎക്കും പിടിച്ചുകൊടുത്താൽ അവർ തോട്ടത്തിൽ കൊണ്ടുപോയി നന്നായിട്ടു പണിയിച്ചു ശരിപ്പെടുത്തിക്കൊള്ളും. ഞാൻ കാണുന്നവരോടൊക്കെ പറഞ്ഞേക്കാം അവനു "ഏടപ്പുദീനം" പിടിപെട്ടു മരിച്ചുപോയെന്ന്. എന്താ.

യൂദാ—ഭേഷ് ഇതു തന്നെ പററിയ തന്ത്രം. നീ വേഗത്തിൽ പോയി ഒരു കങ്കാണിയെ വിളിച്ചുകൊണ്ടുവരു. സംഗതി വളരെ രഹസ്യമായിരിക്കണം.

ഭൃത്യ—ഉടൻ കൊണ്ടുവന്നേക്കാം. (പോയി)

യൂദാ—(ആത്മഗതം) ഇതു് പററിയ തന്ത്രം തന്നെ. ഒരു കങ്കാണിക്കു വിട്ടുകൊടുത്താൽ രണ്ടുമാസത്തിനകം ജോലിചെയ്തു മൃതിയടഞ്ഞുകൊള്ളും. അല്ലെങ്കിൽ ഏതുവിധേന എങ്കിലും അവനെ ഇല്ലാതാക്കാം. പോരെങ്കിൽ നമുക്കു കുറെ ദ്രവ്യവും പിടുങ്ങാം. യേശുദാസൻ വരുമ്പോൾ മകൻ മൃതിപ്പെട്ടു എന്നു പറഞ്ഞാൽ ആ സാധു സന്യാസി വിശ്വസിക്കുകയും ചെയ്യും.

(തോട്ടം കങ്കാണി പ്രവേശിക്കുന്നു. യൂദാസിനെ വണങ്ങുന്നു.)

യൂദാ—നിങ്ങൾ ആരാണ്?

കങ്കാ—പീരുമേട്ടിലേ തേയിലത്തോട്ടമിരിക്കുന്ന തിരിയുമാ, യാൻ, അപ്പേർപ്പെട്ട തോട്ടത്തിലെ വേലൈക്കാർകളൈ ശേഖരിക്കക്കൂടിന ഓർ കങ്കാണി.

യൂദാ-നിങ്ങൾക്കു കൂലിക്കാരെക്കൊണ്ടുള്ള ആദായമെന്തു്?

കങ്കാ—അതിലെ കിടക്കക്കൂടിനതു കൈരമ്പ കുറൈപ്പ്പി കളരിക്കറുതു്.

യൂദാ—എങ്കിലും കേൾക്കട്ടെ.

കങ്കാ—ഒരു വേലൈക്കാരനുക്കു് മുതലാകവെ ഐന്തുരുപാ കമ്മീഷൻ കിടയ്ക്കും. ഒരു തലൈക്കു് ഒരുനാൾ ഒരണ വയ്ത്തു എത്തിനെപേർ ഇരിക്കിനാർകളോ അത്തനയ്യും പേർകൾക്കു കിടയ്ക്കും.

യൂദാ—ഞാൻ ഒരാളെ വീട്ടുതരാം. നമുക്കെന്തുതരും?

കങ്കാ—വേലയിലെ കട്ടിയക്കാരനാനാൽ അവനുക്കു കിടയ്ക്കക്കൂടിന കൂലിയിലെ ഒരംശം യശമാനനുക്കു തന്തുടലാം.

യൂദാ—കമ്മീഷൻ രൂപാ ആദ്യം തരുമോ?

കങ്കാ—കമ്മീഷൻ എനക്കു കിടയ്ക്കവേണ്ടിയതു അതു തങ്കളക്കു കൊടുത്താൽ നമതു പൊണ്ടാട്ടീ പുള്ളെകളെല്ലാം എൻ വായിലെ മണ്ണുവാരി പോട്ടുർട്ടാൻ എന്നു പേശുവാർകൾ.

യൂദാ—എന്നാൽ കമ്മീഷൻ നിങ്ങൾ എടുത്തുകൊൾക. മാസം മാസം അവന്റെ കൂലിയായി ലഭിക്കുന്ന തുക നമുക്കു നേരിട്ടയച്ചുതരാമോ?

കങ്കാ—ഇപ്പടി ശൊന്നാൽ വേലൈക്കാർകൾക്കു എന്തു വിധമാഹ ആഹാരം കൊടുപ്പതു?

യൂദാ—ഭക്ഷണം അധികമൊന്നും നൾകണ്ടാ. ദിവസം രണ്ടു ചക്രത്തിന്റെ വക വല്ലതും നൾകിയാൽ മതി.

കങ്കാ—അവൻ ശത്തുപോനാൽ യാർ ഉത്തരം ചൊൽവാർകൾ.

യൂദാ—നിങ്ങളാരും ഉത്തരം പറയണ്ടാ.

കങ്കാ-അനാൽ ശരി. എന്നവും ശെയ്യുറേൻ.

യൂദാ—അവന്റെ ആറു മാസത്തെ ശമ്പളമെങ്കിലും മുൻപേ കിട്ടണം.

കങ്കാ—വേലൈക്കാറനൈ പാത്താൽ കര്യമെല്ലാം ശൊല്ലുറേൻ.

യൂദാ—ആരവിടെ?

(ഭൃത്യൻ പ്രവേശിച്ച്) അടിയൻ.

യൂദാ—നീ പോയി ഉടൻ നമ്മുടെ കൂലിയെ ഇവിടെ കൊണ്ടുവരു.

ഭൃത്യ—ഏതു കൂലി? എന്തു കൂലി?

യൂദാ—എടാ മറയാ! മേരീദാസൻ.

ഭൃത്യ—എൻെറ ദൈവമെ! (പോയി മേരീദാസനെ കൊണ്ടുവരുന്നു. ഫ്രാൻസിസും പ്രവേശിക്കുന്നു.)

യൂദാ-(മേരീദാസനെ കാണിച്ചുകൊണ്ട്) ഇതാ നില്ക്കുന്നു നോക്കണം.

കങ്കാ-(സൂക്ഷിച്ചു നോക്കുന്നു) ഒരു നോട്ടത്തുക്കു തേവലെ. ആനാലും കള്ളപ്പയ്യൻ. അവൻ വേലയെടുത്ത ലക്ഷണമെ കാണവല്ലൈ.

യൂദാ-സേവകാ നീ കേട്ടുവോ?

ഭൃത്യ-കേട്ടു, കേട്ടു, (തല കുലുക്കുന്നു) ഇനി എന്തൊക്കെ കേൾക്കാനിരിക്കുന്നു. ഇതൊക്കെ കേൾക്കുന്നതിനു മുമ്പ് എൻെറ ഊരു് എൻെറ ദൈവമെ! അങ്ങ് എടുപ്പിച്ചേക്കണേ. വെറുതെയാണോ ഭൂമികുലുക്കമുണ്ടാകുന്നതു്. എത്രയോ നല്ല ആളുകൾ മണ്ണിനടിയിലായി.

യൂദാ-(മേരീദാസനോട്) എടാ മാറി നില്ക്ക്. നിനക്കെന്താ ഒരു പരിഭ്രമം.

മേരീ-ചിററപ്പാ! (വിലപിക്കുന്നു) എന്നെ എന്തു ചെയ്യുവാൻ പോകുന്നു?

യൂദാ--(കങ്കാണിയോട്) എന്തു് ആദായം മാസം നമുക്കു ലഭിക്കും?

കങ്കാ-സബാഷ്! ഇവനുക്കു ശാപ്പാടു കിട്ടുമോ എന്നു സന്ദേഹം. പിറന്നതുക്കു ശേഷം ഇവൻ വേലയെടുത്തതെ കിടയാതു. യാരോ ശെൽവത്തിലെ വളത്തിനതു. എപ്പടിയാനാ

ല്യം എൻ കയ്യിൽനിന്നാവതു രണ്ടു രൂപൈ എടുത്തു യശമാന നക്കു അയക്കലാം.

യൂദാ-അതു പോരാ. ഒന്നുമില്ലെങ്കിലും മാസം മൂന്നു രൂപാ വീതം എൻെറ സേവകനു ഞാൻ നല്കുന്നുണ്ടു്. അതെങ്കിലും ലഭിച്ചില്ലെങ്കിൽ നമുക്കു യാതൊരു മുതലുമില്ല.

ഭൃത്യ-നേരാ, നേരാ, എൻെറ ദൈവമേ! മൂന്നു രൂപാ പോയിട്ടു് മൂന്നു ചക്രം വഴക്കു പറയാതെ തന്നിരുന്നെങ്കിൽ മതിയായിരുന്നു.

കങ്കാ-എപ്പടി ആനാലും ഒരു മാസത്തെ രൂപാ ഇപ്പൊഴു കൊടുക്കിറേൻ.

യൂദാ-വല്ലതുമാകട്ടെ. ഉള്ളതു തന്നേയ്ക്കു. ഈ സേവകൻ ഇരുത്തിപ്പൊറുപ്പിക്കയില്ല. (കങ്കാണി രണ്ടു രൂപാ എടുത്തു കൊടുക്കുന്നു. യൂദാസ് രൂപാ വാങ്ങിച്ചു അടിച്ചുനോക്കിയതിൽ ഒന്നിനു സ്വരക്കുറവുണ്ടെന്നു സംശയിച്ചു തിരിച്ചു കൊടുത്തു വേറെ രൂപാ വാങ്ങിക്കുന്നു.)

ഭൃത്യ-എൻെറ ദൈവമെ! സ്വന്തം ചോരയല്ലെ കാശു വാങ്ങിക്കുന്നതു്. (വിലപിക്കുന്നു) ഇതൊക്കെ ഈയുള്ളവനും കാണാൻ ഇടയായല്ലൊ. ഇതു വെച്ചുണ്ണാൻ ഇടവരുമോ? രണ്ടായാലും എനിക്കിതിൽ പങ്കില്ല.

യൂദാ-പോടാ അകത്തു്.

ഭൃത്യ-വേണ്ട വേണ്ട. കൊച്ചുപോത്തൻെറ നേരെ കണ്ണുരുട്ടണ്ടാ. ഈ തറി നിറംമാററം ഞാനെത്ര കണ്ടതാ.

(മേരീദാസൻ വിലപിക്കുന്നു)

യൂദാ—(കങ്കാണിയോടു്) ഇവനെ ഉടൻ കൊണ്ടുപോയിക്കൊള്ളുക.

മേരി—എൻെറ പൊന്നു ചിററപ്പാ! ദൈവത്തെ ഓർത്തിട്ടെങ്കിലും എന്നെ കൊടുത്തയക്കരുതേ.

ഭൃത്യ—ഈ കുഞ്ഞിൻെറ കരച്ചിൽ ആരു സഹിക്കും. എത്ര നാളു് ഞാൻ തൊട്ടിയിലിട്ടു് ആട്ടിയതാ. എൻെറ തമ്പുരാ

ണെ! (കരയുന്നു) ഞാൻ പോകുകയാ. ഇനി ഇവിടെ നിന്നാൽ എന്നെയും ഇടി വെട്ടും. (പോകുന്നു)

യൂദ—(എഴുന്നേററു്) ഞാൻ പോകുന്നു. (യാത്രപറയുന്നു)

മേരീ—എൻെറ പൊന്നു ചിററപ്പാ! (കരയുന്നു)

യൂദാ—നിങ്ങൾ അവൻെറ വിലപനം വകവയ്ക്കണ്ടാ. കൂട്ടത്തിൽ കൊണ്ടുപൊയ്ക്കൊൾക. (പോകുന്നു)

മേരീ—എൻെറ ചിററപ്പോ! എൻെറ ചിററപ്പാ! അയ്യോ! എൻെറ ചിററപ്പാ! (ഫ്രാൻസീസ് കൊച്ചേട്ടാ എന്നു പറഞ്ഞു ആലിംഗനം ചെയ്തു വിലപിക്കുന്നു)

കങ്കാ—എടോ, പേശാതെ. നാൻ ഒരു മാസത്തേയ്ക്കു രൂപൈ മുമ്പാകെ ഒടുക്കിയിരിക്കറാൻ തിരിയുമാ.

മേരി—ദൈവത്തെ ഓർത്തു് എന്നെ കൊണ്ടുപോകരുതേ! നിങ്ങളുടെ രൂപായ്ക്കു് ഇരട്ടിത്തുക എൻെറ അച്ഛൻ വരുമ്പോൾ ഞാൻ തരാം.

കങ്കാ—തെരിയും, തെരിയും. നിൻ തകപ്പനാർ വന്താലക്കൂടെ നിന്നെ കിടയ്ക്കുമാ.

മേരീ—(കരയുന്നു)

കങ്കാ—അടേ ശത്തം പോട്ടാൽ ഒററ അടിയ്ക്കു പല്ലെ ഉതുത്തുടും. ഇപ്പടി എല്ലാം പോടവൃതു നാൻ റമ്പം പാത്തിരിക്കിറേൻ. ഉം—നടാ. കണ്ഠത്തിൽ പിടിച്ചു തള്ളുന്നു.

ഗീതം (താരണിയിൽ അൻപുകൊണ്ടു് എ. മട്ടു്.)

മേരീ—കാത്തിടുകെൻ നാഥയെ നീ അടിയനെ മോദാൽ
അടിയനെ മോദാൽ അമ്മേ അടിമലർക്കൂപ്പേൻ (കാത്തി
രാപകലലഞ്ഞിടുന്ന പുത്രരേയും തേടിടുന്ന
കാരുണ്യം നിറഞ്ഞ എൻെറ ദൈവജനനിയേ!
ദൈവജനനിയേ അമ്മേ അടിമലർ കൂപ്പേൻ (കാത്തി

കങ്കാ—പോരും പോരും. ശീഘ്രം നടവെടാ. (പിടിച്ചു കൊണ്ടുപോയി.)

കർട്ടൻ.

# രണ്ടാം അങ്കം.

## രംഗം 1.

ഡാലസ് പ്രഭുവിൻെറ മന്ദിരം.

(ഡാലസ് പ്രത്യക്ഷനായി കുണ്ഠിതഭാവത്തിൽ കാണപ്പെടുന്നു.)

എൻെറ ഏക ഭഗിനിയുടെ ഭർത്താവായ യേശുദാസൻ ജൂബിലിവത്സരം പ്രമാണിച്ച തീൎത്ഥയാത്രയ്ക്കു പുറപ്പെട്ടിട്ടു മാസം പലതു കഴിഞ്ഞിരിക്കുന്നു. ജറുസലെം, നിത്യനഗരമെന്നു സുപ്രസിദ്ധമായ റോമാ പുരി, ലൂർദ്ദ് മുതലായ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ച പ്രാർത്ഥനയിലും ധ്യാനത്തിലും ലയിച്ചതിനാൽ തൻെറ ഏക അരുമസന്താനത്തെയും ഭവനത്തെയും ബന്ധുമിത്രാദികളെയും മറന്നിരിക്കാം. (ഒരു തപാൽ ശിപായി പ്രവേശിച്ച കുറെ കത്തുകളും പത്രങ്ങളും കൊടുക്കുന്നു. ഡാലസ് അതിൽ ഒരു കത്തു സൂക്ഷിച്ചുനോക്കിക്കൊണ്ട് (ആത്മഗതം) കൈപ്പട കണ്ടിട്ട് ഇതു് യേശുദാസൻേറതു എന്നു തോന്നുന്നു. ഏതായാലും പൊട്ടിച്ചുനോക്കാം. (എഴുത്തു പൊട്ടിച്ചു വായിക്കുന്നു.)

റോമ്മാ,
25—12—1934.

പ്രിയ സ്യാലാ,

എൻെറ തീൎത്ഥയാത്രയിൽ താങ്കൾക്ക് ഇതുവരെ ഒരു കത്തയക്കുവാൻ സാധിക്കാതെ വന്നതിൽ ഞാൻ ഖേദിക്കുന്നു. പല വിശുദ്ധ സ്ഥലങ്ങൾ ഞാൻ സന്ദർശിച്ചു. ഓരോ സ്ഥലത്തുവച്ചും നിങ്ങൾക്കുവേണ്ടിയും കുടുംബത്തിലുള്ള അംഗങ്ങൾക്കു വേണ്ടിയും ഞാൻ പ്രാൎത്ഥിച്ചിട്ടുണ്ട്. പരിശുദ്ധ പിതാവിനെ സന്ദർശിക്കുവാനുള്ള മഹാ ഭാഗ്യം നാളെ കാലത്തു ഒൻപതു് മണിയ്ക്കാണു സിദ്ധിക്കുന്നതു്. വാത്സല്യ പൈതൽ

മേരീദാസനു പൂർണ്ണ സുഖമെന്നു ദൈവത്തിൽ ശരണപ്പെടുന്നു. താമസംവിനാ ഞാൻ ഇവിടം വിടുന്നതാണ്. നവ വത്സര മംഗളങ്ങൾ ആശംസിച്ചുകൊണ്ടും എനിക്കുവേണ്ടിയുള്ള നിങ്ങളുടെ ഹൃദയപൂർവ്വമായ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊണ്ടും തല്ക്കാലം വിരമിക്കുന്നു.

എന്നു്,

സ്വന്തം സ്യാലൻ

യേശുദാസൻ (ഒപ്പ്)

ദാല—(പ്രകാശം) മേരീദാസൻ എൻെറ ഭവനം വിട്ടു അവൻെറ പിതൃവ്യൻെറ കൂടെ വാസമായിട്ടു മാസം അഞ്ചാറു കഴിഞ്ഞിരിക്കുന്നു. ഇത്രയും ദിവസം അവനേക്കുറിച്ച് യാതൊരന്വേഷണവും നടത്താതിരുന്നതു കുറെ ബുദ്ധിമോശമായി എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഏതായാലും കഴിയുംവേഗത്തിൽ ഇനിയെങ്കിലും പുറപ്പെട്ടു വാത്സല്യ അനന്തിരവൻ മേരീദാസനെ ഒന്നു വീക്ഷിക്കുക തന്നെ.

ഗീതം (കാക്ഷി കൺ കാക്ഷിയെ എന്ന മട്ട്.)

ദാല—എന്തോരു താപമേ മേരീദാസനെ ചിന്തിച്ച്
(എന്തോ
സുന്ദരൻ മേരീദാസൻ കൊഞ്ചലൊന്നു കണ്ടീടുമ്പോൾ
നയനങ്ങൾ നിറഞ്ഞിടും ആനന്ദംകൊണ്ടിവനുടെ
(എന്തോ
സോദരീസുതനാകും ചെറുപൈതൽ മേരീദാസൻ
കോമളമാം വദനത്തെ ചുംബിക്കുവാൻ പോയീടുന്നേൻ
(അപ്രത്യക്ഷനാകുന്നു) (എന്തോ

കർട്ടൻ.

# രംഗം 2.

വഴിയരികിലുള്ള ഒരു വിശ്രമസ്ഥലം.

(യാത്രയ്ക്കുള്ള ഉപകരണങ്ങളോടുകൂടി സ്റ്റേജിൽ ദാലസ്പ്രഭു പ്രത്യക്ഷപ്പെടുന്നു.)

മോട്ടോർകാറിനു ചില തകരാറുകൾ പററിയതുകൊണ്ടും വഴി നല്ല നിശ്ചയമില്ലാതിരുന്നതിനാലും വഴിയുടെ നിമ്നോന്നത കൊണ്ടും ഇത്രടംവരെ വന്നപ്പോഴേക്കും ശരീരമാസകലം തളൎന്നു വശായി. ഇപ്പോൾ ഏകദേശം വഴി മൂന്നിൽ ഒന്നേ ആയിട്ടുള്ളു. ഏതായാലും ശരീരത്തിന് അതിയായ ക്ഷീണം തട്ടിയിരിക്ക കൊണ്ട് ഇവിടെ കിടന്നു ഒന്നു വിശ്രമിച്ചതിൻെറ ശേഷം വീണ്ടും യാത്ര തുടരാം. (താഴെ കിടന്നു വിശ്രമിക്കുന്നു)

(ഒരു സൎവ്വത്തുവ്യാപാരി പ്രവേശിക്കുന്നു.)

സവ: വ്യാ—സവ്‌ത്തേയി....സവ്ത്തു്. സർവ്വത്തു്. നാരങ്ങാ സവ്ത്തു്.

ഗീതം സമ്പത്തു വിററും സവ്ത്തു വാങ്ങുവിൻ
അല്പം കുടിച്ചാൽ ദാഹം തീരും നിങ്ങളുടെ സമ്പ.

ഫഷ്ററ്ക്ലാസ് സോഡാ ലമനീട്, ഷോഡാ, ഷോഡാ. പത്തു് ഔൺസ്, എട്ട് ഔൺസ്, ഷോഡാ. ഷോഡാലവനീട്

ഗീതം സമ്പത്തു വിററും സവ്ത്തു വാങ്ങുവിൻ
അല്പം കുടിച്ചാൽ ദാഹം തീരും....

മധുരനാരങ്ങാ, മധുരനാരങ്ങാ, തീ നാരങ്ങാ, വെറും നാരങ്ങാ, ജോനകനാരങ്ങാ, ചെറുനാരങ്ങാ, വടുകപുളി കറി നാരങ്ങാ, വലിയ നാരങ്ങാ, ഇടത്തരി പാണ്ടിനാരങ്ങാ,

ഗീതം സമ്പത്തു വിററു സവ്ത്തു വാങ്ങുവിൻ....

ഈത്തപ്പഴം ഈത്തപ്പഴം.. കടലക്കാ വറത്തതു്. നിലക്കടല, കപ്പലണ്ടി, (സാമാനങ്ങൾ സ്റ്റേജിൻെറ ഒരു ഭാഗത്തു

സാവധാനത്തിൽ വയ്ക്കുന്നു. നാരങ്ങാ ഒന്നെടുത്തുകാണിയ്ക്കുന്നു) മധുരനാരങ്ങാ ഒന്നാംതരം. വില വളരെ സഹായം. അണയ്ക്ക് എട്ടു മാത്രം. ഓടിവരുവിൻ. വാങ്ങുവിൻ. കുറച്ചേയുള്ളു. തീൎന്നു പോകും. (ഒരുവശത്തേക്കു സൂക്ഷിച്ചുനോക്കുന്നു) ഹേ! ജ്യേഷ്ഠാ! എന്താ വേണ്ടതു്. നാരങ്ങാ എടുക്കട്ടെ. ഡസൻ തികച്ചെടുത്താൽ കമ്മീഷനുൾപ്പടെ പന്ത്രണ്ടു മാത്രമേ തരികയുള്ളു.

ഈത്തപ്പഴം വില സഹായം. റാത്തക്ക് ഒന്നരഅണ തൂക്കത്തിൽ ഒട്ടും കുറയത്തില്ല. ഏതു ത്രാസിനും തൂക്കിത്തരാം. ഒന്നിച്ച് ഒരു തുലാമെടുത്താൽ ആറുമാസം ശാപ്പിടാം.

ദാല—(വിശ്രമത്തിൽ നിന്നു് എഴുന്നേററിരുന്നു്) അതാരാണു്.

സ. വ്യാ—(ചുററും ഒന്നു പരുങ്ങിനോക്കുന്നു, ദാലസിനെക്കാണുന്നു) ഒരു സവ്ത്തുവ്യാപാരിയാണു്.

ദാല—ദാഹം തീൎക്കാൻ നിങ്ങളുടെ പക്കൽ എന്തുണ്ടു്?

സ. വ്യാ—(ശീഘ്രം എടുക്കുന്നു) ലയിംജ്യൂസ്, നാരങ്ങാസവ്ത്തു്, ഷോഡാ ഇവയെല്ലാമുണ്ടു്. ഒരു പാത്രമെടുക്കട്ടെ.

ദാല—എടുക്കൂ.

സ. വ്യാ—(ഒരു ഗ്ലാസിൽ നാരങ്ങാവെള്ളമെടുത്തു അടുക്കൽ കൊണ്ടുചെന്നു്) കാൎയ്യം ഞാൻ നേരത്തെ ചോദിക്കട്ടെ. വേണ്ടീട്ടാണോ?

ദാല—എടോ, നാവു തളരുന്നു.

സ. വ്യാ—ഒരു ഗ്ലാസിനു പന്ത്രണ്ടു കാശാണു്.

ദാല—ആകട്ടെ (ഒരു ഗ്ലാസു വാങ്ങിച്ചു കുടിക്കുന്നു)

സ: വ്യാ-എന്താ, ഫസ്റ്റല്ലെ ഒന്നുകൂടി എടുക്കട്ടെ.

ദാല—വരട്ടെ.

സ. വ്യാ—ഇപ്പോൾ നാക്കു കുറേശ്ശെ പൊങ്ങുമല്ലേ.

ദാല—നിങ്ങളെ ഞാനിതിനു മുൻപു എവിടെവച്ചോ കണ്ടിട്ടുണ്ടു്.

സ: വ്യാ—(ചിരിക്കുന്നു) എന്നെയോ? (അതിശയത്തോടെ)

ദാ—അതെ നിങ്ങളെത്തന്നെ.

സ. വ്യാ—എന്നാൽ പറയാം. (ഒരു ഗ്ലാസു നാരങ്ങാ വെള്ളം കൂടി കൊടുക്കുന്നു. ദാലസു വാങ്ങി കുടിക്കുന്നു.)

സ: വ്യാ—ഇപ്പോൾ ചക്രം ഒന്നരയായി കേട്ടോ. (ദാലസു തല കുലുക്കുന്നു) അതിങ്ങു തന്നാട്ടെ. പിന്നെയായാൽ മറവി കൂടും. ക്ഷാമകാലമല്ലെ. (ദാലസു ചക്രമെടുത്തു കൊടുക്കുന്നു)

സ: വ്യ—മധുരനാരങ്ങാ കൂടി ഒന്നിരിക്കട്ടെ. ഒന്നുമില്ലെങ്കിൽ പിള്ളേരും മററുമുള്ളതല്ലേ.

ദാല—അതു പിന്നെ ആവാം. ഞാൻ നിങ്ങളെ എവിടെ വച്ചാണു കണ്ടിരിക്കുന്നതു്?

സ: വ്യാ-(അല്പം ചിന്തിച്ചിട്ടു്) പക്ഷെ യൂദാസിൻെറ വീട്ടിൽ വച്ചായിരിക്കാം.

ദാല-ശരി! ഞാനിപ്പോൾ ഓക്കുന്നു! അവിടെവച്ചുതന്നെ.

സ. വ്യാ-നിങ്ങൾ യേശുദാസൻെറ അളിയൻ ദാലസ് പ്രഭുവാണോ?

ദാല-അതെ. ആ ആൾ ഞാൻ തന്നെ.

സ. വ്യാ-ഇപ്പഴല്ലെ നമ്മൾ തമ്മിലുള്ള പരിചയബന്ധം മനസ്സിലായതു്. ഞാൻ യേശുദാസൻെറ അരിവെപ്പുകാരനായിരുന്നു.

ദാല-ഓഹോ! നീ കൊച്ചുപോത്തനാണോ?

സ. വ്യാ-അതെ! അമ്പോ! എത്ര വിരുന്നൂട്ടിയതാ ഞാൻ. അതെല്ലാം ഇത്രവേഗം മറന്നല്ലൊ.

ദാല-നിങ്ങൾ എന്താ ഇപ്പോൾ ഈ തൊഴിലിൽ ഏപ്പെട്ടതു്?

സ: വ്യാ-അതു പറഞ്ഞാൽ കുറെ ഉണ്ടു്. നേരം പോയി. ഈത്തപ്പഴം ഇന്നു വിററുതീക്കേണ്ടിയിരിക്കുന്നു.

ദാല—ഞാൻ അതിൽ കുറെ എടുത്തുകൊള്ളാം.

സ: വ്യാ-എന്നാൽ ഒന്നിരുന്നു പറയാം. (ഇരിക്കുന്നു) എൻെറ പൊന്നെ അഞ്ചാറുമാസം മുമ്പു തീയതി ഞാനോക്കുന്നില്ല, അദ്ദേഹം എവിടെയോ കെട്ടുമുറുക്കി പോയതിൽ പിന്നീടു പോത്തൻെറ കാര്യം വൃത്തത്തിലായി. പോരെങ്കിൽ യൂദാസിനു കാന്നോപട്ടവും കിട്ടി. ആ പിശാചിൻെറ കൂടെ

ആരു പൊറുക്കും, രാവും പകലും ഒരുപോലെ തീ ഉന്തിയാൽ മാസം കിട്ടുന്ന രൂപാരണ്ടു്. അതിനും ഇതിനും എന്നു പറഞ്ഞു ഇടുന്ന പിഴ കഴിഞ്ഞുവന്നാൽ പിന്നെ അതിൽനിന്നു കിട്ടുവാനൊന്നുമില്ല. മിച്ചം തൊഴിയാണു്. നശിച്ച മനുഷ്യന്റെ ചവിട്ടും തൊഴിയുമേററു എളിതിരിഞ്ഞു. നോക്കു് ഇപ്പം തേഒരേന്തു കൂടെ. ഇതു തന്നെയോ അയാളുടെ പക്ഷം കൂടി പറഞ്ഞില്ലെങ്കിൽ തലയിൽ തീക്കനരു തന്നെ കോരിയിടും. വല്ലതുമാകട്ടെ എന്നുവച്ചു് ഇത്രയും നാളു നിന്നതു് ആ കുഞ്ഞിനെ ഓത്തിട്ടാ.

ദാല—ഏതു കുഞ്ഞു്?

സ: വ്യാ—എടോ, തന്റെ ആ ഒരു മരുമകൻ മേരീദാസനെ ഓക്കുന്നില്ലെ?

ദാല—ഓക്കുന്നുണ്ടു്. മേരീദാസനു ക്ഷേമമോ? അവനെ കാണുവാനത്രെ ഞാൻ പുറപ്പെട്ടതു്.

സ: വ്യാ—അവനിപ്പം നല്ല സുഖമാ. അതിനായിട്ടു് ഇനിയും ബുദ്ധിമുട്ടണ്ടാ. വേണമെങ്കിൽ ഒരു പാത്രം സവ്ത്തു കൂടി കുടിച്ചു് തിരിച്ചുപോയാൽ വിളക്കു വയ്ക്കുന്നതിനു മുൻപു വീട്ടുപററാം.

ദാല—അയ്യോ! എന്റെ പൈതലിനു എന്തുപററി?

സ: വ്യാ—ഒന്നും പററിക്കാണത്തില്ല. അവിടെ നില്ലു്. ഒന്നടങ്ങു്. ഞാൻ അതിന്റെ അടുക്കിനു സംഗതി പറയാം. കേട്ടോളു.

എന്റെ കാരണോരെ! ഈയുള്ളവനു വേറൊരു പോക്കടവുമില്ലാഞ്ഞിട്ടു് ചിററപ്പൻ കൊട്ടുന്ന താളത്തിനൊക്കെത്തുള്ളി. ഒരുത്തന്റെ ഹിതമറിഞ്ഞു പ്രവത്തിക്കാൻ കൊച്ചുപോത്തൻ ബഹു സമത്ഥനാ. അല്ലാതെ രാഗാദിക്കാരു് പറയുംപോലെ വെറും പോത്തനല്ല. ഒരു രാത്രി മൂട്ടകടികൊണ്ടങ്ങനെ കിടന്നുറങ്ങുമ്പോൾ ഒരു സപ്നം കണ്ടു. അതു വെറും പേക്കിനാവല്ല. ഒരു സുന്ദരൻ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു. അര നിമിഷത്തിനുള്ളിൽ നീ ഇവിടംവിട്ടിറങ്ങിയില്ലെങ്കിൽ നിന്റെ ഊരു പണയത്തിലാകും. ഇതു കേട്ടപ്പം സാറു പറ

എൻെറ വേവലാതി കുറച്ചുവല്ലതുമാണോ? ഞാൻ വളരെ ധൈര്യംപിടിച്ചു കണ്ണുമടച്ചു ആ കിടപ്പിൽ തന്നെ കിടന്നും കൊണ്ടൊന്നാലോചിച്ചപ്പം സംഗതിയുടെ വാസ്തവം മനസ്സിലായി. എൻെറ പൊന്നേ! ഒന്നു കേൾക്കണം. യൂദാസിൻെറ കൂടെ പൊറുത്താൽ പള്ളിയുണ്ടോ? പട്ടക്കാരുണ്ടോ? ദൈവമുണ്ടോ? കൂദാശ വല്ലതുമുണ്ടോ? കുമ്പസാരമുണ്ടോ? കുറുവാനയുണ്ടോ? സാറു തന്നെ പറ. മഹറോൻശാപമേററവൻെറ കൂടെ പൊറുത്താൽ എനിക്കും അതു പററത്തില്ലേ? ഇവയെല്ലാമോത്തപ്പം എനിക്കൊരാതിയായി. ഞാൻ വെളുപ്പിനു കോഴി കൂവിയതു കേട്ടപ്പഴേ ഉരുണ്ടെഴുനേററു് ഓടി പള്ളിയിൽ എത്തി കുമ്പസാരം കഴിച്ചു് അവൻെറ മുററത്തു വലത്തുകാലു കുത്തുകില്ലെന്നു സത്യം ചെയ്തു കിട്ടാനുള്ള ശമ്പളവുമുപേക്ഷിച്ചിറങ്ങിയിരിക്കുകാ. നോക്കണം ഇപ്പോഴ് ഇതാണു തൊഴിൽ. എങ്ങനെ ആയാലും സന്ധ്യയാകുമ്പം ഇരുനാഴി ചാക്കരിക്കുള്ള കാശു കിട്ടും. നമുക്കു കെട്ടിയവളും പിള്ളേരുമില്ല. പിന്നെ എങ്ങനെയായാലും ഒരു ഛാൺ വയറു നിറച്ചാൽ മതിയല്ലോ. ഒന്നുമില്ലെങ്കിൽ ഇന്നത്തെ വക സാറിൻെറ പുറകെ ഈ പെട്ടി എടുത്തുകൊണ്ടു വന്നാലും കിട്ടും.

ദാല—മതി മതി. നേരം പോയി. നാരങ്ങായുണ്ടെങ്കിൽ രണ്ടെടുക്കുക. അവിടെ ചെല്ലുമ്പോഴ് മേരീദാസനു കൊടുക്കണം. ദൂരെ കാണുമ്പോഴ് തന്നെ അവൻ ഓടിവന്നു കഴുത്തിൽ കെട്ടിപ്പിടിക്കും.

സ: വ്യാ—കൊള്ളാം, വാലല്ലാത്തതെല്ലാം അളയിലായി. ഈ പറഞ്ഞതൊന്നും കേട്ടില്ലേ? എൻെറ പൊന്നെ! ആ ചെറുക്കനെക്കൊണ്ടു ഇനി ആ ഉപദ്രവമില്ല.

ദാല—നിങ്ങഴ് പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല. മേരീദാസനു എന്തു സംഭവിച്ചു?

സ: വ്യാ—ഒന്നും സംഭവിച്ചില്ല. ഇനിയും കാണണമെങ്കിൽ അങ്ങു ചെല്ലണം.

ദാല—അയ്യോ! എൻെറ വാത്സല്യപൈതൽ മേരീദാസനെവിടെ?

സ: വ്യാ—വെറുതെയാണോ ഞാനവിടം വിട്ടതു്?

ദാല—എന്തു കഷ്ടമിതു്. സംഗതി പറയൂ.

സ: വ്യാ—യൂദാസ് ദിവസവും അവനെ എടുത്തിട്ടു മെതിക്കും. തല്ലിത്തല്ലി എല്ലു് നല്ലതൊന്നില്ലെന്നായി. എന്തിനു പറയുന്നു. ആറാംവാരി പതിനാറും ഒടിച്ചു.

ദാല—അതിനവൻ എന്തു പ്രവർത്തിച്ചു?

സ: വ്യാ—കഷ്ടം! ആ മാടപ്രാവു എന്തു പ്രവർത്തിക്കാനാ. അവനെ ശരിപ്പെടുത്തി വേണ്ട സൊത്തു മുഴവൻ ഉരുട്ടി മകൻ ഫ്രാഞ്ചിക്കു കൊടുക്കാൻ.

ദാല—കഷ്ടം! ദൈവമെ! എൻെറ സന്ധികൾ തളരുന്നു.

സ: വ്യാ—വേണമെങ്കിൽ സവ്ത്തു് ഒരു പാത്രം കൂടി അടിയ്ക്കു് അപ്പോൾ തളർച്ച മാറും.

ദാല—പറയൂ. മുഴവൻ കേൾക്കട്ടെ.

സ: വ്യാ—ഇത്രയുമായപ്പോൾ തന്നെ സാറിൻെറ ശരീരത്തിലെ ഓരോ എപ്പും വിട്ടുതുടങ്ങി. അപ്പോൾ മുഴവനുമായാലത്തെ സ്ഥിതിയോ? ഏതായാലും ഞാൻ പറയാനുള്ളതു പറഞ്ഞേക്കാം. അവനെ പിന്നെ പശുക്കളെ തീററാൻ വയലിലേക്കയച്ചു.

ദാല—കഷ്ടം! ആ പൈതലിനെയോ?

സ: വ്യാ—പിന്നെ ആരുടെ കാര്യമാ ഞാനീ പറയുന്നതു്. യൂദാസിനുണ്ടോ കുഞ്ഞെന്നുള്ള വിചാരമൊള്ളു. വയലിൽ നിന്നു വന്നാൽ അതുമിതും പറഞ്ഞു തൊള്ളി വെള്ളംപോലും കൊടുക്കാതെ അടിമുതൽ മുടിവരെ അടിയുണ്ടു്. എന്നോടു ചോറും മററും കൊടുക്കരുതെന്നു കല്പിച്ചു. എന്നാൽ ഞാനതു വകവയ്ക്കാതെ ആരുമറിയാതെ മുറയ്ക്കു കൊടുത്തു. അവസാനം അവനെ വധിക്കണമെന്നായി. എന്തിന് ഞാൻ അതിനു ഇടയാക്കിയില്ല. ഒടുവിൽ ഒരു കങ്കാണിയ്ക്കു പിടിച്ചു കൊടുത്തു. രണ്ടു രൂപാ വാങ്ങുന്നതു ഞാൻ കണ്ടു. ഇതൊക്കെ ഒന്നാകെ കണ്ടപ്പഴത്തേയ്ക്കും ഈശയുള്ളവൻെറ പൊറുതിയും മതിയാക്കി.

ദാല—അയ്യോ! ചതിച്ചോ! എന്റെ ദൈവമെ! (മൂർഛിച്ചു വീഴുന്നു. സവ്ത്തുവ്യാപാരി ഭയന്നു എഴുനേല്ക്കുന്നു. കുറെ വെള്ളം തളിയ്ക്കുന്നു. അല്പമൊന്നു സൂക്ഷിച്ചു നോക്കിയതിന്റെ ശേഷം സ്വന്ത സാമാനമെല്ലാം പെറുക്കി എടുക്കുന്നു. തലയിൽ കൈ വച്ചുകൊണ്ടു്) ഞാൻ പോകുന്നു എന്റെ അപ്പാ! ഈ ആൾ ഇവിടെ കിടന്നെങ്ങാനും കണ്ണടച്ചാൽ പോത്തൻ കച്ചേരി കേറേണ്ടി വരും. (പോയി)

(ദാലസ് മൂർഛയിൽനിന്നുണൎന്നു എഴുനേററിരുന്നു പാടുന്നു.)

ഗീതം (മാധവനെ എന്ന മട്ടു്)

പാലിക്കണേയജപാലകനേ!—മേരീ
ദാസനെ നിത്യവും പാരിലരജാ! അയ്യോ!
കാത്തിടണം ഭുവിൽ ക്ഷേമമേകണം
കന്യാതനുജനേ! അവതാര ദൈവമേ!

ദൊഹറാ

നാരിതൻജാതനേ! പാരിലവതാരദിവ്യനേ!
നരകുലപാലകാ! താപസംഹാരകാ! പാഹിമാം.

എടുപ്പു്.

പരിപാലകനേ! പരിപാവനനേ!—പര
പാരിടത്തിലിവനേററം കണ്ടിതം—എന്നെ
വേർവെടിഞ്ഞോമന മേരീദാസനും
അല്ലിലാണ്ടിവൻ, ദേവാനിയാലംബം! പരിപാല..

ജഗദീശാ! നിരപരാധിയായ ആ പൈതൽ ഇപ്പോൾ ഏതു ക്രൂരന്റെ അധീനത്തിലായിരിക്കാം? കഷ്ടം! ഭഗിനിയുടെ നിര്യാണത്തിലുണ്ടായ ദുഃഖം ഇപ്പോൾ ശതഗുണീഭവിച്ചിരിക്കുന്നു. എന്റെ കരങ്ങളിൽനിന്നു താഴ്ത്തുവയ്ക്കാതെ വളത്തിയആ കുഞ്ഞിനെ ആ ദുഷ്ടൻ കൂലിവേലയ്ക്കായി ഒരു തോട്ടംകങ്കാണിയ്ക്കു കൊടുത്തു മുതൽ കൂട്ടിയെന്നോ! ഏതായാലും നേശുദാസന്റെ ഭവനം വരെ പോയി വിവരം വിശദമായി അറിയുക തന്നെ. (കർട്ടൻ)

# രംഗം 3.

ഒരു വിജനപ്രദേശം.

(അസുരരാജൻ ലൂസിഫർ പ്രവേശിച്ച നിശ്ചഞ്ചലനായി നിൽക്കുന്നു)
(അസുരമന്ത്രി പ്രത്യക്ഷപ്പെടുന്നു)

ഗീതം (പച്ചമല്ലെ പവിഴമല്ലെ എന്ന മട്ട്)

അ: മ—നരകമാണെ അഗ്നിയാണെ എങ്ക മല്ലെനാട്
അസുരന്മാർ വാഴ്ത്തിടുന്ന അസുരമന്ത്രി ഞാൻ
ഞങ്ങളെല്ലാം നരകം തന്നിൽ സ്തുതിച്ചിടുന്നൊരുനാമം
കോടാകോടി വാഴ്ത്തിടുന്ന ലൂസിഫിറുരാജൻ

(അ: മന്ത്രി ലൂസിഫർ രാജനെ ആചാരം ചെയ്യുന്നു.)

അ: മ—അവിടുത്തെ തന്ത്രമാഹാത്മ്യത്താൽ നടത്തപ്പെട്ട ലോകമഹായുദ്ധം വഴിയായി കുറെ ആളുകളെ നരകത്തിലേക്കു എടുക്കപ്പെട്ടുവല്ലൊ. അതിനെ തുടൎന്നു നമുക്കു വലിയ ബുദ്ധിമുട്ടു കൂടാതെ അവിടുത്തെ കണ്ണു് ഒന്നനക്കുന്ന മാത്രയിൽ ലക്ഷക്കണക്കിനു ആളുകൾ സാഷ്ടാംഗംവീണുകൊണ്ടിരുന്നു. ശൂരവീരനായ ഭടത്തലവൻ ആകൽകറുസായുടെയും പ്രോക്കുറേററർ നപ്പല്ലിയാൻെറയും പേഷ്സനൽ അസിസ്റ്റൻറു് പാതാളപേതാളത്തിൻെറയും നിരന്തരമായ പരീക്ഷയുടെ ഫലമായിട്ടിന്നു ലോകത്തിൽ പലരും ഇവരിൽ ചിലരും ആടിക്കൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത അവിടുന്നു അറിയുന്നുവല്ലൊ. എന്നാൽ ഇപ്പോൾ ലോകത്തിൻെറ നാനാഭാഗത്തുനിന്നും അനുദിനം ലക്ഷക്കണക്കിനു പരിതാപകരമായ ലേഖനങ്ങൾ കൂലി അടിച്ചും അടിക്കാതെയും, രജിസ്റ്റർചെയ്തും, ഇൻഷ്വർ ചെയ്തും ചിലപ്പോൾ മണിഓർഡറിന്മേലും നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. അസുരസൈന്യത്തിൻെറ നിരന്തരമായ പരിശ്രമത്താൽ ആടിക്കൊണ്ടിരുന്നതിൽ ഒരു സിംഹഭാഗം വിസ്താരമേറിയതും ദീർഘം കുറഞ്ഞതുമായ നരകത്തിലേക്കുള്ള നേർ

വഴി വിട്ടുതുടങ്ങിയിരിക്കുന്നു എന്നറിയുന്നതിൽ അടിയനും അതിയായ ദുഃഖമുണ്ട്. ഇതിനുള്ള ഏകകാരണം ഇപ്പോഴത്തെ ക്ഷാമമെന്നാണ് എന്റെ എളിയ ബുദ്ധിയിൽ തോന്നുന്നത്. നേരേമറിച്ച് റബറിനും, കുരുമുളകിനും, നാളികേരത്തിനും, നെല്ലിനും വില കൂടാമെങ്കിൽ നരകത്തിൽ ഒന്നുരണ്ടു തട്ടുകൂടി നിർമ്മിക്കേണ്ടതായി വരും.

ലൂസി—ഛേ! ഒരുനാളും ക്ഷാമംകൊണ്ടല്ല. ഇപ്പോഴത്തെ പാപ്പാരാജൻ നിർമ്മിച്ച ജൂബിലി ദണ്ഡവിമോചനമാണെന്നല്ലെ കഴിഞ്ഞ പ്രാവശ്യം നരകത്തിൽ ഏഴാംതട്ടിൽവച്ചു നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ മഹായോഗത്തിൽ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതു്.

അ: മ—ഉത്തരവ് (തല കുലുക്കുന്നു) ഇപ്പോൾ ഓർക്കുന്നു.

ലൂസി—കൈയിൽ കിടന്നാടിക്കൊണ്ടിരുന്ന ധനാഢ്യന്മാർക്കു പോലും ഒരു തീർത്ഥയാത്രയ്ക്കു കാശു മുടക്കിയാൽ ദണ്ഡവിമോചനം പാപപൊറുതി ഇവയെല്ലാം. ഒരു തുള്ളി കണ്ണുനീർ കൂടി പൊഴിച്ചാൽ പൂർണ്ണ ദണ്ഡവിമോചനവും കിട്ടുമെന്നായപ്പോഴേക്കും കുബേരന്മാരും സാധുക്കളും ഒന്നാകെ നമ്മെ വിട്ടു. ഇപ്പോൾ വളരെ ചുരുക്കം ചില മദ്യപാനികൾ മാത്രമേ നമ്മുടെ പക്ഷത്തുള്ളു. ക്ഷാമം മൂത്താൽ അവരും നമ്മെ പിരിയും.

അസുരമന്ത്രീ! നിങ്ങളുടെ ജോലി ഈ സ്ഥലത്തു വളരെ അമാന്തമായിട്ടാണ് നാം കാണുന്നതു് എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഞാൻ നോക്കിയതിൽ (സൂക്ഷിച്ചു നോക്കുന്നു) ഈ പ്രദേശത്തു ഒരുവൻ പോലും നമുക്ക് സ്വാഗതമരുളുന്നതായി കാണുന്നില്ല.

അ: മ—ലൂസിഫർ മഹാരാജാവേ! അവിടുന്നു ശ്രവിച്ചാലും. ഏകദേശം ഒരു വ്യാഴവട്ടത്തിനു മുൻപു നമ്മുടെ വടക്കൻ ഡിവിഷനിലുള്ള അസുരനരകപ്രചാരസംഘത്തിന്റെ ഹെഡാഫീസ് നാം നില്ക്കുന്ന ഈ കുന്നുതന്നെ ആയിരുന്നു. ഈ ഭാഗത്തുള്ളവരെല്ലാം നമ്മുടെ ചൊല്പടി കേട്ടുകൊണ്ടിരുന്ന ഒരു കാ

ലമുണ്ടായിരുന്നു. ഇവിടെ ഒരു ദൈവാലയവും തിരുഹൃദയരൂപ സ്ഥാപനവും മണി അടിയുമായപ്പോഴേക്കും നമുക്കിരിക്കപ്പൊറുതിയില്ലാതായി. രൂപത്തിന്റെ നോട്ടം കാരണം ഈ വഴിക്ക് ഞങ്ങൾ കടക്കാറില്ല. ഇന്നുതന്നെ കണ്ണു രണ്ടും പൊത്തിക്കൊണ്ടത്രെ ഇത്രടം വന്നത്.

ലൂസി—ഇതാ ഭടത്തലവൻ ആകൽകറുസാ വരേണ്ട സമയം കഴിഞ്ഞിരിക്കുന്നു.

(ആകൽകറുസാ പ്രവേശിക്കുന്നു)

ഗീതം (തന്തനംവടി എന്ന മട്ട്)

ആകൽ—നരകംതന്നിൽ വാണരുളും ഭടത്തലവൻ ഞാൻ
ദേവസുതനെ യളന്ന കൊടിയസാത്താൻ ഞാൻ
അസുരരെല്ലാം വിറച്ചിടുന്ന അതിവിരൂപൻ ഞാൻ
ലോകംചുററി വന്നിടുമീ ആകൽകറുസാ ഞാൻ

(അസുരമന്ത്രിയും ആകൽകറുസായും തമ്മിൽ
കൈ കോർത്തു നൃത്തമാടുന്നു)

ആക—ഏകഛത്രാധിപതിയായി ഭാഗ്യമോടെ നരകത്തിൽ വാണരുളും ലൂസിഫർ മഹാരാജാവേ! വന്ദനം വന്ദനം വന്ദനം.

ലൂസി—നീ എന്താണിത്ര താമസിച്ചത്? രണ്ടു സെക്കൻറുലയിററായിരിക്കുന്നു.

ആക—അവിടുന്നു പൊറുക്കണേ. കിഴക്കെ ആഫ്രിക്കായിൽനിന്നും അടിയൻ റോമ്മായ്ക്കു ഒന്നു പോയി.

ലൂസി—അവിടുത്തെ വിശേഷങ്ങൾ കേൾക്കട്ടെ.

ആക—പഠിച്ച പണി പതിനെട്ടും ഞാൻ എടുത്തു. അടുക്കുവാൻ നിവൃത്തിയില്ല. അവിടെ വന്നിരുന്ന യുവതീയുവാക്കന്മാരുടെ മനോരാജ്യത്തിൽ കയറി ശ്വാസംപോലും വിടാതെ ഞാൻ തലകുത്തി മറിഞ്ഞിട്ടും യാതൊരു ഫലവുമുണ്ടായില്ല. ഞാൻ വളരെ ക്ഷീണിച്ചു തളർന്നു. ഒരു ഹോട്ടലിൽ കയറി ഒരാഴ്ച നീരിളക്കമായി വെറുതെ ഇരുന്നു.

ലൂസി—നീ ഇത്ര ഭീരുവോ?

ആക—ഒന്നുമില്ല. എവിടെ നോക്കിയാലും വാളും ഊരി പിടിച്ച് പണ്ടത്തെ മിഖായേലും റപ്പായേലും പോരെങ്കിൽ ഗബ്രിയേലുമുണ്ട്. ഞാൻ ചെന്ന കാര്യം അന്നേരം തന്നെ ആ ഗബ്രിയേൽ കൊണ്ടെക്കൊളുത്തി. എവിടെ ചെന്നാലും ആ ഗുരുദ്രോഹിയെ കണ്ടുമുട്ടും. കടന്നലുപോലെ കുറെ തീർത്ഥ യാത്രക്കാരെ അവൻ ആ ഹോട്ടലിലേയ്ക്കയച്ചു. നമ്മെ അവർ കുത്തി പുറത്തിറക്കി. ധൈര്യംപൂണ്ടു രണ്ടും നിശ്ചയിച്ച് പത്രോസിൻെറ ദേവാലയത്തിൽ പ്രവേശിക്കുവാൻ ഞാൻ കുറെ ശ്രമിച്ചു. പക്ഷെ പുറത്തുകൂടി നില്ക്കുവാൻ അവർ സമ്മതിച്ചില്ല. ആരും കാണാതെ ആ ദേവാലയത്തിൻെറ പുറത്തു താഴികക്കുടത്തിൻെറ മുകളിൽ കയറി ഇരിപ്പായി. അപ്പോൾ അതിലെ മുസ്സോളിനിയുടെ ഏറോപ്ലെയിൻ പാഞ്ഞു വന്നു. ഏകദേശം ഒട്ടടുത്തപ്പോൾ ഞാൻ അതിൻെറ പുറത്തു ചാടിക്കയറി പട്ടണം മുഴുവനും നന്നായിക്കണ്ടു.

ലൂസി—തീർത്ഥയാത്രക്കാരുടെ മനഃസ്ഥിതി എന്ത്?

ആക—ഇപ്പോൾ അവരെ ഒന്നു നോക്കുവാൻകൂടി സമ്മതിക്കുകയില്ല. എന്നാൽ കാലാന്തരത്തിൽ അവർ എല്ലാംതന്നെ നമ്മുടെ കൈയിൽ വന്നു ചാടും. ക്ഷാമമൊന്നു മാറിക്കിട്ടിയാൽ ജയിച്ചു. തീർത്ഥയാത്രക്കാരിൽ ചിലർ ബോംബേയ്ക്കു കപ്പൽ കയറി. കൂടെ ഞാനും കയറി. എന്തിന് മന്ത്രിച്ചു മന്ത്രിച്ചു രണ്ടെണ്ണത്തിനെ പാട്ടിലാക്കി. ഉടൻതന്നെ കൊച്ചു നപ്പള്ളിയാനെയും ഈനാം ചക്കിയേയും കൂട്ടത്തിലയച്ചു. പോരെങ്കിൽ ആനമറുതായ്ക്കു് ഒരു അർജൻറു് ആർഡറും അയച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽതന്നെ ഒരു കൊലപാതകത്തിനു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ട്.

ലൂസി—കൊള്ളാം. നീ തന്നെ നമ്മുടെ വിശ്വസ്ത ഭടത്തലവൻ.

ആക—എന്നാൽ അടിയന്തിരമായി ചെയ്യേണ്ട സംഗതി ഒന്നു വേറെയുണ്ട്.

ലൂസി-പറയ്ക കേൾക്കട്ടെ.

ആക-യേശുദാസൻ വരുന്നു. (യേശു എന്ന നാമം ശ്രവിച്ച മാത്രയിൽ ലൂസിഫറും അസുരമന്ത്രിയും ഞെട്ടുന്നു.)

അ: മ-എടാ! അബദ്ധം ഇനി ആ വാക്ക് ഉച്ചരിച്ചുപോകരുത്.

ആക-ഓക്കാതെ പറഞ്ഞുപോയതാണെ! ക്ഷമിക്കണേ! അവൻ വരുന്നതിനു മുൻപ് യൂദാസിനെ നമ്മുടെ സഹചാരിയാക്കണം. മഹറോൻ കീഴിലായതുകൊണ്ടു ഇപ്പോഴായാലെ അതു ഫലിക്കയുള്ളൂ. ജെഷ്ടൻ തീൎത്ഥയാത്രയും കഴിഞ്ഞുവന്നാൽ ഓതി ഓതി അവനെ സുബുദ്ധിയാക്കും. പുണ്യപ്രവൃത്തികളാൽ ആ ദാസൻ വേലി കെട്ടി നമ്മളെ അവൻെറ അയൽവക്കത്തു കൂടി കാലു കുത്താൻ സമ്മതിക്കയില്ല.

അ: മ-അതു ശരി തന്നെ. (കൈ കൊട്ടുകന്നു) ഞാനിതിനു ഒരു കൗശലം പറഞ്ഞുതരാം.

ആക-തീപ്പൊരിയ്ക്കു വ്യത്യാസം കൂടാതെ നിറവേററാം.

അ. മ-മാതുലൻ ദാലസ്പ്രഭു മരുമകനെക്കാണാൻ വരുന്നുണ്ടു്. ദാലസ് യൂദാസുമായി സംഭാഷണം ചെയ്യുകൊണ്ടിരിക്കുമ്പോൾ നീ ദാലസിൻെറ പുറകിൽ ചെന്നു അവനിൽ ആവേശിച്ചു സുബോധരഹിതനാക്കി യൂദാസുമായിട്ടു ശണ്ഠ കൂട്ടിക്കണം. അപ്പോൾ അവർ തമ്മിൽ പൊരുതു ചിലപ്പോൾ യൂദാസു അപകടത്തിലായിക്കൊള്ളും. ആ സമയത്തു തന്നെ പേതാളത്തിനെ പള്ളിമുറിയിലേക്കയച്ചു വികാരിഅച്ചൻെറ മുറിയിലേയ്ക്കു കയറുന്ന ഗോവണിയുടെ മുമ്പിലുള്ളവാതലിനു സാക്ഷായിടീക്കണം. ഈ സംഭവം വല്ലവരും അച്ചൻെറ അടുക്കൽ പറയുവാൻ ചെന്നാൽ അഞ്ചു മിനിററെങ്കിലും കഴിഞ്ഞെ അവർ കത്തനാരച്ചനെ കാണാവൂ. അല്ലെങ്കിൽ അദ്ദേഹം പാഞ്ഞെത്തും. പിടിയിൽ നില്ക്കുത്തില്ല. പിന്നെ നമ്മുടെ ഉദ്യമം വെറുതെയാകും.

ആക-ഞാൻ അപ്രകാരം ഇന്നു തന്നെ നിറവേററിയേക്കാം.

ലൂസി-നമ്മുടെ മന്ത്രിയുടെ തന്ത്രം നിറവേററുന്നതിനു അവശ്യംവേണ്ട മുഷ്കരത്വം ഞാൻ നിനക്കു നല്കുന്നു. ശീഘ്രം പോയി വേണ്ടതു ചെയ്യുക.

ആക-ഉത്തരവ് (മിന്നൽപോലെ പോകുന്നു)

ലൂസി-ഉടൻ തന്നെ നമുക്ക് അമേരിക്കയിൽ എത്തേണ്ട ആവശ്യം നേരിട്ടിരിക്കുന്നു. അവിടെ ഒരാൾ നമ്മെ ഉപേക്ഷിക്കാൻ പോകുന്നതായി അറിയുന്നു. തല്ക്കാലം ഞാൻ പോയി വരട്ടെ. (എല്ലാവരേയും ലൂസിഫറും അസുരമന്ത്രിയും തുറിച്ചു നോക്കി മിന്നൽവേഗത്തിൽ സ്റ്റേജിൻെറ ഇരുവശങ്ങളിലേയ്ക്കും പാഞ്ഞു മറയുന്നു)

കർട്ടൻ.

## രംഗം 4.

### യൂദാസിൻെറ ഭവനം.

(യൂദാസ് ഉറക്കത്തിൽ നിന്നു ഞെട്ടി എഴുന്നേൽക്കുന്നു.)

(ആത്മഗതം) എന്തു ദുഃസ്വപ്നമാണിതു്. എന്നുക്കേടായിരിക്കുമോ? നിദ്രയിൽ ആരോ എന്നെ വധിക്കുവാൻ വരുന്നതു പോലെ തോന്നി. എൻെറ മരണം ആസന്നമായിരിക്കുന്നു എന്നൊരു വിചാരം എൻെറ ഹൃദയത്തിൽ അകാരണമായി അങ്കുരിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം എന്നെ പീഡിപ്പിക്കുന്നതിനു യാതൊരു കാരണവും ഞാൻ വളരെ ചിന്തിച്ചിട്ടും കാണുന്നില്ല. എൻെറ ശരീരസ്ഥിതിയാണെങ്കിൽ അരോഗദൃഢമായും ഇരിക്കുന്നു.

ഗീതം (ചിതംബരം പോകാമൽ എന്ന മട്ടു്)

യൂദാ-മെയ്ബലം പോകാമൽ വസിപ്പേനെ ഞാൻ
ഇമ്മന്നിൽ മോടിയായ് സുഖിപ്പേനേ ഞാൻ (മെയ്ബ

ചരണം

ആയുസ്സിലാഗ്രഹം ആനന്ദമെയെൻെറ
നാശവും ക്ലേശവുമകററണമെൻെറ (മെയ്ബ

(അവിചാരിതനായി ദാലസ് പ്രത്യക്ഷപ്പെടുന്നു)
(യൂദാസ് അദ്ദേഹത്തെ സല്ക്കരിക്കുന്നു)

യൂദാ—ദാലസുപ്രഭുവിനു ക്ഷേമമല്ലെ?

ദാല-അതെ ക്ഷേമം തന്നെ. മേരീദാസനെവിടെ?

യൂദാ—പ്രിയ സ്നേഹിതാ! ഞാൻ എങ്ങനെ ആ സംഭവം സ്മരിക്കുന്നു. കഷ്ടം! അവൻ പതിനെട്ടു ദിവസം സന്നിപാത ജ്വരമായിക്കിടന്നു. പത്തൊൻപതാം ദിനം ഇഹലോകം വെടിഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഞാൻ എൻെറ ഹൃദയതാപം ആരെ അറിയിക്കുന്നു? ഇത്ര മമ്മഭേദകമായ വേറൊരു സംഭവം ഞാൻ അനുഭവിച്ചിട്ടില്ല. ഇവയെല്ലാം നമ്മുടെ കമ്മമില്ലായ്മ എന്നോത്തു ക്ഷമയോടു സഹിക്കയല്ലാതെ വേറെ നിവൃത്തി വല്ലതുമുണ്ടോ? (ആകൽകറുസാ ദാലസിൻെറ പുറകിൽ പ്രത്യക്ഷനായി ഒരു കഠാരി താഴെ ഇട്ടു ദാലസിനെ ഒന്നു ഊതി അപ്രത്യക്ഷനാകുന്നു)

(ദാലസ് കുപിതനായി ചാടി എഴുനേററു ആകസ്മികമായി
താഴെ കണ്ട കഠാരി എടുക്കുന്നു)

ദാല-കള്ളത്തരങ്ങളെ ചൊന്നുവെന്നാൽ
നീചനെ നിന്നെ വധിച്ചിടും ഞാൻ
സത്യം മറയ്ക്കുന്നോ എൻെറ മുൻപിൽ
സത്യമായീ നിന്നെ ഞാൻ കൊന്നിടുമേ.

യൂദാ—(കുസൽകൂടാതെ)

വേണ്ടെടാ ദാലസെ നിന്നുടയാ
ശൂണ്ഠിത്തരങ്ങൾ എടുക്കവേണ്ടാ
കണ്ടിട്ടുണ്ടിന്നിവൻ ഒട്ടധികം
വേണ്ട നീ ഒന്നും എടുക്കവേണ്ടാ. Get Out.

ദാല-നീചനെ നിന്നുടെ ജീവഹാനി
വന്നിടുമെന്നു നീ ഓത്തിടുക

സോദരി പുത്രൻ ദാസനെ ഹാ!
വിററങ്ങു തിന്നില്ലേ നീച നീചാ!
(ദാലസ് കയത്തു അടുക്കുന്നു. യൂദാസ് മാറുന്നു.)

യൂദാ—സോദരീപുത്രൻ നിനക്കെങ്കിൽ
സോദരൻപുത്രനെൻെറതാടാ
ശ്രുണ്ണിത്തരങ്ങളെ ചൊന്നിടാതെ
പോകടാ വേഗം വിളംബമെന്ന്യേ.

ദാല—അധമാ! നിന്നുടെ ജീവനിപ്പോഠം
പാഴിലാക്കീടുമെന്നോൎത്തീടുക.
നിഷ്ഠുരൻ നിന്നുടെ ക്രൂരത ഞാൻ
തീൎത്തിടുമിപ്പുഴേ കണ്ടിടുക.

(ദാലസ് യൂദാസിനെ നിൎദ്ദയം കുത്തി മറിച്ചിട്ടശേഷം അപ്രത്യക്ഷനാകുന്നു. യൂദാസ് നിലത്തു കിടന്നു ഭയങ്കരമായി അലറുന്നു. ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യ—അയ്യോ! ഇതാരു ചെയ്തു? എൻെറ ദൈവമേ! (കരയുന്നു) ആ കൊലപാതകി ഏതുവഴി പോയേ. (യൂദാസിൻെറ കുടൽ അകത്തേക്കു തള്ളിയിട്ട് ഒരു തുവൎത്തുകൊണ്ടു ബന്ധിക്കുന്നു.)

യൂദാ—അയ്യോ! ഞാനിപ്പം മരിക്കുമേ.

സേവ—കുടൽ പുറത്തു ചാടിയപ്പോഴെങ്കിലും ദൈവമേ എന്നൊന്നു വിളിക്കരുതോ? ഞാൻ പോയി വികാരിയച്ചനെ കൊണ്ടുവരാം. (വേഗത്തിൽ പോകുന്നു.)

യൂദാ—(നീരസത്തോടെ) എടാ! വേണ്ടടാ! അയാളെ കൊണ്ടുവരണമെന്നില്ല.

(അസുരന്മാർ പ്രത്യക്ഷപ്പെടുന്നു)

അ: മ—എടാ! യൂദാസേ! നീ ഒട്ടും ഭയപ്പെടണ്ടാ. ഞങ്ങളല്ലേ ഉള്ളതു്.

ലൂസി—എടാ! നീ ഒട്ടും ഖേദിക്കണ്ടാ. നിത്യനരകത്തിൽ ഏററവും പരമാനന്ദമായ ഒരു സ്ഥലം നമ്മുടെ സിംഹാസനത്തിനടുത്തു ഞാൻ നിനക്കു തരാം.

HOUSE OF STUDIES T.O.C.D. MANGALORE

ആക—(രഹസ്യത്തിൽ പറയുന്നു) വെടി കുറിക്കു കൊണ്ടു. പക്ഷെ ഇവൻ മരിച്ചില്ല. സേവകൻ ഓടിയിട്ടുണ്ട്. എന്നാൽ അവൻ എളുപ്പം അച്ഛന്റെ പക്കൽ എത്തുകയില്ല. കടത്തുവള്ളം ഞാൻ ആറെ പടിഞ്ഞാട്ട് ഒഴുക്കിയിരിക്കയാ.

യൂദാ—ഞാൻ ഇപ്പം മരിക്കുമേ.

ലൂസി—സാരമില്ല. ധൈര്യം വേണം. ഒരു സെക്കണ്ടു കൂടി ക്ഷമിക്ക്. പിന്നെ എന്റെകൂടെ സുഖിക്കരുതോ?

അ: മ—നീ നിലവിളിച്ചാൽ കേൾക്കാനുള്ളവർ ഞങ്ങളല്ലേ. അൻപതു കൊല്ലം ചെയ്ത നിന്റെ കഠിനപാപങ്ങൾ ആരു പൊറുക്കുമടാ. (അസുരമന്ത്രി ചോദിക്കുന്നു, ആകൽക്കറുസായൂദാസിനു പകരം ഉത്തരിക്കുന്നു.)

അ: മ—നീ ദേവാലയത്തിൽ പോയിട്ടുണ്ടോ? (ആകൽ) ഇല്ല.

ഞായറാഴ്ചയും കടമുള്ള ദിവസവും അടിമയ്ക്കുടുത്ത പ്രവൃത്തികൾ ചെയ്തിട്ടില്ലേ—ഉണ്ട്.

നീ വല്ലതുമൊരു സൽകൃത്യം ചെയ്തതായിട്ട് ഓർമ്മിക്കുന്നുണ്ടോ—ഇല്ല.

നിന്റെ ദ്രവ്യാഗ്രഹത്തിനു അറുതിയുണ്ടോ?—ഇല്ല.

നിരപരാധിയായ മേരീദാസനെ പ്രഹരിച്ചില്ലേ?—ഉവ്വ്.

വെറും കൂലിക്കാരനായി കങ്കാണിക്കു കൊടുത്തു രൂപാ വാങ്ങി പലിശയ്ക്കു കൊടുത്തില്ലേ?—കൊടുത്തു.

വൈദികനേ നീ പരിഹസിച്ചില്ലേ?—പരിഹസിച്ചു.

വേലക്കാർക്കു കൂലി കൊടുത്തുവോ?—ഇല്ല.

നീ ചെയ്യാത്തതായി വല്ല ഹീനപ്രവൃത്തിയും ശേഷിച്ചിട്ടുണ്ടോ?—ഇല്ല.

പാപസങ്കീർത്തനം ഉണ്ടായിട്ടുണ്ടോ?—ഇല്ല.

ഇത്ര നീചനായ നിന്റെ പ്രവൃത്തി ആരു പൊറുക്കുമടാ? —ആരും പൊറുക്കയില്ല.

ആയിരം കൊല്ലം തപസ്സു ചെയ്താൽ ഇതിൽ ഒന്നിന്റെ പരിഹാരം തീരുമോ?—ഇല്ല.

നീ മഹറോൻ കീഴിലല്ലേ?—അതെ.

ലൂസി—ഞാൻ ഒരു പാപമെ ചെയ്തിട്ടൊള്ളു. അതു ദൈവം ക്ഷമിച്ചില്ല. ആദവും അത്ര മാത്രമെ ചെയ്തിട്ടൊള്ളു. നീ ഏതായാലും എന്നേക്കാൾ യോഗ്യനാകേണ്ടാ.

ആക- എടാ നീ ഇതു കേൾക്കുന്നുണ്ടോ? (ആകൽക്കുറുസാ ഒന്നു സൂക്ഷിച്ചുനോക്കിയിട്ടു പറയുന്നു) ഇനി യാതൊരു തകരാറുമില്ല. ഇവൻ മരിച്ചുപോയി.

അ: മ—(ദൂരെ നോക്കിക്കൊണ്ട്) ഇതാ ആ നശിച്ച കത്തനാരു വരുന്നു. എന്റെ അപ്പാ! നമുക്കു പിരിയാം. അയാൾ വല്ലതും കാട്ടിക്കൂട്ടും.

ലൂസി—ക്ഷണം മറഞ്ഞോ, അല്ലെങ്കിൽ അയാൾ ജപജലം തളിക്കും. (അപ്രത്യക്ഷരാകുന്നു)

(ബ. വികാരി അച്ചൻ, കപ്യാർ, ഉപദേശി, സേവകൻ മുതലായവർ പ്രവേശിക്കുന്നു. വികാരി അച്ചൻ യൂദാസിനെ ഒന്നു നോക്കി പരിശോധിക്കുന്നു)

വൈദി—ഭൃത്യാ! ഞാൻ വരുന്നതിനു മുൻപായിത്തന്നെ യൂദാസ് മരിച്ചു. ഈ പ്രേതം ദേവാലയത്തിൽ സംസ്കരിക്കുവാൻ നിവൃത്തിയില്ല. ഈ മനുഷ്യൻ മഹറോൻ ഏററവനാണ്, കൂടാതെ വാർഷിക കുമ്പസാരം ചെയ്തിട്ടും ഇല്ല. ആയതിനാൽ നീ തന്നെ ഒരു കുഴിയുണ്ടാക്കി ഈ പുരയിടത്തിൽതന്നെ മൃതശരീരം സംസ്കരിച്ചുകൊള്ളുക. യൂദാസിനു ഉത്തമമനസ്താപമുണ്ടായിക്കാണുമെന്നുകൂടി ഊഹിക്കുവാൻ പോലും വഴിയില്ല. അതെങ്ങനെയുമിരിക്കട്ടെ. നമുക്കു സഭാചട്ടത്തിനു വിരുദ്ധമായി പ്രവൎത്തിക്കുവാൻ നിവൃത്തിയില്ല.

മിശിഹായിൽ സ്നേഹിതരേ! "Tu es Pulvis et in Pulverem reverteris" "മനുഷ്യാ നീ പൊടിയാകുന്നു പൊടിയിലേക്കു തന്നെ നീ പിന്തിരിയും" എന്നുള്ള മഹദ്വാക്യം സ്മരിക്കുക.

ഏതു വശത്തേക്കു ഒരു വൃക്ഷം ചാഞ്ഞുനില്ക്കുന്നുവോ ആ വശത്തേക്കു തന്നെ അതു വീഴുമെന്നുള്ളതു് പ്രത്യക്ഷമാണ്. ഇതിനു ഒരുത്തമ ദൃഷ്ടാന്തമത്രെ ഈ നിർഭാഗ്യ മനുഷ്യന്റെ

ശോചനീയ മരണം. ജീവിതകാലത്തു പാപത്തെക്കുറിച്ചു യാതൊരു പശ്ചാത്താപവും കൂടാതെ അനുദിനം പാപത്തിൽ വീണു മൃഗീയമായ ജീവിതം നയിക്കുന്ന മനുഷ്യർ ഭൂമിയിൽ നിരവധിയത്രെ. ചിലർ ദ്രവ്യലാഭത്തിനു വേണ്ടി ഈ മരിച്ചു കിടക്കുന്ന ആളിനെപ്പോലെ, എന്തും ചെയ്യാൻ സന്നദ്ധരായി കാണപ്പെടുന്നു. മററു ചിലർ വെറും ജഡീയ സന്തോഷങ്ങൾക്കായി ജീവിക്കുന്നു. ഇങ്ങനെയുള്ളവരുടെ സമാധാനം അന്ത്യനാഴികയിൽ മരണശയ്യയിൽ വച്ച് മനസ്താപപ്പെട്ടു പാപവിമുക്തരായിക്കൊള്ളാമെന്നത്രെ. ശരീരസുഖത്തിലിരിക്കുമ്പോൾ പൈശാചിക പരീക്ഷകൾക്കു സസന്തോഷം വശംവദരാകുന്ന മനുഷ്യർ, ശരീരശക്തി ക്ഷയിച്ച് പ്രാണവിരഹ വായുക്കൾ വലിച്ച്, മരണസ്വേദബിന്ദുക്കൾ പുറപ്പെട്ടു, സന്ധിബന്ധങ്ങൾ തകർന്നു അസ്ഥിരചിത്തരായി മരണസോപാനം കയറുമ്പോൾ ഏതുവിധം പിശാചിൻെറ തന്ത്രങ്ങളിൽ നിന്നു ജയിക്കുവാൻ സാധിക്കും!!

അതിനാൽ പ്രിയ സഹോദരന്മാരെ! നിങ്ങളുടെ സുഖജീവിതകാലത്തു തന്നെ പുണ്യ സമ്പാദനത്തിനായി ഒരുങ്ങുക. പ്രത്യുത അനുദിനം ചെയ്യേണ്ട സൽകൃത്യങ്ങൾ അകററിവയ്ക്കുന്നവർ ഇതുപോലെയുള്ള നിർഭാഗ്യ മരണത്തിൽ നിപതിക്കും. അതിനാൽ ഇപ്രകാരമൊരു അനിഷ്ടസംഭവത്തിനിടവരാതിരിപ്പാൻ ഓരോരുത്തരും സന്മാർഗ്ഗപന്ഥാവിലൂടെ ഗമിച്ചാലും.

(വൈദികനും കൂടെയുള്ളവരും പോയി)

(അസുരന്മാർ വീണ്ടും പ്രത്യക്ഷപ്പെടുന്നു)

ലൂസി—എടാ, കാര്യം പററിച്ചോ?

അക—ഇല്ല. ഒരു സെക്കണ്ടു കൂടി കിടന്നിരുന്നെങ്കിൽ ഇവൻ കൈവിട്ടു പോയേനേ.

അ. മ—എടാ! ആ കത്തനാരു പറഞ്ഞതു കേട്ടോ?

അക—വെറുതേയാണോ ഞാൻ പറയുന്നത്. ഈ കത്തനാരിവിടെ ഭരണം തുടങ്ങിയതിൽ പിന്നീട് ഈ വഴിയിൽ കൂടെ കാലു കുത്തണ്ടാ.

അ: മ—നമുക്ക് എളുപ്പം ഇവനേയും കൊണ്ടു പോകാം. ഇവിടെ നിന്നാൽ കുഴപ്പമാണ്.

ലൂസി—ആയുഷ്ക്കാലം മുഴുവൻ എന്നെ ആരാധിച്ച മനുഷ്യൻ നമ്മെ വിട്ടു എവിടെ പോകും. ഇവൻെറ ഓരോ ദുഷ്കൃത്യവും എഴുതിയിട്ട നാൻവഴിയും പേരേടുമായി 137 പുസ്തകമുണ്ട്. അല്ലെങ്കിൽ ഇപ്പോൾ തന്നെ നമ്മുടെ ശത്രുക്കൾ എത്തുമായിരുന്നു. ആ മിഖായേലിൻെറ മുഖഭാവമൊന്നു കാണാമായിരുന്നു. (പുറകിൽ ഒരു മാലാഖാ പ്രത്യക്ഷനായി മുഖം പൊത്തി വിലപിക്കുന്നു) ഏതായാലും ഉടൻതന്നെ ഇവനെ നിത്യ നരകത്തിൽ കൊണ്ടുപോയി ബന്ധിച്ചിടാം.

ആക—അടിനരകത്തിൽ പഴയ യൂദാസിൻെറ കൂടെത്തന്നെ ഇവനെയും നമുക്കു നിക്ഷേപിക്കാം.

ഗീതം (വാഴ്ത്തീടുന്നു വാഴ്ത്തീടുന്നു എന്ന മട്ട്)

(എല്ലാവരും ഏകസ്വരത്തിൽ അയ്യയ്യാ എന്ന് അത്യുച്ചത്തിൽ ഏററു പാടുന്നു)

അ: മ—

വലിച്ചിവനെ കൊണ്ടുപോകാം നരകം തന്നിലേക്ക് അയ്യയ്യാ
രുചിച്ചിടട്ടെ നരകസുഖമുടനടിയിവനും. .......അയ്യയ്യാ

(ആകൽകറുസാ കാലിൽ പിടിച്ചു വലിച്ചുനോക്കുന്നു)

ആക—വലിച്ചിട്ടിവനനങ്ങുന്നില്ലേ ലൂസിഫർ രാജാ!....അയ്യയ്യാ
തൂക്കം കൂടുമീ ദുഷ്ടൻെറ ദുഷ്കൃത്യങ്ങൾക്ക് .... അയ്യയ്യാ
ഉത്തരിപ്പു കടവും പിന്നെ മഹാരോനും കൂടി .... അയ്യയ്യാ
ഇത്തരത്തിലാരുമില്ലേ നരകത്തിലെങ്ങും .... അയ്യയ്യാ
ലൂസി—വാലെടുത്തു കാലിൽ ചുററി വലിച്ചിടുക നീ അയ്യയ്യാ
വേഗം തന്നെ നരകമതിലേയ്ക്കേറിയുക. .... അയ്യയ്യാ

(ആകൽക്കറുസാ അവൻെറ വാല് എടുത്തു യൂദാസിൻെറ കാലിൽ ചുററി വലിക്കുന്നു. മററുള്ളവരും കൂടി കാലിൽ പിടിച്ചു വലിക്കുന്നു)

കർട്ടൻ.

# മൂന്നാം അങ്കം.

## രംഗം 1. (തീവണ്ടിയാപ്പീസ്)

(യേശുദാസൻെറ പ്രത്യാഗമനം. സാമാനങ്ങൾ വഹിച്ചുകൊണ്ടു കൂലിക്കാർ പുറകേ വരുന്നു. യേശുദാസൻെറ സ്നേഹിതന്മാർ തൻെറ അടുക്കൽ ഓടിക്കൂടുന്നു)

ഗീതം (എന്തെൻ മോഹനമെ or കാന്താകാരുണ്യനെ എ: മ:)

യേശു—റോമ്മാനഗരമെ ജൂബിലി കാരണം രത്നശോഭിതമെ
ജൂബിലി വത്സരം എന്തോരതിശയം
മാന്യരേ! ഞാൻ കണ്ടിതാ പുണ്യരാജിതൻ പാപ്പാരാജനെ
തീർന്നോൻ അനുഗ്രമേ പരമ ദേവനേ കണ്ടു നിത്യപുരി
മാനസേ ഭവാനേ! എന്തോരാനന്ദമേ.
മാന്യരേ! ഞാൻ കണ്ടിതാ പുണ്യരാജിതൻ പാപ്പാരാജനെ(റോ

ഞാൻ തീൎത്ഥയാത്രയ്ക്കായി തിരിച്ചിട്ട് ഇപ്പോൾ ഏകദേശം ഒരു വർഷമായിരിക്കുന്നു. ദൈവാനുഗ്രഹത്താൽ യാതൊരു വിപത്തും ഭവിക്കാതെ പലസ്തീനാ, റോമ്മാ, ലൂർദ്ദ് ആദിയായ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു മാതൃഭൂമിയിലെത്തിയിരിക്കുന്നു. ഈ അവസരത്തു നിങ്ങൾ ഓരോരുത്തരും നമ്മെ അനുമോദിക്കുവാൻ ഇവിടെ ഓടിക്കൂടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എൻെറ ബന്ധുമിത്രാദികൾക്ക് മാത്രമല്ല പിന്നയോ നമ്മുടെ രാജ്യത്തിനും രാജാവിനും വേണ്ടി ഞാൻ പ്രത്യേകം പ്രാൎത്ഥിക്കയും പരിശുദ്ധ പിതാവിൽ നിന്നു ആശീസ്സുകൾ വാങ്ങിക്കുകയുംചെയ്തിട്ടുണ്ട്. എൻെറ യാത്രയിൽ യാതൊരു ക്ലേശവും ഭവിക്കാതെ സസുഖം തിരിച്ചെത്തുന്നതിനു എനിക്കുവേണ്ടി സർവ്വേശ്വരനെ പ്രാൎത്ഥിച്ച ഓരോരുത്തൎക്കും ഞാൻ വീണ്ടും വീണ്ടും നന്ദി പറഞ്ഞുകൊള്ളുന്നു. എനിയ്ക്കു എൻെറ ഏക അരുമസന്താനമായ മേരീദാസനെ ഒന്നു വീക്ഷിച്ചു ആലിംഗനം ചെയ്യുന്നതിനു തിടുക്കമായിരിക്കുന്നു. ആയതിനാൽ സ്വഭവനത്തിലേക്ക് ഉടൻ പുറപ്പെടുക തന്നെ.

(പോകുന്നു) കർട്ടൻ

# രംഗം 2.

യൂദാസിൻെറ ഭവനം.

(യേശുദാസൻ കസാലയിൽ ഇരിക്കുന്നു. സേവകൻ വീശുന്നു.)

യേശു—സേവകാ! ഇതു് എത്രമാത്രം മമ്മഭേദകമായ വാ ൎത്തയാണു്. എനിക്കിതിൻെറ രഹസ്യം മനസ്സിലാകുന്നില്ല. ഞാൻ ഒരു ദുസ്സ്വപ്നം ദർശിക്കുകയാണോ? നീ പോയി ഫ്രാൻസിസ് ഉടൻ ഇവിടെ വരുവാൻ പറയൂ. അവനിൽനിന്നു കാൎയ്യങ്ങൾ വിശദമായി ഗ്രഹിക്കാം. "പിള്ളമനസ്സിൽ കപടമില്ലല്ലൊ." (സേവകൻ പോകുന്നു)

യേശു—(ആത്മഗതം) ജഗദീശാ! സേവകൻ പറഞ്ഞതു യഥാൎത്ഥമെങ്കിൽ എൻെറ ശേഷിച്ചിട്ടുള്ള ജീവിതഗതി എത്രമാത്രം പരിതാപകരമായിരിക്കും!!

(ഫ്രാൻസിസ് പ്രവേശിക്കുന്നു.)

ഫ്രാൻ—വല്യപ്പച്ചാ! നമസ്കാരം.

യേശു—(ഫ്റാൻസിസിനെ പരിരംഭണം ചെയ്യുന്നു) മകനേ! ഞാൻ പോയതിൽ പിന്നീടുണ്ടായ സംഭവം എന്തെന്നു വിശദമായി പറയുക. നമ്മുടെ മേരീദാസനും നിൻെറ അച്ഛനും എന്താപത്താണു സംഭവിച്ചതു്? സത്യം പറയൂ. (ഫ്രാൻസിസ് കരയുന്നു.)

യേശു—മകനേ! ഫ്റാൻസിസേ! വിലപിക്കാതെ കാൎയ്യം പറയൂ.

ഫ്റാൻ– ഗീതം (കന്നപിറയാനന്ദം എന്ന മട്ടു്)

എൻപിതാവേ! ശോകഹതം മേരീദാസവാൎത്ത
ഇന്നൊക്കവെ ചൊല്ലിടാം.

1 സത്യമാണുരപ്പതഹമുത്തമനേ കേൾക്ക
തൽഭവനം വിട്ടു ഭോൻ യാത്രപോയ നേരം
എൻതാതനവനെന്നും

2 മേരിദാസവൈരിയായ്ത്തീൎന്നവല്ലൊ കഷ്ടം!

തവസുതനോ പൂജ്യതാതാ! ഗോക്കളെ മേയ്ച്ചീടാൻ
ഏകനായവൻ പോയി.

3 വയലതിൽ വീണവനും ഉത്തമനേ കേൾക്ക
നിന്നടിയാൻ ചോതനവൻ വന്നുകൂടിയപ്പോൾ
സുതനെ കൈയ്യിലേന്തി

4 മാടമതിൽ കൊണ്ടുപോയി രക്ഷയേകി കേൾക്ക
വന്ദ്യഗുരോ! നിൻസുതനെ എൻപിതാവു കഷ്ടം
വധിച്ചിടുവതിനായി

5 ഭൃത്യനവനോടുരച്ചു ഞാനുമതുകേട്ടു.
നിൻസുതനെ പ്രിയതാതാ! മമ താതൻ കഷ്ടം!
കൂലിയായി വിററു

6 സത്യമാണുരപ്പതഹം ഉത്തമനേ കേൾക്ക
വന്ദ്യമൂത്തേ ദാലസവൻ കുപിതനായി വന്നു
കഠാരികൊണ്ടു കൊന്നു.

7 പരലോകപ്രാപ്തനായി താതനഹോ കേൾക്ക.

(യേശുദാസൻ മൗനമവലംബിച്ചിരിക്കുന്നു.
തൻെറ വദനത്തിൽ ചില വിഷാദരേഖകൾ കാണുന്നു)

ഫ്റാൻ—വല്യപ്പച്ചാ! പിതാവ് "മഹറോൻ" ഏററു പാപസങ്കീർത്തനത്തിനു പോലും ഇടവരാതെയാണല്ലോ മരിച്ചത് എന്നോക്കുമ്പോൾ എൻെറ ഹൃദയം തകരുന്നു. സെമിറററിയിൽ അടക്കുന്നതിനു പോലും അച്ഛൻ യോഗ്യനായില്ല. ദാലസ് പ്രബല കോപംകൊണ്ടു ഭ്രാന്തനായി അച്ഛനെ വധിച്ചെന്നല്ലാതെ വേറെ യാതൊരു ദേഷത്തിനും കാരണമില്ല. എന്നാൽ മേരീദാസനെ വെറും ഒരു കൂലിക്കാരനായി ഒരു കങ്കാണിക്കു വിററതത്രെ എന്നെ എപ്പോഴും വേദനപ്പെടുത്തുന്നത്. കൊച്ചേട്ടൻെറ വേർപാട് എനിക്കു സഹിച്ചുകൂടാ. (കരയുന്നു)

(യേശുദാസൻ എഴുനേല്ക്കുന്നു. അശ്രുബിന്ദുക്കൾ പൊഴിയുന്നു)

യേശു—ഹാ! ജഗദീശാ! ഇത്ര ഹൃദയഭേദ്യമായ ഒരവസ്ഥ വേറെ ആർക്കും നല്കരുതേ. എൻെറ ഓമനസുതനെക്കുറിച്ചു

ള്ള ചിന്തയത്രെ എന്നെ ജീവിക്കുന്നതിനു പ്രാപ്തനാക്കിയതു്. എന്റെ വാത്സല്യപുത്രാ! നീ എവിടെ? എന്റെ ഭ്രാതാവു മൃതനായിരിക്കുന്നു. കഷ്ടം!

ഫ്രാൻ—വല്യപ്പച്ചാ! നമുക്കു കൊച്ചേട്ടനെ ഒന്നു തേടിപ്പോകാം. എനിക്കു ചേട്ടനെ കാണണം.

യേശു—എവിടേയ്ക്കാണു മകനേ പോകേണ്ടതു്?

ഫ്റാൻ—എവിടെപ്പോയാലും കൊള്ളാം. കൊച്ചേട്ടനെ കാണണം. അച്ഛൻ മരിച്ചപ്പോഠം ഞാൻ കരഞ്ഞു. അപ്പോഠം സേവകൻ പറഞ്ഞു വല്യപ്പച്ചൻ വരുമ്പോഠം കുഞ്ഞിനു വേണ്ടതൊക്കെ കൊണ്ടുവരുമെന്നു്.

യേശു—(ഫ്റാൻസിസിനെ മാറോടണച്ചുകൊണ്ടു്) എന്റെ മകനെന്തു വേണം? നീ മാത്രം എനിക്കു ശേഷിച്ചു.

ഫ്റാൻ—എനിക്കു കൊച്ചേട്ടനെ ഒന്നു കാണണം.

യേശു—ആകട്ടെ ഞാൻ അവനെ തേടി പുറപ്പെടാം. നീ ഇവിടെ സേവകനോടൊരുമിച്ചു സുഖമായി വസിക്കുക.

ഫ്റാൻ—(വിലപിക്കുന്നു) ഇല്ലപ്പച്ചാ! എനിക്കും പോരണം. ഞാനിവിടെ നിന്നാൽ എന്നെയും വല്ലവക്കും പിടിച്ചു കൊടുത്തുകളയും.

യേശു—(ആത്മഗതം) കഷ്ടം! പൈതലിന്റെ ഭീതി എന്തുമാത്രം. ക്രൂരനായ കങ്കാണി അവനെ എന്തു ചെയ്യുമായിരിക്കുമോ? ഹാ! എന്റെ ഹൃദയം ഭേദിക്കുന്നു. (പ്രകാശം ഫ്റാൻസിസിനോടു്) മകനേ! യാത്രാമദ്ധ്യേ നിന്റെ കാര്യംകൂടി അന്വേഷിക്കുക എന്നുള്ളതു് എത്രയോ ഭാരമേറിയ ഒരു സംഗതിയാണു്. ആയതിനാൽ ഭവനത്തിൽ നീ സുഖമായി വസിച്ചുകൊള്ളുക.

ഫ്റാൻ—വല്യപ്പച്ചൻ പോയാൽ എന്നെ ആരു രക്ഷിക്കും. വല്യപ്പച്ചൻ എന്നെ എടുക്കണ്ടാ. ഞാൻ നന്നായി നടന്നുകൊള്ളാം.

യേശു—(ആത്മഗതം) ഞാൻ ഈ പൈതലിനെ ഏതു വിധം ഈ ഭവനത്തിൽ താമസിപ്പിച്ചുംവച്ചു പോകും? (പ്രകാശം) എന്നാൽ ഓമനേ! നീയും കൂടി പോരുക.

ഫ്റാൻ—(സുസ്മേരവദനനായി കൈ കൊട്ടുന്നു) അയ്യയ്യാ എനിക്കിപ്പം കൊച്ചേട്ടനെ കാണാം.

യേശു—കഷ്ടം! ഞാൻ എവിടേയ്ക്കാണു പുത്രനെ തേടി പുറപ്പെടേണ്ടതു്?

ഫ്റാൻ—വല്യപ്പച്ചാ! വല്യപ്പച്ചാ! ഞാൻ പറയാം. നമ്മുടെ കൊച്ചേട്ടനെ പിടിച്ചുംകൊണ്ടു ആ തടിയൻ കങ്കാണി ഈ വഴിയ്ക്കാണു പോയതു്. (ഒരു വശത്തേക്കു ചൂണ്ടിക്കാണിക്കുന്നു.)

യേശു—ഗീതം (നമസ്തേ എൻ പ്രാണനാഥാ എന്ന മട്ടു്)

പല്ലവി

സുതനേ! എൻ മേരിദാസാ തവതാതൻ. (സുതനേ....

അനുപല്ലവി

സന്താനരഹിതനായിരണ്ടുവെന്നോമനയെത്തേടിടുവതിൻ
സന്താനലോകനമേകുവാൻ കൃപതരികയിന്നേശുദേവ. (സു....

ചരണം

മാലിവനു തീരാൻ എന്നേശുദേവ കൃപചൊരിക
വത്സലനെത്തേടിയേകനായി പോകുന്നേൻ. (സുതനേ....

(ഫ്റാൻസിസിനെ ഒരു കൈകൊണ്ടു പിടിച്ചുംകൊണ്ടു പോകുന്നു.)

കർട്ടൻ.

# രംഗം 3.

---

കങ്കാണിയുടെ മന്ദിരം.

(കങ്കാണി കൂലിക്കാരൻ തെയ്യത്താൻ വീരടിയംനോടു വളരെ ഗൗരവത്തിൽ പറയുന്നു.)

കങ്കാ—അടേ! ഇപ്പടി ഒരു സംഭവം നാൻ ഇതുക്കു മുമ്പു കേട്ടതേ ഇല്ലെ.

തെയ്യ—വെറുതെയാണോ കൂലിക്കാരനായാലും നല്ലനേരത്തു പിറന്നാലുള്ള യോഗമാണിതു്.

കങ്കാ—നീയും കൂട്ടത്തിലെ ഇരുന്തിനാ.

തെയ്യ—ഞാനും കൂട്ടത്തിൽ പണിയുന്നുണ്ടായിരുന്നു.

കങ്കാ—എപ്പടി സംഭവിച്ചതു ചൊല്ലു.

തെയ്യ—കഴിഞ്ഞ ചൊവ്വാഴ്ച പത്തുമണി കൊട്ടിയപ്പം തുപ്പണ്ടതായിപ്പും മാനേശർ യശമാനനും വേല കാണാൻ വന്നിരുന്നു. അങ്ങുന്നു അന്നു രാവിലെ പാണ്ടി അരിയുംകൊണ്ടു വണ്ടൻലോറിയിൽ കൊച്ചുകടുവാ തോട്ടത്തിൽ പോയിരിക്കയായിരുന്നു. തുപ്പണ്ടതായിപ്പു് യശമാനനോടും ഞങ്ങളോടും ഏതാണ്ടൊക്കെ പേശി; പേച്ചൊന്നു ഞങ്ങൾക്കൊന്നും തിരിഞ്ഞുമില്ല. ആരും ഒന്നും ഉരിയാടിയുമില്ല. ആക്കാ വെള്ളക്കാരൻെറ പേച്ചറിയാവുന്നതു്. ആ വേല എടുക്കാത്ത കള്ളൻ മേരീദാസൻ മുറയ്ക്കു പേശി. തായിപ്പും യശമാനനും അവനെയുംകൊണ്ടു തോട്ടം മുഴവൻ നടന്നു. വരത്തയാണെങ്കിലും ഉള്ളതു പറഞ്ഞാൽ അവൻ മേടമാതം പത്തിനു പിറന്ന രാശയോഗമുള്ളവനാ. ഇപ്പം തേ മാനേശത്യശമാനൻെറ വലംകൈയ്യാ. ആപ്പീസിലാ ഉദ്ദ്യോകം. എടുക്ലാക്കു് എന്നാ ഇപ്പം എല്ലാവരും പറയുന്നതു്. എന്തിനു് രൂപാ 135 ചമ്പളം മാതം കിട്ടും. കീററതോത്തു മാററി ഇപ്പംതേ കാച്ചുട്ടയും കോട്ടും. ചുണ്ടനും കുന്താലിയും പോയി ഇപ്പംതേ ഉറവപേനായാ കൈയിൽ ഇരിക്കുന്നതു്. അവനാ ശോകംപിറന്ന പൈയ്യൻ.

കങ്കാ—കഷ്ടം! തെണ്ടിപയിലയ്യ ചോറു കൊടുത്തതും പോരാതു അവൻ മുമ്പാകെ വന്തു അരയിലെ കെട്ടി വായ് പൊത്തി നില്ക്കണമാ.

തെയ്യ—ഏതായാലും അങ്ങുന്നു നിന്നാൽ മതിയല്ലൊ.

കങ്കാ—ഉനക്കെപ്പടി തോന്നുതു. അവനെ നാൻ തൊഴുവേനാ.

തെയ്യ—അങ്ങുന്നിന്റെ കാര്യമായതുകൊണ്ടു എനിയ്ക്കൊന്നുമറിഞ്ഞുകൂടാ. വാശിയും പുരുശതപവും ഉള്ളവന്മാരാരും അവന്റെ മുമ്പിൽ തൊഴുതു നില്ക്കയില്ല.

കങ്കാ—അവൻ ശിററപ്പാവുടയ എഴുത്തിൻപടി ഒനക്കു ശെയ്യുമുടിയുമാ.

തെയ്യ—ഓഹോ! അങ്ങുന്നു പറഞ്ഞാൽ തെയ്യത്താനു കൊഴപ്പമൊന്നുമില്ല എന്തും ചെയ്യാം.

കങ്കാ—(രഹസ്യത്തിൽ) അവനെ കൊല്ലുകതാൻ വേണ്ടതു്.

തെയ്യ—കൂട്ടത്തിൽ എന്റെ കഴുത്തുകൂടി പോയെങ്കിൽ പിന്നത്തെക്കാര്യം.

കങ്കാ—നാൻ ഏററു.

തെയ്യ—എന്നാൽ കുറച്ചു വല്ലതും വഴിച്ചിലവിനു താ. നാട്ടുക്കു പോയി എല്ലാവരെയും ഒന്നുകൂടി കണ്ടിട്ടു വരട്ടെ. വന്നു കഴിഞ്ഞാൽ തിട്ടം. തെയ്യത്താൻ എന്തും ചെയ്യാം.

കങ്കാ-ഇന്നേയ്ക്കു നാലുമണിക്കുള്ള ബസ്സിലെ അയപ്പേൻ. ആനാൽ എപ്പടി നീ കാര്യം നടൈപെറും.

തെയ്യ—കൊളപ്പമൊന്നുമില്ലാതെ ശരിപ്പെട്ടുത്തിയാൽ പോരെ.

കങ്കാ—അതു ശരി.

തെയ്യ—ഒന്നാംതീയതി മുതക്കു എന്നെ ആപ്പീസിൽ പ്യൂണാക്കണം.

കങ്കാ—അതു സാരമില്ല്യെ. നാൻ ഏററു.

തെയ്യ—മററത്തു ഞാനുമേററു. എന്നാൽ നാട്ടുക്കു പോകാൻ ഒരുങ്ങട്ടെ.

കങ്കാ—ചട്ടനെ തയ്യാർ ചെയ്യുകൾ.

(തെയ്യത്താൻ സന്തോഷിച്ചു പോയി.)

കങ്കാ—(ആത്മഗതം) ഒരുരൂപ കാണാമലിരുന്ത തെണ്ടി പയ്യൻ ഇപ്പൊഴുതു നമതു യശമാനൻ. ശാപ്പാട്ടു കൊടുത്തു ഒരു നിലമേലാക്കിയതും പോരാതു അവൻ മുമ്പാകെ കൈയ്യുംകെട്ടി നിന്നു കാശുവാങ്ങണമാ. (ഗൗരവത്തോടെ) ഒരു മാസത്തെ രൂപാ മൊത്തമായി വാങ്കുറുതുക്കു എൻ ഉടമ്പിലെ ഉശിരിരുന്താൻ സമ്മതിക്കുമാട്ടേൻ? നാൻ പോയി തെയ്യത്താൻ വീരടിയാനെ തൃപ്തിപ്പെടുത്തിനാൽ കാര്യം ശീഘ്രമാഹ നടക്കും.

(പോകുന്നു.)

കർട്ടൻ.

# രംഗം 4.

തോട്ടംവക ആപ്പീസ്.

(മേരീദാസൻ കസാലയിൽ ഇരുന്നു ജോലി ചെയ്യുന്നു. മേശപ്പുറത്തു പല കണക്കുപുസ്തകങ്ങളുണ്ട്. എന്തോ ചില കണക്കുകൾ നോക്കി ശരിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.)

(മേരീദാസൻ പുറകിൽ നിൽക്കുന്ന ഒരു പ്യൂണിനെ വിളിക്കുന്നു.)

മേരീ—പ്യൂൺ സതപരംപിള്ളേ!

പ്യൂൺ സത:—അടിയൻ.

മേരീ—(കുറെ കത്തുകൾ കൊടുക്കുന്നു) ഈ കത്തുകൾ തപാലിൽ കൊണ്ടുപോയി ഇടുക. അവിടെനിന്നും കിട്ടുന്ന

ഉരുപ്പടികൾ ഉടൻ കൊണ്ടുവരണം. "ഫോറിൻമെയിൽ" വരുന്ന ദിവസമാണിന്ന്. (എഴുത്തുകൾ വാങ്ങി സത്വരംപിള്ള പോകുന്നു.)

മേരീ—(മേശപ്പുറത്തിരുന്ന മണി ഒന്നടിക്കുന്നു. തെയ്യത്താൻ ആഗതനായി തൊഴുകൈയ്യോടെ നില്ക്കുന്നു) ദാഹിക്കുന്നു ഒരു കപ്പ് ചായ കൊണ്ടുവരിക.

തെയ്യ—ഉത്തരവ്. (പോയി വിഷം കലത്തി ഒരു കപ്പ ചായ കൊണ്ടുവന്നു മേശപ്പുറത്തു വയ്ക്കുന്നു. മേരീദാസൻ ജോലി തുടൻരുകൊണ്ടിരിക്കുന്നു.)

തെയ്യ—യശമാനനെ! ചായയുടെ ചൂടാറും. തണുപ്പുകാലമല്ലെ? ഉടൻ കുടിക്കണം.

മേരീ—വരട്ടെ. ഈ കണക്കുകൂട്ടി കഴിയട്ടെ. നീ പൊയ്ക്കൊള്ളുക. ഞാൻ കുടിച്ചുകൊള്ളാം.

തെയ്യ—(പോകാൻ ഭാവിക്കുന്നു. അല്പം നടന്നതിൻെറ ശേഷം തിരിഞ്ഞു നിന്നുകൊണ്ടു വളരെ ആദരവോടുകൂടി) യശമാനൻ കുടിച്ചിരുന്നെങ്കിൽ അടിയനു പാത്രം കൂടെ കൊണ്ടു പോകാമായിരുന്നു. പോരെങ്കിൽ തണുത്തുപോയാൽ ചായയുടെ ഗുണവും മണവും എല്ലാം പോകും യശമാനനേ.

മേരീ—നീ പോയി ജോലി ചെയ്യുക. പാത്രം പിന്നെ എടുക്കാം. കണക്കു കൂട്ടിക്കഴിയട്ടെ.

(തെയ്യത്താൻ വിഷണ്ഡനായി സാവധാനത്തിൽ പോകുന്നു. കുറെദൂരം മാറി നിന്നു നടക്കുവാൻ പോകുന്ന സംഭവം ഒളിച്ചു നോക്കി നില്ക്കുന്നു.)

(അവിചാരിതമായി കങ്കാണിയും പിന്നാലെ ഒരു കൂലിക്കാരനും പ്രവേശിക്കുന്നു. മേരീദാസൻ ഏകാഗ്രതയോടെ ജോലിയിലായിരുന്നതിനാൽ കങ്കാണിയെ കണ്ടില്ല. തന്മൂലം കങ്കാണി നീരസത്തോടെ മേരീദാസനെ പരിഹസിക്കുന്നു.)

കങ്കാ—കയ്യിലെ മൺവെട്ടിയും കുന്താലിയും ഇരുന്ത കാലം പോയി. ഉറവപ്പേന എടുത്തപൊഴുതു ബാക്കിയുള്ളവർകളെ തെരിയ ഭാവമേയില്ലെ.

(കങ്കാണിയുടെ സ്വരം ശ്രവിച്ച മാത്രയിൽ മേരീദാസൻ എഴുന്നേററു ഇരിക്കുവാൻ കസാല കാണിച്ചുകൊടുക്കുന്നു.)

മേരീ—ക്ഷമിക്കണം. ഞാൻ ധൃതിയിൽ ഒരു കണക്കു കൂട്ടിക്കൊണ്ടിരുന്നതിനാൽ കാണാഞ്ഞിട്ടാണ്. അല്ലാതെ അവിടുന്നു എന്നെ തെററിദ്ധരിക്കരുത്. (ഇരിക്കുവാൻ ആവശ്യപ്പെടുന്നു)

കങ്കാ—വേണ്ടാ, വേണ്ടാ. കങ്കാണിയ്ക്കു താങ്കൾക്കൂടെ ഒപ്പം ഇരിക്കർത്തുക്കു യോഗമിരിക്കാ. ഇതുക്കു മുമ്പേ ഹെഡ്ക്ലാക്കവർകളുടെ ഒപ്പം ഇരുന്തെ കിടയാതു. പിന്നെ എന്നത്തീയ്ക്കിപ്പം ഇതെല്ലാം.

മേരീ-അതെല്ലാം വിസ്മരിക്കുക. കങ്കാണിയെ ഞാൻ ഇപ്പഴം എൻെറ പിതാവിൻെറ സ്ഥാനത്തത്രെ വച്ചിരിക്കുന്നത്. (കങ്കാണി കേട്ടയുടൻ സന്തോഷിച്ച് ഇരുന്നു.)

കങ്കാ—അപൂർവ്വമാ നമ്മെ ഗൗനിത്താൽ നമുക്കു റമ്പം സന്തോഷം മനത്തിലെ കിടയ്ക്കും. ഒന്നുമില്ലാമൽപോനാലും ശിററപ്പനിടത്തിൽനിന്നു കൂട്ടിനാൻ കൊണ്ടുവന്ത് ഒരു മാസത്തെ ആഹാരം തൻറില്ലയാ.

മേരീ—അതിനു ഞാൻ വളരെ നന്ദിയുള്ളവനായിരിക്കുന്നു. അങ്ങെ ഞാൻ പിതാവിനെപ്പോലെ ബഹുമാനിക്കയും ചെയ്യുന്നു.

കങ്കാ—ഇന്ത മദ്ധ്യാഹ്നവേളയിലെ ഈ വളവുദൂരം വന്തതു ഒരു കാര്യം സാധിപ്പതുക്കു ആകും. നമുക്കൊരത്യാവശ്യം വന്തിരിക്കറതു. നമ്മുടെ പെൺകുളന്തയില്ലയാ. അവാളുക്കു ഒരു മംഗല്യം വന്തിരിക്കതു. ആനാൽ റമ്പമാനമായ ചിലവീറിക്കണതുകൊണ്ടു കൊഞ്ചം രൂപൈ വേണം.

മേരീ—അത് എങ്ങനെ എങ്കിലും സാധിക്കാം. വരുന്ന ആഴ്ചയിൽ എനിക്കു ശമ്പളം കിട്ടും. വേണമെങ്കിൽ ആ തുക മുഴുവൻതന്നെ എടുക്കാമല്ലൊ.

കങ്കാ—എനക്കു ഇൻേറയ്ക്കു കിടയ്ക്കണം. രൊമ്പം അത്യാവശ്യം.

മേരീ—ആകട്ടെ ഞാൻ മാനേജരവർകളോട്ട് ഒന്നു ചോദിക്കാം.

കങ്കാ—മദ്ധ്യാഹ്നത്തിലെ വെയിലിനാലെ ദാഹം റമ്പം ഇരിക്കുരുതു. അന്ത മേശപ്പുറത്തിലെ ശീമലോട്ടാ എടുങ്കോ. കൊഞ്ചം തണ്ണി ശാപ്പിടട്ടും.

മേരീ—കപ്പിൽ ഇരിക്കുന്നതു ചായയാണല്ലൊ. അതു വേണമെങ്കിൽ കുടിയ്ക്കാം.

കങ്കാ—ആമ. അപ്പടിതാൻ.

(മേരീദാസൻ ചായ എടുത്തുകൊടുക്കുന്നു. കങ്കാണി കുടിക്കുന്നു. കപ്പ് തിരിച്ചുവാങ്ങി മേശപ്പുറത്തു വയ്ക്കുന്നു. കങ്കാണി കീശയിൽനിന്ന് ഒരു ബീടിയെടുത്തു വലിക്കുവാൻ ഭാവിക്കുന്നു. തലചുററി മൂർഛിച്ചു വീഴുന്നു. മേരീദാസൻ പരിഭ്രമിക്കുന്നു. കങ്കാണിയുടെ കൂടെയുണ്ടായിരുന്നകൂലിക്കാരൻ പോലീസ സ്റ്റേഷനിലേക്കു പായുന്നു. സങ്കടപ്പെട്ടും കൊണ്ടു മേരീദാസൻ കങ്കാണിയെ ശുശ്രൂഷിക്കുന്നു. കങ്കാണി മരിക്കുന്നു.)

(പോലീസ ഇൻസ്പെക്ടർ പോലീസുകാരോടുകൂടി പ്രത്യക്ഷപ്പെടുന്നു. മേരീദാസൻ അദ്ദേഹത്തിനിരിക്കുവാൻ കസാല മാററി കൊടുക്കുന്നു.)

പോ: ഇൻ—(കുപിതനായി മേരീദാസനോട്ട്) നിങ്ങൾ ആകുന്നുവോ ഈ മനുഷ്യനെ വധിച്ചതു്?

മേരീ—അല്ല.

ഇൻ—പിന്നെ ഈ പ്രേതം ഇവിടെ എങ്ങനെ ഉണ്ടായി?

മേരീ—ദാഹിക്കുന്നു എന്നു ഈ മനുഷ്യൻ പറഞ്ഞപ്പോൾ ഞാൻ ഒരു കപ്പു ചായ കൊടുത്തു. അതു കുടിച്ചുകഴിഞ്ഞു പത്തു മിനിട്ടിനുള്ളിൽ ഇപ്രകാരം സംഭവിച്ചു. എന്തു കാരണത്താലാണെന്ന് എനിക്കറിഞ്ഞുകൂടാ.

ഇൻ-നിങ്ങളല്ലെ ചായ കൊടുത്തതു്?

മേരീ—അതെ.

ഇൻ—നിങ്ങളെ അറസ്റ്റ് ചെയ്തിരിക്കുന്നു. (പോലീസുകാർ ഉടൻ മേരീദാസൻെറ കരം ബന്ധിച്ചു.)

ഇൻ—(കൂടെയുണ്ടായിരുന്ന കൂലിക്കാരനോട്) ഈ തോട്ടത്തിൻെറ പേരെന്തു്?

കൂലി—പുലിപിടിയാർ തോട്ടം (നാല്പപാടുംനോക്കി ഊരും കൊണ്ടു് അവൻ അപ്രത്യക്ഷനായി)

ഇൻ—കെട്ടിടത്തിൻെറ നമ്പർ (ഒരു ശിപായി നോക്കി പറയുന്നു) 10-ാം നമ്പർ ഹെഡ് കാർട്ടർ.

ഇൻ—മരിച്ച ആളിൻെറ പേർ? (പറയടാ എന്നുപറഞ്ഞു ഒരു ശിപായി മേരീദാസനെ ഒന്നടിക്കുന്നു)

(മേരീ—വിലപിച്ചുകൊണ്ടു്) ചെറുവിക്രമൻ കങ്കാണി.

ഇൻ—വയസ്സ് എത്രയുണ്ടു്?

മേരീ—ഉദ്ദേശം നാല്പതു കാണും.

ഇൻ—ഈ സംഭവം എപ്പോൾ ഉണ്ടായി?

മേരീ—പതിനൊന്നു മണിക്ക് എന്നു തോന്നുന്നു.

ഇൻ—പോലീസ്സ്റ്റേഷനിൽ അറിവു തന്നതാരാണ്?

മേരീ—എനിക്കറിഞ്ഞുകൂടാ.

ഒരു പോലീസുകാരൻ—ആ മനുഷ്യൻ നമ്മുടെ കൂടെ ഉണ്ടായിരുന്നു. അയാൾ ആണല്ലൊ മരിച്ച ആളിൻെറ പേർ പറഞ്ഞുതന്നതു് (എന്നു പറഞ്ഞു നോക്കുന്നു. കാണുന്നില്ല. ഇൻസ്പെക്ടർ പോലീസുകാരനോടു കയക്കുന്നു)

ഇൻ—ദ്രോഹികൾ നിങ്ങൾ എന്തു ചെയ്യുകയായിരുന്നു. നിങ്ങളുടെ തൊപ്പി ഞാൻ ഊരിക്കും, 18-ാം നമ്പർ പോയി മഹസ്സറിൽ ഒപ്പിടിയിക്കുവാൻ രണ്ടു സാക്ഷികളെ എവിടന്നെങ്കിലും വിളിച്ചുകൊണ്ടു വേഗം വരൂ. (18-ാം നമ്പർ പോകുന്നു)

(ഇൻസ്പെക്ടർ അവിടെ കണ്ട കപ്പും മററു സാമാനങ്ങളും മഹസ്സറിൽ ചേക്കുന്നു. ഒരു ദീർഘ മഹസ്സർ നിർമ്മിക്കുന്നു.)

(തോട്ടം മാനേജർ, ററീമെയിക്കർ എന്നിവർ പ്രത്യക്ഷപ്പെടുന്നു. പിന്നാലെ 18-ാം നമ്പർ പോലീസുകാരനും കാണപ്പെടുന്നു. മാനേജർ ആകസ്മികമായിക്കണ്ട കാഴ്ച മൂലം അല്പം വിഷമിക്കുന്നു)

മാനേജർ—ഇങ്ങനെ ഒരു പ്രവൃത്തി മേരീദാസൻ ചെയ്യുകയില്ലെന്നാണ് എൻെറ ബോദ്ധ്യം.

ഇൻ–അതെങ്ങനെയും ഇരിക്കട്ടെ. വിസ്താരത്തിൽ തെളിയിക്കാമല്ലൊ. ഇതിൽ മഹസ്സർ സാക്ഷികളായി നിങ്ങൾ രണ്ടുപേരും ദയവായി ഒന്നു ഒപ്പിട്ടുതരണം. (രണ്ടുപേരും ഒപ്പിട്ടുകൊടുക്കുന്നു)

ഇൻ—(പോലീസുകാരനോടു) പ്രേതം കൊണ്ടുപോയി പോസ്റ്റ്മാർട്ടം കഴിക്കണം. ആ ചായക്കപ്പു് പരിശോധനയ്ക്കായി ഡോക്ടരെ ഏല്പിക്കണം. 18–ാംനമ്പർ! പ്രതിയെ സ്റ്റേഷനിലേക്കു കൊണ്ടുപോകുക. ഞാൻ ഉടൻ ആസ്പത്രിയിൽ എത്തും. അപ്പോൾ മററുള്ളവർ പ്രേതവുമായി അവിടെ വന്നിരിക്കണം. (പോകുന്നു)

(18–ാം നമ്പർ മേരീദാസനെ ബന്ധിച്ചുകൊണ്ടുപോകുന്നു. മററുള്ളവർ പ്രേതമെടുക്കുവാൻ ആൾ അന്വേഷിക്കുന്നു.)

കർട്ടൻ.

## രംഗം 5.

---

ഡിസ്ട്രിക്ടുകോടതി.

(വക്കീലന്മാർ, ക്ലാർക്കന്മാർ, പോലീസു ഇൻസ്പെക്ടർ മുതലായവർ കാണപ്പെടുന്നു. ജഡ്ജിയും പിന്നാലെ ഒരു വില്ലാശിപായിയും പ്രവേശിക്കുന്നു. കച്ചേരിയിലാഗതരായിട്ടുള്ളവർ ജഡ്ജിയെ ആചരിക്കുന്നു.)

ഹെഡ്ക്ലർക്ക് ഗുമസ്തൻ–(എഴുന്നേററു ജഡ്ജിയെ ബോധിപ്പിക്കുന്നു) ഇന്നു വാദം കേൾക്കുന്നതിനും വിധി പറയുന്നതിനു

മായി വച്ചിരിക്കുന്നതു 110-ൽ 59-ാം നമ്പർ പുലിപിടിയാർ തോട്ടം കൊലക്കേസ്സാണ്.

ഹെ: ഗ്ര-110-ൽ 59-ാം നമ്പർ പുലിപിടിയാർ തോട്ടം കൊലക്കേസ്സിൽ പ്രതി മേരിദാസൻ (ഒരു ശിപായി വാതുക്കൽ വന്നു വിളിച്ചു പറയുന്നു) പുലിപിടിയാർതോട്ടം കൊലക്കേസ് പ്രതി മേരിദാസൻ.

(ഒരു പോലീസുകാരൻ പ്രതിയെ ഹാജരാക്കി കൂട്ടിൽ കയററി നിറുത്തുന്നു)

ജഡ്ജി-വാദിവക്കീലിൻെറ വാദം കേൾക്കട്ടെ.

വാദി. വ-(എഴുന്നേല്ക്കുന്നു) കൊലപാതകിയായ പ്രതിയുടെ മേൽ മരണശിക്ഷ ആരോപിക്കുന്നതിനുള്ള ന്യായങ്ങൾ നിരവധിയത്രെ. അതു ഓരോന്നായി ഉദ്ധരിക്കാം.

(എ) പ്രതി ഒരു തരത്തിലും നിലയും വിലയുമുള്ള മനുഷ്യനെന്നോ, സത്യസന്ധനെന്നോ ഊഹിക്കുവാൻ കൂടെ ന്യായമില്ല. വെറുമൊരു കൂലിക്കാരനായിരുന്ന മേരിദാസൻ അവൻെറ കുടിലതയേറിയ കൗശലത്താലത്രെ ഈ സ്ഥാനം കരസ്ഥമാക്കിയതു്. അവനു ആഹാരം നല്കി ജോലിക്കു പ്രാപ്തനാക്കിയ കങ്കാണിയെക്കാൾ ഉയന്ന സ്ഥാനം സിദ്ധിച്ചതിനാൽ ആ കങ്കാണിയുടെ മുൻപിൽ പൂവ് സ്മരണകൾ ഓക്കുവാൻ ഇടയുള്ളതുകൊണ്ടു് അദ്ദേഹത്തെ ഹനിക്കുക തന്നെ നല്ലതെന്നു അവൻ തീരുമാനിച്ചു് ഇതു മഹാ നീചത്വം പ്രവത്തിച്ചതിൽ തെല്ലും അതിശയോക്തിക്കവകാശമില്ല. അഭിമാനമോ ആഭിജാത്യമോ ലേശം പോലും ലഭിക്കാത്ത വെറും നികൃഷ്ടനും ക്രൂരനുമായ മേരിദാസൻ ഈ നീചകൃത്യം പ്രവത്തിച്ചു എന്നനുമാനിക്കുന്നതിനു വലിയ അസാംഗത്യമൊന്നുമില്ല.

(ബി) ഓരോ സാക്ഷിയിൽ നിന്നും നമുക്കു വ്യക്തമായ രേഖകൾ സിദ്ധിച്ചിരിക്കുന്നു.

ചായ മേശപ്പുറത്തു വച്ചതിനോടുകൂടി തന്നെ പ്യൂൺ തെയ്യത്താൻ വീരടിയാനെ ഓടിക്കുന്നു. അതിൻെറ രഹസ്യം ചായയിൽ എന്തോ സാധനം—വിഷം ഗോപ്യമായി സംക്ഷേ

പിക്കവാനുള്ളതുകൊണ്ടത്രെ. അപ്രകാരം പ്ല്യൂൺ കണ്ടതായിട്ട സവിസ്തരം പ്രസ്താവിച്ചിരിക്കുന്നു.

ചെറു വിക്രമന്റെ ആഗമനം പ്രതീക്ഷിച്ചത്രെ പ്രതി നേരത്തെ തന്നെ ചായ തയാറാക്കി മേശപ്പുറത്തു വച്ചിരുന്നതു്.

ദാഹിച്ചു വരുത്തിയ ചായയാണു് എന്നു പറഞ്ഞിരിക്കുന്നതു വെറും അസത്യമാണു്. അപ്രകാരമാണു് വരുത്തിയതെങ്കിൽ പ്ല്യൂൺ ധൃതി കൂട്ടിയിട്ടു പോലും പാനം ചെയ്യാതെ വച്ചിരുന്നതെന്തിനു്?

ചായ പാനം ചെയ്തതു മാത്രമാണു് അരോഗദൃഢഗാത്രനായ ചെറുവിക്രമൻ കങ്കാണിയുടെ അകാലമരണത്തിനു ഹേതു എന്നു മനസ്സിലാക്കുവാൻ വേറെ യാതൊരു തെളിവും ആവശ്യമില്ല.

മൃതി അടഞ്ഞ ചെറുവിക്രമൻ കങ്കാണിപ്പാണ്ടിപ്പിള്ള പാണ്ടിദേശത്തിൽ തന്നെ അല്ല പീരുമേട്, ദേവികുളം, പെരിയാർ, മുല്ലപ്പെരിയാർ മുതലായ സ്ഥലങ്ങളിൽ സുപ്രസിദ്ധനും, ഏവരാലും പൂജിക്കപ്പെട്ടുന്ന ദേഹവും, പുലിപിടിയാർതോട്ടം, കൊച്ചുകടുവാതോട്ടം, ധ-രമാരാൽനടത്തപ്പെടുന്ന മാൻചാടി, കടുവാമൂളി, കടമാൻവെട്ടി എന്നീ ഏലത്തോട്ടങ്ങളിലുമായി ഏകദേശം നാലായിരത്തിൽപരം കൂലിക്കാരെക്കൊണ്ടു് ജോലി നടത്തുന്ന ഒരു അതിസമത്ഥനും, ധനാഢ്യനുമായ പുരുഷകേസരിയത്രെ. ഈ മഹാന്റെ നിര്യാണം വഴിയായി മേലുദ്ധരിച്ച തോട്ടങ്ങളിലും അയൽപ്രദേശങ്ങളിലുമുള്ള ജനതാമദ്ധ്യത്തിൽ വലിയ ഒരു ക്ഷോഭമുണ്ടായിരിക്കയാൽ പ്രതിയായ മേരീദാസനെ മരണശിക്ഷയ്ക്കുതന്നെ വിധിക്കണം. അപ്രകാരമൊരു വിധിയുണ്ടാകുന്നതിനു കോടതിയ്ക്കു രണ്ടു പക്ഷമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

(സി) പോലീസ് ഇൻസ്പെക്ടർ അവർകളുടെ മഹസ്സർ സാക്ഷി വിസ്താരത്തിലും ഇതുതന്നെ ദൃഢമായി തെളിഞ്ഞിരിക്കുന്നു എന്നും പ്രതി വിഷം കൊടുത്തു വധിച്ചു എന്നും ആ വധം തോട്ടങ്ങളിലെല്ലാം വലുതായ ക്ഷോഭത്തിനു ഹേതുവാക്കിയിരിക്കുന്നു എന്നും, മേരീദാസൻ കൊല നടത്തിയിരി

ക്കുന്നു എന്നുമുള്ള അദ്ദേഹത്തിൻെറ ദൃഢമായ ബോദ്ധ്യം കോടതിയിൽനിന്നും എതിൎക്കുവാൻ യാതൊരു കാരണവും കാണുന്നില്ല. പ്രസ്തുത രേഖാസഹിതമുള്ള അവരുടെ അഭിപ്രായം അടിസ്ഥാനമാക്കി ഒരു വിധിയത്രെ ഉണ്ടാകേണ്ടതു്.

(ഡി) ഡോക്ടർമാരുടെ സർട്ടിഫിക്കററു ശ്രദ്ധാവിഷയമത്രെ. (വായിക്കുന്നു) "പോസ്റ്റ്മാർട്ടത്തിനായി അയച്ച ചെറുവിക്രമൻ കങ്കാണിയുടെ പ്രേതം പരിശോധിച്ചതിൽ അദ്ദേഹത്തിൻെറ അകാലനിൎയ്യാണത്തിനുള്ള ഹേതു വിഷബീജങ്ങൾ ആമാശയത്തിൽനിന്നും രക്തത്തിൽ കലൎന്നു രക്തനാഡിയിൽകൂടി ശരീരമാസകലം വ്യാപിച്ചതുകൊണ്ടു മാത്രമാണു്. പരിശോധനയ്ക്കയച്ചുതന്ന കപ്പിൽ ശേഷിച്ചിരുന്ന ചായ വളരെ സൂക്ഷ്മമായി വേണ്ട ഉപകരണങ്ങളോടുകൂടി ആരാഞ്ഞുനോക്കിയതിൽ എഴുപത്തഞ്ചു ശതമാനം ശക്തിയായ വിഷം ആ ചായയിൽ കലൎന്നിട്ടുള്ളതായി കാണുന്നു."

എന്നു്, ഡിസ്ത്രിക്ട് ചീഫ് സർജൻ.

ഇതിൽ ഉപരിയായി എന്തു രേഖയാണു് കോടതിക്കാവശ്യമുള്ളതു്.

വിഷം കലൎന്ന ചായ പ്രതിയാണു് കൊടുത്തതെന്നു് പ്രതിതന്നെ സമ്മതിക്കുന്നു. എന്നാൽ ചായ മാത്രമാണു് കൊടുത്തതെന്നും വിഷം നൽകിയില്ലെന്നുംമററും ബാലിശമായ യുക്തി അദ്ദേഹം കൊണ്ടുവരുന്നതിൽ അതിശയോക്തിക്കവകാശമില്ല. ജീവനിൽ ഏതു ജീവിയ്ക്കും കൊതിയുണ്ടല്ലോ.

കപ്പിനകത്തു വിഷം കൂടുതലായി കലൎന്നിരിക്കുന്നുവെന്നു ഡിസ്ത്രിക്ട് സർജൻ വാദിക്കുന്നു. അതു പാനം ചെയ്കതത്രേ അകാലമരണത്തിനുള്ള ഹേതു എന്നുകൂടി ഡോക്ടർ സാക്ഷിക്കുന്നു. ഇതിൽ കൂടുതൽ എന്തു തെളിവാണു് വാദിഭാഗത്തുനിന്നും ഹാജരാക്കേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. കോടതിതന്നെ വിധിക്കട്ടെ. വിഷം കൊടുത്തു കൊല നടത്തിയിരിക്കുന്നു എന്നു സ്പഷ്ടമായി തെളിഞ്ഞിരിക്കെ ആ വിഷം കൊടുത്ത നീചനെ എന്തു ചെയ്യേണ്ടു എന്നുള്ളതു് കോടതിയുടെ ഇഷ്ടമ

ത്രെ. ഈ ധമ്മരാജ്യത്തു നീതിന്യായം നടത്തി ജനതാമദ്ധ്യത്തിലുള്ള ക്ഷോഭം നശിപ്പിക്കണമെന്നു കോടതി വിചാരിക്കുന്നെങ്കിൽ സുപ്രസിദ്ധനും ധമ്മിഷ്ഠനും നിരപരാധിയുമായ ചെറുവിക്രമൻ കങ്കാണിയെ ഹനിച്ച കുററക്കാരൻ മേരീദാസനെ വധശിക്ഷയ്ക്കു വിധിക്കണം. അപ്രകാരമൊരു വിധിതീർപ്പ് കോടതിയിൽനിന്നുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ടു ഞാൻ തൽക്കാലം വിരമിക്കുന്നു.

(പ്രതിവക്കീൽ ഹാസ്യരസത്തോടെ എഴുനേൽക്കുന്നു)

പ്ര. വ—എന്റെ സ്നേഹിതൻ മിസ്റ്റർ ദീർഘകായം പിള്ള ദീർഘനേരം ചിന്തിച്ചതിന്റെ ഫലമായി കുറെ മുടന്തൻന്യായങ്ങളുദ്ധരിച്ച് നിരപരാധിയായ ഒരു യുവാവിനെ മരണശിക്ഷയ്ക്കു വിധിച്ചിരിക്കുന്നുപോലും. പക്ഷെ വിധി തീർപ്പ് നീതിമാത്രപ്രസക്തിയുള്ള കോടതിയിൽനിന്നാകകൊണ്ടുള്ള ഏക ആശ്വാസമേ സത്യസന്ധനായ പ്രതിക്കും പ്രതിഭാഗം വക്കീലിനുമുള്ളു.

വാദിവക്കീൽ 'എ അക്കത്തിൽ സ്ഥാപിച്ചിരിക്കുന്നതു പ്രതി നിലയും വിലയുമുള്ള ഒരാളല്ലെന്നും തന്മൂലം ഇത്ര നീചമായ ഒരു പ്രവൃത്തിയ്ക്കു ഒരുങ്ങിയതിൽ അതിശയോക്തിക്കവകാശമില്ലെന്നുമാണ്. കാരണം ഒരു കൂലിക്കാരന്റെ പദവിയിൽനിന്നും ഹെഡ്ക്ലാക്കായി പരിണമിച്ചതത്രെ. കഷ്ടം! ഇപ്രകാരം വാദിക്കുന്ന വക്കീലിനെക്കുറിച്ചു കോടതിതന്നെ എന്തു വിചാരിക്കുന്നു? ഏററവും താണപദവിയിൽ നിന്ന് ഒരു മനുഷ്യൻ ഉയരുന്നതു അവന്റെ കാര്യക്ഷമത, സത്യസന്ധത ഇത്യാദി വിശിഷ്ടഗുണങ്ങൾ കൊണ്ടാണെന്നും അല്ലാതെ നീചത്വംകൊണ്ടല്ലെന്നും ഇനിയെങ്കിലും ഒന്നു മനസ്സിലാക്കിയാൽ ഈ തരത്തിലുള്ളതും ആരാലും അവഹേളിക്കപ്പെടുന്നതുമായ ന്യായങ്ങൾ പുറത്തു വിടാതെ അകതാരിൽ അടക്കിക്കൊള്ളും. ലോകചരിത്രത്തിൽ ഏററവും താണ പദവിയിൽ നിന്നു ഉയന്നവരായ നെപ്പോളിയൻ, ഷേക്സ്പീയർ, മുസ്സോളിനി തുടങ്ങിയവർ ഈ ധമ്മരാജ്യത്താണെങ്കിൽ രാമയ്യൻ

ദളവാ, രാജാകേശവദാസൻ എന്നീ മഹത്തുക്കൾ അവരുടെ വഞ്ചനയാലാണെന്നാണോ മിസ്റ്റർ ദീർഘകായംപിള്ള വാദിക്കുന്നതു്. പ്രതിക്കു അഭിമാനമോ ആഭിജാത്യമോ ലവലേശം സ്പർശിച്ചിട്ടുപോലുമില്ലെന്നു പറയുന്നല്ലൊ. പ്രതിയായി ഇവിടെ അവരോധിക്കപ്പെട്ടിരിക്കുന്ന മേരീദാസൻെറ വദനം ഒന്നു വീക്ഷിച്ചാൻ ഉടൻതന്നെ അഭിമാനവും ആഭിജാത്യവുമെല്ലാം അദ്ദേഹത്തിനുണ്ടെന്നു മനസ്സിലാക്കാൻ സൂക്ഷ്മദൃഷ്ടികൾക്കു വൈഷമ്യമില്ല. എൻെറ മാന്യ സ്നേഹിതൻ വാദിവക്കീൽ ഒഴിച്ചു വേറൊരു മനുഷ്യനു ഈ തരത്തിൽ ഒരു വിധിയെഴുതുവാൻ സാധിക്കുമോ എന്നു ഞാൻ സന്ദേഹിക്കുന്നു.

എന്നാൽ അവഗാഢം വിചിന്തനം ചെയ്യുന്ന കോടതി, നിർഭാഗ്യവശാൽ വെറും താണ പദവിയിൽ സ്ഥിതിചെയ്യേണ്ടതായി വന്ന മേരീദാസൻ തൻെറ ജന്മസിദ്ധവും സ്വയാർജ്ജിതവുമായിട്ടുള്ള വിശിഷ്ട ഗുണങ്ങളാൽ ഉൽക്കർഷസോപാനത്തിൽ മന്ദം മന്ദം ഉയൎന്നു് ഇപ്പോൾ പ്രശംസനീയമായ ഒരു സ്ഥാനത്തിൽ എത്തിയിരിക്കുന്നു എന്നു മനസ്സിലാക്കണം. അതിനാൽ ഗുണസമ്പന്നനായ ഈ പ്രതി ഇപ്രകാരമൊരു നീചകൃത്യത്തിനു സന്നദ്ധനാകയില്ലെന്നത്രേ ഊഹിക്കേണ്ടതു്.

സാക്ഷിയിൽനിന്നും വാദിവക്കീൽ ശേഖരിച്ച ഒരു രേഖ 'ബി' അക്കം ചായ മേശപ്പുറത്തു വച്ചതിനോടുകൂടിത്തന്നെ പ്യൂണിനെ ഓടിക്കുന്നതു എന്തോ വിഷം രഹസ്യമായി അതിൽ കലത്തുവാനാണെന്നാണു്. ചായ കുടിക്കുവാൻ പ്യൂണിൻെറ സഹായം ആവശ്യമില്ലെന്നും ശപാദസോച്ഛ്വാസംപോലു മടക്കി കരംകൊണ്ടു വദനം പൊത്തി തൻെറ മുമ്പിൽ നിന്നു തൻെറ വിലയേറിയ സമയം നഷ്ടപ്പെടുത്താതെ ആ പ്യൂൺ അവനു നല്കിയിരിക്കുന്ന ഇതര ജോലി നിർവിഘ്നം നിറവേറുവാൻ പൊയ്ക്കൊള്ളട്ടെ എന്നു വിചാരിച്ചയച്ചതാണെന്നു ധരിക്കണം. ചായയിൽ വിഷം കലത്തുന്നതു ദൂരെ നിന്നു സാക്ഷി കണ്ടു എന്നു പറയുന്നു. ഏകദേശം മൂന്നു സംവത്സരമായി ദൂരെക്കാഴ്ച നിശ്ശേഷം നഷ്ടമായ പ്യൂൺ തെയ്യത്താൻ വീരടിയാൻ ദൂരെനിന്നു ഒളിച്ചു നോക്കി വിഷം കല

ണ്ടുന്നതു കണ്ടു എന്നു പറയുന്നതിലുള്ള വാസ്തവം എത്രമാത്രമു ണ്ടെന്നു കോടതിക്കു തന്നെ ബോദ്ധ്യമാകുന്നതാണല്ലൊ. സാധാരണയായി ഒളിച്ചു നോക്കുന്ന സ്വഭാവം അയാൾക്കില്ലെന്നും അന്നു മാത്രം ഈ ദുസ്വഭാവമുണ്ടായെന്നുമാണ് പറയുന്നത്. ഇതിൽ തന്നെ വല്ല സത്യവുമുണ്ടോ? കൂടാതെ ദൂരദൃഷ്ടിയില്ലാത്തവൻ വിദൂരത്തിൽ വീക്ഷിച്ചു എന്തോ കണ്ടുപോലും. കണ്ടതു വിഷംതന്നെയാണെന്നു മനസ്സിലാക്കിയിരിക്കുന്നു. അതും വെറുമൊരു വിചാരംകൊണ്ടു് ഊഹിച്ചെടുത്തതുമാണ്. ഈ തരത്തിലുള്ള സാക്ഷിമൊഴികൾ വിശ്വാസയോഗ്യമെങ്കിൽ ആരെയും കോടതിക്കു മരണശിക്ഷയ്ക്കു വിധിക്കാം.

കങ്കാണിയായ ചെറുവിക്രമനെ പ്രതീക്ഷിച്ചതായി പറയുന്നതു വെറും കളവാണെന്നു പ്രതിയെ വിസ്തരിച്ചതിൽനിന്നും മനസ്സിലാക്കാം അദ്ദേഹം അവിചാരിതമായി എന്തോ കാര്യലബ്ധിക്കു വേണ്ടി അവിടെ പ്രത്യക്ഷപ്പെട്ടതാണ്.

ദാഹിച്ചു വരുത്തിയ ചായ ഉടൻ കുടിക്കാഞ്ഞതു തൻെറ ജോലിത്തിരക്കുകൊണ്ടായിരുന്നു എന്നു പ്രതിയിൽനിന്നു മനസ്സിലാകുന്ന സ്ഥിതിക്കു വാദിവക്കീലിൻെറ ദുർവ്യാഖ്യാനത്തിന്നു അവിടെ ആവശ്യമില്ല. ദാഹത്തിന്നു അറുതിയുണ്ടെന്നു ചിലപ്പോൾ ദാഹിച്ചുംകൊണ്ടു വാദിക്കുന്ന വക്കീൽ പോലും സമ്മതിക്കും. മേരീദാസൻ വെള്ളം കുടിക്കുവാൻ ലഭിക്കാതെ ആസന്നനിർവ്വാണനായിട്ടല്ലാ കാണപ്പെട്ടിരുന്നത് എന്നു ഒന്നു ദയവായി ധരിക്കണം.

വിഷംകലന്ന ചായ കുടിച്ചതാണു കങ്കാണിയുടെ അകാലചരമത്തിനുള്ള ഹേതു എന്നു വാദിക്കുന്നു. അതു വാദത്തിന്നു വേണ്ടി സമ്മതിച്ചാൽ തന്നെയും മേരീദാസനാണു ചായയിൽ വിഷം കലത്തിയതെന്നു വരുന്നില്ല.

കങ്കാണി ലോകപ്രസിദ്ധനാണെന്നു പറയുന്നു. സുപ്രസിദ്ധനെ വധിച്ചാൽ മാത്രമേ കേസിന്നു ഊർജ്ജിതമുള്ളു എന്നു കണ്ടിട്ടായിരിക്കാം വാദി വക്കീൽ അപ്രകാരമൊന്നവതരിപ്പിച്ചതു്. അതെങ്ങനെയുമിരിക്കട്ടെ.

ചെറുവിക്രമൻ രാജ്യമൊട്ടുക്കു ഖ്യാതി നേടിയതു തൻെറ വിക്രമത്വംകൊണ്ടാണോ എന്നുകൂടി ഒന്നു സന്ദേഹിക്കരുതോ? ഏതായാലും അദ്ദേഹം കൂലിക്കാരുടെ മേലാദായം മൂലം പാണ്ടിദേശം വിട്ടു ഇവിടെ വന്നു ഉപജീവനം കഴിക്കുന്ന ഒരു കങ്കാണിയാണ്. അതിനാൽ വാദിവക്കീൽ വാദിക്കുംപോലെ പ്രക്ഷോഭണം ജനതാമദ്ധ്യത്തിലുണ്ടായതായോ ഉണ്ടാകുവാൻ ഇടയുള്ളതായോ സംശയിക്കുവാൻ വഴിയില്ല. മഹസ്സർ സാക്ഷികളെപ്പോലും ഇൻസ്പെക്ടർ ആളയച്ചുവരുത്തുകയാണുണ്ടായതു്. ഇന്നുതന്നെ വിധികേൾക്കുന്നതിനൊ വാദംശ്രവിക്കുന്നതിനോ വേണ്ടി വിശേഷവിധിയായി ഒരുത്തൻപോലും കച്ചേരിയിൽ വന്നിട്ടില്ല. അതിനാൽ ജനക്ഷോഭമെന്നുള്ളതു് യാതൊരു കഴമ്പുമില്ലാത്ത പ്രലപനമെന്നേ ഗണിക്കേണ്ടതുള്ളു.

'സി' അക്കം പോലീസു ഇൻസ്പെക്ടർ അവർകളുടെ മഹസ്സർ ഒരു രേഖയായി കൊണ്ടുവരുന്നു. അതിൽ പ്രതിയുടെ മേൽ കുററമാരോപിക്കുന്ന നവരേഖയൊന്നുമില്ല. അദ്ദേഹം തൻെറ കൃത്യം ഭംഗിയായി നിറവേററി എന്നേയുള്ളു. പോരെങ്കിൽ രണ്ടു മാന്യന്മാരെ വരുത്തി മഹസർ തയാറാക്കിക്കഴിഞ്ഞതു കണ്ടതായിട്ടു ഒപ്പിടുവിച്ചിട്ടുമുണ്ടു്.

(ഡി) അക്കം അവസാനമായി അവതരിപ്പിച്ചിരിക്കുന്ന രേഖ ഡോക്ടർ അവർകളുടെ സർട്ടിഫിക്കററാണ്. ഈ സർട്ടിഫിക്കററു ഞാനോ പ്രതിയോ നിഷേധിയ്ക്കുന്നില്ല. ഇതുകൊണ്ടു മേരീദാസൻ കുററക്കാരനാകുന്നതുമില്ല. വിഷം ചായയിൽ കലർന്നിരുന്നു എന്നും അതു പാനം ചെയ്തതാണു മരണഹേതു എന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു വിഷം എങ്ങനെ ഉണ്ടായി എന്നോ ആരു കലത്തി എന്നോ ഡോക്ടർ കണ്ടുപിടിക്കാത്ത കാലത്തോളം ഈ അപരാധം പ്രതിയിൽ എങ്ങനെ ആരോപിക്കാം?

ചായപ്പാത്രം മേശപ്പുറത്തു തുറന്നാണിരുന്നതു്. അപ്പോൾ കെട്ടിടത്തിൻെറ ഊർദ്ധ്വഭാഗത്തുനിന്നും വല്ല വിഷകീടവും ആ ചുട ചായയിൽ വീണു അതിൻെറ വിഷം ചായയിൽ കലന്നതായിട്ടു ഊഹിക്കരുതോ? വാദി വക്കീൽ ഈ ഭാഗം സ്പർശി

ക്കുന്നതേ ഇല്ല. അപ്രകാരം സംഭവിച്ചിരിക്കാനാണു കൂടുതൽ ന്യായം ഞാൻ കാണുന്നതു്. അഥവാ മേരീദാസനെ അപരാധിയാക്കുവാൻ ആ പ്യൂൺ ചെയ്ത ഒരു കൃത്രിമമായിരിക്കാമിതു്. അവൻെറ മൊഴികൾ തന്നെ അവനെ വല്ലാതെ കുഴയ്ക്കുന്നുണ്ടു്. അവ ഓരോന്നും അസത്യമാണെന്നൂഹിക്കുവാനേ തരമുള്ളു. കൂടാതെ സാക്ഷി വിഷം കലത്തുന്നതായി കണ്ട രേഖ വെറും ഒരു വിചാരം മാത്രമേയുള്ളു. ഈ ഊഹമാകുന്ന പ്യൂണിൻെറ വിചാരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വാദിവക്കീലിൻെറ വാദകോലാഹലങ്ങളുടെ യാഥാത്ഥ്യം എന്തുമാത്രമുണ്ടെന്നു കോടതിയ്ക്കു വ്യക്തമാകണമെങ്കിൽ ഒന്നാം സാക്ഷി തെയ്യത്താൻ വീരടിയാനെ "പ്രോസിക്യൂട്ട്" ചെയ്തു ഈ കേസ്സിലെ ഒരു പ്രതിയായി വിസ്തരിക്കേണ്ടിയിരിക്കുന്നു.

ജഡ്ജി--വാദി വക്കീൽ അങ്ങനെ അഭ്യത്ഥിക്കുന്നില്ല.

പ്ര: വ–ഉത്തരവു്.

അവസാനമായി കോടതി മുമ്പാകെ പ്രതിവക്കീൽ എന്ന നിലയ്ക്കു എനിക്കവതരിപ്പിക്കാനുള്ളതു മേൽ ഉദ്ധരിച്ച ന്യായങ്ങളാൽ വാദിവക്കീലിൻെറ വാദകോലാഹലം മുഴുവൻ അസ്ഥാനത്തായിരിക്കുന്നു എന്നാണു്. നിഷ്പക്ഷനിലയവലംബിക്കുന്ന കോടതിയിൽ നിന്നും സാക്ഷാൽ നിരപരാധിയായ പ്രതി മേരീദാസൻ നിർദ്ദോഷിയാണെന്നു് ഒരു വിധി തീർപ്പുണ്ടാകുമെന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടി ഞാൻ എൻെറ വാദം അവസാനിപ്പിച്ചുകൊള്ളട്ടെ.

(വാദത്തിനിടയിൽ കുറിച്ചെടുത്ത കുറിപ്പുകൾ നോക്കിക്കൊണ്ടു ജഡ്ജി കുറേ നേരം ചിന്താമഗ്നനായിരിക്കുന്നു)

ജഡ്ജി—ഇരുഭാഗത്തേയും ശക്തിയായ വാദം ഞാൻ കേട്ടതിൽ ചെറുവിക്രമൻ കങ്കാണി വിഷപാനത്താൽ അകാലമരണം പ്രാപിച്ചു എന്നും അതു് പ്രതി കൊടുത്ത ചായയിൽ കലന്നിരുന്ന വിഷം മൂലം ആയിരുന്നു എന്നും ഇരുഭാഗക്കാരും ഡിസ്ത്രിക്ട് സർജ്ജനും സമ്മതിച്ചിരിക്കുന്നു. എന്നാൽ ആ ചായ കൊടുത്തതു പ്രതി അല്ല എന്നു പ്രതിവക്കീൽ വാദിക്ക

ന്നില്ല. ചായ കൊട്ടത്തതു താനെന്നു പ്രതി സമ്മതിക്കയും ചെയ്യുന്നു. കൂടാതെ വാദിഭാഗത്തുന്നിന്നും ഈ കുററത്തിനു വേറൊരുത്തനെക്കൂടെ ഭാഗഭാക്കാക്കുകയോ, പ്രതി ഈ കുററം ഒരു പരനിൽ കൂടി ചുമത്തുകയോ ചെയ്യാത്ത കാലത്തോളം ഈ അപരാധത്തിൽ നിന്ന് മേരീദാസൻ വിമുക്തനാകുന്നില്ല. വിഷം എങ്ങിനെ ഉണ്ടായി എന്നു ആരും കാരണസഹിതം തെളിയിക്കാത്ത കാലത്തോളം അതിൻെറ ഉത്തരവാദിത്വം പ്രതിയിൽനിന്നു മാറുന്നില്ല. ആയതിനാൽ അപരാധത്തിനനുരൂപമായ ഒരു വിധിയുണ്ടാകേണ്ടതു കോടതിയുടെ ധമ്മമാണ് തന്നിമിത്തം 110-ൽ 59-ാം നമ്പർ പുലിപിടിയാർ തോട്ടം ചെറുവിക്രമൻ കങ്കാണിയെ വധിച്ചു എന്ന കൊലക്കേസിൽ പ്രതി ഹെഡ്ക്ലാക്ക് മേരീദാസൻ കുററക്കാരനെന്നു കണ്ടു അവനെ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു.

(കോടതി പിരിഞ്ഞു)

(മേരീദാസനെ പോലീസുകാർ വിലങ്ങുവച്ചു കൊണ്ടുപോകുന്നു. മേരീദാസൻ ശോകമൂർഛിതനായി വിലപിക്കുന്നു)

ഗീതം (ഓമനേ! അനാക്കലീ എന്ന മട്ട്)

മേരീ—നാഥയേ! എൻ പാലികേ! പോകുന്നു ഞാൻ
നാഥയേ! എൻ പാലികേ പോകട്ടെ! ഞാൻ.
സാധുയിവനുടെ പ്രാണനയ്യോ
കാരുണ്യ സംപൂർണ്ണേ വേർവെടിയും.
പാലികേ! പാലിക്കണേ! സാധുവിവൻ പോകട്ടെയോ
നിർമ്മലസ്ത്രീരത്നമേ! നിൻസുതനിതാ പോയിടുന്നു. (നാഥയേ

പോലീ—മതി മതി കരഞ്ഞതു മതി. നമുക്കു കൊലച്ചോറുണ്ണാൻ പോകാം.

മേരീ—അയ്യോ! എന്നെ വധിക്കരുതേ!

പോലീ—അതേടാ! വിധിച്ചതു കേട്ടില്ലേ. വധിച്ചില്ലെങ്കിൽ ഞങ്ങളുടെ വായിൽ മണ്ണുടിയും. നല്ലകാര്യം.

മേരീ—അപ്പീലിൽ ഗുണം കിട്ടിയെങ്കിലോ?

പോലീ—എടാ അതുകഴിഞ്ഞേ നിന്നെ വധിക്കയുള്ളു. ജാമ്യത്തിന്ന അപ്പീൽ പോയിട്ട നീ കണ്ടില്ലേ. കീഴ്കോർട്ട വിധി ഇതും ശരിവയ്ക്കുകയേ ഉള്ളു. അല്ലാതെ നിനക്കൊരാശയ്ക്കും വഴിയില്ല.

മേരീ—എന്റെ ദൈവമേ! ഈ നിരപരാധിയുടെ വിധി യിതൊ?

പോലീ—നിരപരാധി, അതേടാ, നീ അല്ലേ നിരപരാധി. നടക്കടാ വേഗം (എന്നു പറഞ്ഞു പിടിച്ചുംകൊണ്ടു പോകുന്നു)

കർട്ടൻ.

# രംഗം 6.

---

അരണ്യം

(കുറേ വേടന്മാർ കാണപ്പെടുന്നു.)

ചങ്കരൻ—എടാ; കീറാമുട്ടിചേട്ടാ നാട്ടിൻപുറത്തു നിന്നു ഒരു തമ്പുരാൻ വന്നാന്നു നീ കണ്ടോ.

കീറാമുട്ടീ—ഞമ്മ ഇന്നുമുളവൻ വെറുതെ അള്ള മുളവൻ മാന്തി മാന്തി ചീണിച്ചപ്പം കുറച്ചു മരവെള്ളം മോന്താൻ പോയാന്നു. അവനെ കണ്ടോന്നാ അതുമില്ല. പിന്നെഎങ്ങനടാ പൂവെ! നാട്ടുംപുറത്തുനിന്നു വന്തിരുന്ന തമ്പുരാനെകാണണേത്?

കീരാനച്ചൻ—നില്ലെടാ പൂവേ! നാനും കണ്ടാന്നു. എടാ ഒരു തുന്തരൻപുള്ള അല്ലേ? അവനക്കമീശ—അമ്പോ കൊമ്പൻ

മീശ അല്ലാന്നോ? ഞമ്മ കണ്ടപ്പം പേടിച്ചു ഛിപായി തമ്പുരാക്കന്മാരാണെന്നാ ഓത്ത്ത്. ഒള്ളതു പഴഞ്ഞാൽ ഒററ ക്കണ്ണു കണ്ടാന്നപ്പം ഞമ്മ ഓടി കേട്ടാ.

ഛങ്ക—എടാ ചൂലെ! നീ പേടിപുള്ളയാണോടാ കള്ളതെ! തമ്പുരാൻ ഞമ്മെക്കാണാൻ വന്നതല്ലേടാ ചേട്ടാ!

കീറാമുട്ടി—അതെന്തുക്കാടാ ഛങ്കരാ. വല്ലതും കിടക്കുമോ ടാ. കീരാനച്ചന്ന പണ്ടേ പേടിയാ. നിനക്കറഞ്ഞുക്രൂടാന്നോ കീറാമുട്ടിചേട്ടന്ന പേടി ഇല്ലാന്നെന്ന്.

കീരാനച്ചൻ—പോടാ, കള്ളതക്കുട്ടരെ, ഞമ്മ ഇല്ലെങ്കിൽ കാണാം. തങ്കതി പറ. എന്തിനാ തമ്പുരാൻ വന്നാന്നത്.

ഛങ്ക—നാളെ കാളത്തു ഒരു തേട്ടം വേണം. അതിന്ന് താലസ്യതമ്പുരാൻ വരും. വേട്ടകളിക്കാൻ അഞ്ചാറെണ്ണത്തിനെ പുറത്തിറക്കിക്കാട്ടണം.

കീറാമുട്ടി— പണ്ട, പണ്ട വന്ന തായിപ്പുതമ്പുരാനാണോ ടാ വരുണത്. എന്നാൽ അഞ്ചാറുപേരെ കെട്ടിനിറുത്തണ മല്ലോടാ.

കീരാനച്ചൻ—അല്ലടാ കീറാമുട്ടി കള്ളതേ. വല്ലതും കിട ച്ചോ. ഇപ്പം ഞമ്മക്കെല്ലാവക്കും ക്രൂടി ഒന്ന മോന്താൻ.

ഛങ്കരൻ—ഞഹാ! ഛങ്കരൻ വെറുതെ വിടുവാന്നോ. രണ്ടു തുവാ ചെമ്പുകാശു വാങ്ങി. എന്നാലു ഒരു തങ്കതി ഛങ്ക രൻ പറയാം. കാലത്തു തന്നെ കാട്ടിൽ കേറി തങ്കതി കണ്ടു പുള്ളികളെ നിറുത്തിക്കോണം. തമ്പുരാൻ പുകക്കൊളലും ഉണ്ടയുമായിട്ടാ വറണത്. ഒട്ടും താമഴിക്കയില്ലന്നാ പറയണ ത്. ചേട്ടാ, നീ കേട്ടോടാ.

കീറാമുട്ടി—നമ്മ ഏററാ തങ്കതിയെല്ലാം, ഇപ്പം ഒന്ന മോന്താം. പോകാമടാ.

കീരാനച്ചൻ—എടാ ഛട്ടമ്പി കള്ളതകളെ! നമുക്ക ഞമ്മ ന്റെ കുടിലിൽ ക്രൂടി കടന്നു പോകണമടാ. രണ്ടു ഉടമ്പു ഞമ്മ പെണ്ടാട്ടിയെ ഏല്പിച്ചാന്ന. അതു ഇപ്പം വെന്തു വെന്തു നല്ല പോലെ വെന്തുകാണമല്ലേടാ.

ചങ്ക—ഓഹോ! അതിപ്പം നിൻെറ പെണ്ടാട്ടിയുടെ വയററിൽ തപ്പിയാൽ കാണുമടാ കള്ളതെ. നിനക്കു എല്ലു നക്കിയാലും മതിയല്ലോടാ വെറും നക്കിക്കള്ളതേ.

കീരാനച്ചൻ—എന്നാ ഇന്നു ചാത്രി അവളുക്കു ഉശിരു് ഞമ്മാൻെറ ചേളാവില്ല്.

കീറാമുട്ടി—ചരിചരി. തമ്പുരാനെ കണ്ടാന്നപ്പം നിൻെറ തൈര്യം എവിടാന്ന്. വെടലമാടാ! കൊമ്പൻമൂശ കണ്ടാന്നപ്പം പേടിച്ച നീ ആണോടാ കള്ളതതലയാ പെണ്ടാട്ടിക്കു നേരെ നിക്കാൻ തൈര്യമുള്ള ആണച്ചൻ, എടാ വെടലത്തലയാ! അവാള്ള ഞമ്മൻെറ ചേഴക്കാരത്തി പെങ്ങളാ, കള്ളതേ! ഓത്തുവേണം കളിക്കാൻ.

കീരാ—(കുപിതനായി) നീ പോടാ പട്ടി. എനിക്കിട്ടെന്താ കാട്ടുമടാ. (എഴുന്നേററു കീറാമുട്ടിയെ തള്ളുന്നു.)

കീറാമുട്ടി—അത്രക്കായോടാ ചൂലേ! (തമ്മിൽ പ്രഹരം)

കർട്ടൻ.

# രംഗം 7.

വനം.

(ഹൈക്കോർട്ടിൽ കൊടുത്ത അപ്പീൽ കീഴ്ക്കോടതി വിധി ശരിവച്ചതിനാൽ മേരീദാസനെ വെടിവച്ചു വധിക്കുവാനായി ഒരു പോലീസുകാരൻ തോക്കുമായി വനത്തിൽ കാണപ്പെടുന്നു.)

ഗീതം (ഉലകം വാഴ്ക എന്ന മട്ടു്)

മേരീ— വരുവതേതും മരണകാലം
ഇവനിതാണോ പരനെ നാശം
മമതാതാ! ആരുമില്ലെ നാഥെ മാതെ

പാപി രക്ഷയേകുവെൻ അമ്മയെ ബഹു
മാന്യജ്ഞാനമുത്തിരക്ഷയേകുവെൻ അമ്മയേ.(വരു....

പോലീ—ഈ നിൽപു നിന്നുകൊള്ളണം. ഉണ്ട ചങ്കിൽ തന്നെ പായണം.

മേരീ—(മുട്ടുകുത്തുന്നു) എൻെറ ദൈവമേ! ഈ ബാലൻെറ പാപങ്ങൾ ക്ഷമിക്കണമേ! അവിടുത്തെ തിരുഹൃദയത്തിൽ നിന്നും പ്രവഹിക്കുന്ന സ്നേഹാഗ്നിയാൽ എന്നെ ജ്വലിപ്പിക്കണമെ. (ആത്മഗതം)

എൻെറ പ്രിയതാതനിപ്പോൾ എവിടെ ആയിരിക്കാം?

പോലീ—നീ ഇത്തറിക്കാരനാ. പിന്നെ നിൻെറ അച്ഛൻെറ കാര്യം പറയാനുണ്ടോ? അയാൾ നേരത്തെ തുലഞ്ഞുകാണും.

മേരീ—ഈ പാപിയുടെ ജീവിതം അവസാനിക്കാറായി. എൻെറ അമ്മേ! നിരപരാധിയായ എന്നെ കൈവിടരുതേ. ആ വൈദികൻെറ ഉപദേശം ഞാൻ സ്മരിക്കുന്നു. എൻെറ ദേഹിയെ, നാഥെ! അങ്ങേ തിരുക്കുമാരൻ പക്കൽ സമർപ്പിക്കണമെ. (സ്വരത്തിൽ വിലപിക്കുന്നു)

ഗീതം (കൃഷ്ണാ കൃഷ്ണാ മുകുന്ദനേ എന്ന മട്ട്.)

അമ്മേ! അമ്മേ! സുതനെ കേൾ നീ
തായേ! പാപിയെത്തുണ നീ നാഥേ! അമ്മേ........
തരണേ! വരമേ! നാരീ മൗലേ!
വരമെനിക്കരുൾചെയ് ദാസനുമേ
ഗതിയോ മമ ഇഹത്തിൽ നീ താനേ. അമ്മേ........
ഊഴിയിൽ പാപിയായ് പിറന്നേൻ ഞാൻ
പിഴകൾ പലതും ചെയ്തുപോയേൻ ഞാൻ
മേരിയേ! കനിവുനിറഞ്ഞു കാക്കേണേ. അമ്മേ........

പോലീ—എടാ പാട്ടു കേട്ടുകൊണ്ടിരുന്നാൽ നമ്മുടെ വായിൽ മണ്ണടിയും. ഇതിനൊക്കെ ഒരു "ടൈയിം" ഉണ്ട്. വെടിമരുന്ന് തണുത്തുപോകും.

മേരീ—ഹേ! സ്നേഹിതാ! അവിടുന്നു കൃത്യം നിവ്വഹിച്ചാലും.

പോലീ—എടാ ധിക്കാരീ! നിന്റെ സ്നേഹിതൻ ഞാനോടാ?

മേരീ—അവിടന്നു അടിയനോടു ക്ഷമിക്കണമെ. എന്റെ അമ്മെ! എനിക്കു നീ ശക്തി തരിക. (പോലീസുകാരനോട്) നിങ്ങളുടെ കൃത്യം നിറവേററിയാലും. (മേരീദാസൻ സ്വർഗ്ഗത്തിലേക്കു നയനങ്ങൾ ഉയത്തി ബദ്ധാഞ്ജലിയായി മുട്ടിന്മേൽ ധ്യാനിച്ചുകൊണ്ടു നില്ക്കുന്നു.)

പോലീ—അതേടാ നിന്റെ ഉത്തരവില്ലാഞ്ഞിട്ടല്ലെ? ഹൈക്കോടതിവിധിയാ. ജഡ്ജിയജമാനന്റെ ഉത്തരവാ ഇത്. തിരിയാതെ മറിയാതെ നിന്നുകൊള്ളണം. ഒരു വെടിയ്ക്കു തന്നെ സാഗതി അവസാനിക്കണം.

(വെടിവയ്ക്കുന്നു. മേരീദാസൻ വീഴുന്നു)

കർട്ടൻ.

## രംഗം 8.

ഗഹനം.

(യേശുദാസനും ഫ്റാൻസിസും മേരീദാസനെ തേടി നടക്കുന്നു.)

യേശു— ജഗദീശാ! മേരീദാസനെത്തേടി ഞാൻ പുറപ്പെട്ടിട്ടു മാസം ഒന്നു കഴിഞ്ഞിരിക്കുന്നു. ഇതുവരെയായിട്ടും അവനെക്കുറിച്ചു യാതൊരറിവും ലഭിച്ചില്ലല്ലൊ. ഹാ! എന്തൊരു പരിതാപം. പ്രിയസുതൻ ഇപ്പഴം കൂലിക്കാരനായിട്ടു ദുരിതമനുഭവിക്കയായിരിക്കണം. തോട്ടങ്ങളനവധി ഞാൻ ചുററിസഞ്ചരിച്ചു. ഇനിയും ഏതു വഴിക്കാണു അവനെത്തേടി പോകേ

ങ്ങളുത്? ദൈവമേ! അങ്ങേ ദാസൻെറമേൽ ദയവായി അവിടുന്നു കനിഞ്ഞു എൻെറ ഏക വാത്സല്യ സന്താനത്തെ ഒന്നു വീക്ഷിക്കുവാൻ സംഗതിവരുത്തണമെ. (ഇരുവരും മുട്ടുകുത്തി പ്രാൎത്ഥിക്കുന്നു.)

ഗീതം തിവിയ തെരിശനം—ഏ—മ.

ദിവ്യ ഗുരുവരാ! വരമിനിക്കേകെൻ നാഥാ! നീ—ദിവ്യ....
അനുദിനമെന്നുടെ താപം പെരുകിയും
കണ്ണീരൊഴുകിയും തേടിഞാൻ—ദിവ്യ
കന്യകേ! നിന്നുടെ ദിവ്യ സഞ്ജാതൻ
മന്നിലെൻ പ്രാൎത്ഥന കേൾപ്പാൻ,
കാരുണ്യമാതേ! കനിയണമെന്നിൽ
കാരുണ്യംകൊണ്ടിവൻ വാഴും—ദിവ്യ....

ഫ്റാൻ—വല്യപ്പച്ചാ! കഴിഞ്ഞ രാത്രിയിൽ കൊച്ചേട്ടൻ മരിച്ചു സ്വൎഗ്ഗത്തിൽ അമ്മയുടെ മടിയിൽ കിടക്കുന്നതായിട്ട് ഞാൻ ഒരു സ്വപ്നം കണ്ടു.

യേശു—പ്രിയ മകനെ നീ പറഞ്ഞതു ചിലപ്പോൾ വാസ്തവമായിരിക്കാം. എൻെറ ഹൃത്തടത്തിലും അവൻ മൃതി അടഞ്ഞതായി ഒരു വിചാരം സദാ അങ്കുരിച്ചുകൊണ്ടിരിക്കുന്നു.

(അണിയറയിൽ ഒരു നിലവിളി കേൾക്കുന്നു.)

ഫ്റാൻ—അപ്പച്ചാ! ആരോ നിലവിളിക്കുന്നു. എനിക്കു പേടി വരുന്നു. (യേശുദാസനെ കെട്ടി പിടിക്കുന്നു) (ഒരു പോലീസുകാരൻ "കടുവാ കടുവാ" എന്നു പറഞ്ഞുകൊണ്ടു സ്റ്റേജിൽ തോക്കുമായി തലയിൽ തൊപ്പി കൂടാതെ പ്രത്യക്ഷപ്പെടുന്നു.)

പോലീ—എൻെറ ദൈവമേ! ഊരിൻെറവലിപ്പംതന്നെ.

യേശു—നിങ്ങൾക്കു എന്തു സംഭവിച്ചു!

പോലീ—ഒന്നുമില്ല. ഒരു കടുവായെ കണ്ടു.

യേശു—നിങ്ങളുടെ പക്കൽ തോക്കുണ്ടായിരുന്നല്ലൊ. പിന്നെ എന്തിനാണിത്ര അധൈൎയ്യം.

പോലീ-അവനെ കണ്ട ഉടനെ എൻെറ അടി മുടി ഒരു പോലെ തുള്ളി വിറച്ചുവിറച്ചു തലയിലിരുന്ന തൊപ്പി കൂടെ താഴെ പോയി. പിന്നെഞാനീ തോക്കുകൊണ്ടു് എന്തു കാണിക്കും സാറേ!

യേശു—ഈ അരണ്യത്തിൽ ദുഷ്ടമൃഗങ്ങളുണ്ടോ?

പോലീ-എൻെറ വല്യപ്പാ പണ്ടില്ലായിരുന്നു ഇപ്പോൾ ധാരാളം.

യേശു—പണ്ടില്ലായിരുന്നെങ്കിൽ പിന്നെ എങ്ങനെ ഉണ്ടായി.

പോലീ—എൻെറ പൊന്നേ! അതു ഞാൻ പറയാം. ചില കൊലക്കുററം ചുമത്തിയവരെ ജഡ്ജി യജമാനൻെറ ഉത്തരവിൻപ്രകാരം ഇവിടെ കൊണ്ടുവന്നു കരുതി ചെയ്യുക ഒരു പതിവാണു്. പത്തു കൊല്ലം മുമ്പ് എൻെറ ചെറുപ്പത്തിൽ ഒരു കുററക്കാരനെ ഇവിടെ വച്ചു വധിച്ചു. അവൻെറ മൃതദേഹം തിന്നാൻ ഒരു കടുവാ മണത്തുമണത്തു എവിടെനിന്നോ വന്നു. അതു് ഇതുവരെ ആയിട്ടും എവിടുത്തുകാരനെന്നു ആർക്കുമൊരു തുമ്പുമില്ല വാലുമില്ല. വടക്കനാണെന്നു ഒരു പറച്ചിൽ ഉണ്ടു്. അതു വെറുതെയാ. തെക്കനൊ കിഴക്കനൊ ആയിരിക്കാം! എന്തെങ്കിലുമാകട്ടെ സാറെ! കേൾക്കണെ ഒരു കൂത്തു്. അതു പെററു പെററു കാടു നിറച്ചു പെററു. ഇപ്പം തേകാലു കുത്തിയാൽ കടുവാ പുറത്തു്. എൻെറ അങ്ങുന്നേ ഇപ്പം തേ ഇവയ്ക്കു കാട്ടിൽ കിടക്കാൻ ഇടയില്ലാഞ്ഞിട്ടു നാട്ടിലേക്കിറങ്ങിത്തുടങ്ങിയിരിക്കുന്നു.

യേശു— കടുവാ നാട്ടിലേയ്ക്കിറങ്ങുമോ?

പോലീ—ആ കൊള്ളാം! നാലുപാടും ഒരുപോലെ കവിഞ്ഞൊഴുകിയ തൊണ്ണൂററൊൻപതിലെ വെള്ളപ്പൊക്കത്തിൽ ഒരു പെരുംപുലി ശ്വാസം പിടിച്ചു നീന്തി നീന്തി വേമ്പനാട്ടു കായലിൻെറ കിഴക്കേക്കര ആളുകൾ തിങ്ങിത്താമസിക്കുന്ന കുമരകംവരെ എത്താമെങ്കിൽ എൻെറ സാറേ! ഒരു തുള്ളി വെള്ളം പോലും കുടിക്കാനില്ലാത്ത ഈ ക്ഷാമകാലത്തു അവർ നാട്ടിലേക്കിറങ്ങാതിരിക്കുമോ?

യേശു—മനുഷ്യരെ ആ ദുഷ്ടമൃഗം ഉപദ്രവിച്ചില്ലയോ?

പോലീ—കഷ്ടം! പുലിയെക്കണ്ട ഒരുത്തൻ പശുവാണെന്നു പറഞ്ഞു അതിൻെറ പുറകെ പാഞ്ഞു. പിന്നെ പുലി അതിൻെറ ജാത്യം കാണിച്ചതിൽ അതിശയിക്കുവാനുണ്ടോ? ഞാനും കൂടിയാ മഹസറിൽ ഒപ്പുവച്ചതു്.

ഫ്റാൻ—അപ്പച്ചാ! എനിക്കു പേടി വരുന്നു. നമുക്കു പോകാം. ചില്പ്പോഠം കടുവാ വന്നെങ്കിലോ?

യേശു—ഇത്ര ഭയങ്കരമായ ഈ വനത്തിൽ നിങ്ങഠം ഏകാകിയായി സഞ്ചരിക്കുന്നതെന്തിനു്?

പോലീ—അങ്ങുന്നേ എനിക്കൊരുകൂട്ടുകാരനുണ്ടായിരുന്നു.

യേശു—ആ മനുഷ്യനെവിടെ? അയാഠം ദുഷ്ടമൃഗങ്ങഠംക്കിരയായോ?

പോലീ—ഇല്ല. ആ ദ്രോഹിയെ ഞാൻ വധിക്കയാണു ചെയ്തതു്.

യേശു—കഷ്ടം! അയ്യോ! നിങ്ങഠം കൊലപാതകിയോ?

പോലീ—നിങ്ങഠം വിചാരിക്കുന്നതുപോലെയല്ല. ഞാൻ ആരാച്ചാരായ ഒരു സക്കാർ ഉദ്യോഗസ്ഥനാണു്. എൻെറ ജഡ്ജി യജമാനൻെറ കല്പന കേട്ടില്ലെങ്കിൽ വായിൽ മണ്ണടിയും. കാരണവന്മാരുടെ കാലം മുതൽ ഞങ്ങളുടെ കുടുംബത്തിനു് ഇതാണുദ്യോഗം.

യേശു—കഷ്ടം! ദൈവമേ! ഈ പരിഷ്കൃതകാലത്തു വധശിക്ഷയുണ്ടോ?

പോലീ—(ഹാസ്യരസത്തിൽ) എവിടുന്നാ സായിപ്പിങ്ങോട്ടെഴുന്നള്ളിയതു്? കപ്പലേന്നു കരക്കിറങ്ങിയതേ ഉള്ളോ? അമ്പമ്പോ ഒരു പുണ്യവാൻ ഉടലോടെ മേല്പോട്ടു എടുക്കും. ഈ കൂട്ടരെ കണി കണ്ടാൽ ഉടൻ കുളിക്കണം. കരുതി സംസാരിക്കു. അല്ലെങ്കിൽ അറസ്റ്റ് ചെയ്യും. പോരെങ്കിൽ തോക്കാ കയ്യിൽ ഇരിക്കുന്നതു്. (പോകുന്നു)

(യേശു–(ആത്മഗതം) അവനാൽ വധിക്കപ്പെട്ടതു് സാധുവായ മേരീദാസനായി വരുമോ? ഛേ! ഒരുനാളുമല്ല. എന്റെ മകൻ ഒരു കുററക്കാരനായി മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല. ആ സുകുമാരകുമാരനെ ആർക്കു ഉപദ്രവിക്കുവാൻതോന്നും. ഏതായാലും ഒരിക്കൽ കൂടി ഈ ഘോരവനം ചുററി അന്വേഷിക്കുക തന്നെ.

ഗീതം (നാദസംഗീതപൊൻമണി മണ്ഡപം എന്ന മട്ടു്)

കാട്ടിൽ നടുവിൽ ഞാൻ പെട്ട നാളിൽ ദേവ
തേടീടുന്ന എൻസുതനേ യേശുനാഥാ (കാട്ടിൽ ന....
യേശുനാഥാ—യേശുനാഥാ—ദേവ.
തേടീടുന്ന എൻ സുതനെ യേശുനാഥാ
ഘോരവനത്തിൽ ഞാൻ അത്യാർത്തനായ് നാഥെ
മേരീദാസനെത്തേടുന്ന ദേവനാഥേ! ഘോരവ....
ദേവനാഥേ!—ദേവനാഥേ!—തുണ
മേരീദാസനെത്തേടുന്ന ദേവനാഥേ!

(ഇരുവരും പോകുന്നു)

കർട്ടൻ.

## രംഗം 9.

അടവി

(ദാലസ്പ്രഭുവും വേടന്മാരും വേട്ടയാടുന്നു)

ദാല–ഇന്നു നാം നടത്തിയ മൃഗയാവിനോദത്തിൽ ഏറ്റവും ആനന്ദപ്രദായകമായിട്ടു ഒന്നും തന്നെ നമുക്കു ലഭിച്ചില്ല. അതിന്റെ കാരണം നിങ്ങൾ വേണ്ടവിധം ഗുഹയിലും വള്ളിക്കെട്ടു

കളിലും പ്രവേശിച്ച ക്രൂരമൃഗങ്ങളെ പുറത്തേക്ക പായിച്ചില്ല എന്നുള്ളതാണ്.

വേടൻ ചങ്കരൻ–തിരുമേനി പറഞ്ഞതു നേരാന്ന. അടിയന്ന വച്ച വെടി എല്ലാം വെറും വെടിയായി പുകഞ്ഞുപോയാന്നതിൽ കിടാങ്ങൾക്ക വളരെ തുക്കമുണ്ട്. അതുകൊണ്ട അടിയൻെറ ഊരു് ഊരി പോയാലും ചരി ഒന്നുകൂടെ പൊള്ള ഇളക്കി ഒരു വരയൻകടുവായെ എങ്കിലും പുറത്തു കാട്ടിത്തരാം.

കീരാമുട്ടി—തമ്പുരാനാണാ തത്ത്യം. ഇത്തവണ ഒന്നിനെ അടിയൻ പുറത്തു ചാടിയ്ക്കും. കടുവാ ആണെന്ന കണ്ടാൽ തിട്ടമാ തമ്പുരാൻ പുകച്ചേക്കണം. കൈ കിട്ടകിടെ തുള്ളി എങ്ങാനും വെടി മർമ്മത്തുകൊണ്ടില്ലെങ്കിൽ തിട്ടമാ പെണ്ടാട്ടിയ്ക്കും പിള്ളേൎക്കും കരിക്കാടിയ്ക്കും മരവെള്ളത്തുക്കമുള്ള വക തമ്പുരാൻ തന്നെ കിട്ടിച്ചേക്കണം. തങ്കതി നേരത്തെ അടിയൻ പഴഞ്ഞു.

കീരാനച്ചൻ–നിറുത്തടാ കീറാമുട്ടി അളിയാ; നോക്കടാ അവിടെ ഒന്നനങ്ങുന്നു. (എല്ലാവരും ഒരുവശത്തേക്ക് സൂക്ഷിച്ചുനോക്കുന്നു)

ചങ്കരൻ—എടാ, ഒരു ചെമ്പനാടാ (പതിയിരിക്കുന്നു.) ദാലസു വെടിവയ്ക്കുന്നു. എല്ലാവരും ചെമ്പൻപുലിയുടെ പുറകേ പായുന്നു. വീണ്ടും ദാലസും വേടൻ ചങ്കരനും, കീറാമുട്ടിയുമായി പ്രത്യക്ഷപ്പെടുന്നു. കീരാനച്ചനെ കാണ്മാനില്ല)

ചങ്കരൻ–തിരുമേനി! വെടി തിട്ടമാ എവിടെ എങ്കിലും കൊണ്ടിട്ടുണ്ടെന്നാ അടിയൻെറ പോത്ത്യം. എന്നാൽ തമ്പുരാനെ പുലി വീഴണമെങ്കിൽ ഉണ്ട ചങ്കിനുതന്നെ തട്ടണം.

ദാല–ഞാൻ കൃത്യം ചങ്കിനുനോക്കിയത്രെ വെടിവച്ചതു്.

കീരാമുട്ടി—കിടാത്തനതിന്ന ഒരു തങ്കതി പഴയാം തമ്പുരാനേ! പുലി പായമ്പം നോക്കണെ മർമ്മത്തു് കൊള്ളാൻ കുറെ പെറയാതാ. അല്ലെങ്കിൽ അത്ര ഉന്നം വേണം തമ്പുരാനേ! ഉള്ളതു അടിയൻ പഴയാം. കിടാത്തനാണെങ്കിൽ ഒരു കല്ലിട്ടാലും മർമ്മത്താ. പിന്നെ എന്താ ഏറില്ലാത്തതെന്ന പഴഞ്ഞാൽ അതു പേടിച്ചിട്ടാ. കളിഞ്ഞ മാതം ഒന്നാം നാളുക്ക കിടാ

ത്തൻ ഒരു പുലി കുഞ്ഞിനിട്ട ഒന്നു ഏറിഞ്ഞേ ഉള്ളാന്റു. ഉന്നം കറുകറു കൃത്യം. കല്ല് അവന്നക്ക് ചങ്കിന്ന്, എന്തു പഴയുന്നു തമ്പുരാനേ! അതു പുലി കുഞ്ഞാന്റിട്ടും കിടാത്തന്റെ മൂക്കിനു നേരെ ഒരു ചാട്ടം. അടിയൻ അതിന്റെ വരവു കണ്ടിട്ട നന്നായി ചാതം പിടിച്ച് ഒററ കൈകൊണ്ടു് ഒരു തട്ടങ്ങാ കൊടുത്തു. തട്ടങ്ങാ കൊണ്ടിട്ട അവൻ വട്ടം കറങ്ങി താളത്തു വീണു. മൂല്യ പറുപറെ ഓടിയാന്റു. എങ്കിലും നോക്കണേ. തമ്പുരാനേ! പൂലികുഞ്ഞാന്റിട്ടും അവന്റെ അവതാനത്തെ ഒററ അള്ളിനു വലത്തെത്തോളിലെ പച്ചിറച്ചി ഉണ്ടാന്റതു മുളവൻ കൊണ്ടു പോയി. അന്നേരംതന്നെ കിടാത്തൻ ഇനി പുലി ഏറില്ലെന്നു ആണയിട്ട തത്ര്യവും ചെയ്തു.

ദാല—നിന്റെ ക്രൂട്ടകാരനെവിടെ?

കീറാമുട്ടി—കീരാനച്ഛനാണോ തമ്പുരാനേ! വെടി കൊണ്ടന്നും വിഴാരിച്ച് പുലിയുടെ പിറകേ അളിയൻ പാഞ്ഞിരിക്കാ. തിരിച്ചെത്തുമോ തൈവത്തിനറിയാം.

ചങ്കരൻ—പുലി അവനെ കണ്ടിറുന്താൽ തിട്ടമാ തമ്പിരാണെ പിന്നെ അവന്റെ പെണ്ടാണ്ടിയ്ക്കു വല്ലതും കൊടുത്തേച്ചാൽ മതിയേ.

(കീരാനച്ഛൻ ഓടി അണെച്ചു പ്രത്യക്ഷപ്പെടുന്നു)

ദാല—നീ എന്താണിത്ര താമസിച്ചതു്?

കീരാനച്ഛൻ—തമ്പുരാനേ! അടിയൻ രണ്ടു നാളിക പുറകേ ഓടിയാന്റിട്ട പുലി വീഴണില്ല.

ചങ്കരൻ—എടാ കള്ളതേ! വെടി കൊള്ളാതെ പുലി വീഴുമോടാ. നിന്റെ പുത്തൻ പെണ്ടാണ്ടിക്കു കരുത്തമാടാ വെടച്ചെ! അവൻ നിന്നെ കാണാഞ്ഞതു്.

കീരാനച്ഛൻ—എന്റെ ചങ്കരച്ചാ! തമ്പുരാൻ വെടിവച്ചാൽ തിട്ടമാണന്നല്ലെ ഞമ്മ വിഴാരിച്ചതു്.

ദാല—തോക്കിനെന്തോ തകരാറു പററിയിട്ടുണ്ടു്. ഉപയോഗിക്കാതിരുന്നു കുഴിത്തുരുമ്പിറങ്ങിയതായിരിക്കാം.

ചങ്കരൻ–അതു ചിലപ്പം ചരിയ്യാ. പണ്ടു തമ്പുരാന്റെ വെടി കൊള്ളണതു ഞമ്മ കണ്ടിട്ടുണ്ടു്.

കീരാനച്ചൻ–തുരുമ്പെടുത്താലെന്തുവേണ്ടി തമ്പുരാനെവെടിവച്ചിട്ടു് ഇടിവെട്ടണതുപോലൊരു ചപ്തവും പുകയുമുണ്ടാന്നു. വെറുതെയാണോ അതു കേട്ടല്ലേ അടിയൻ ഓടിയതു്.

കീരാ–പൊന്നുതമ്പുരാനെ! അടിയൻ കൂടെ ഒന്നു പഴഞ്ഞോട്ടെ. പോയ വഴി കിടാത്തൻ ഒരു വലിയ കാളിച്ചുകണ്ടു.

ദാല–പറയൂ. കേൾക്കട്ടെ.

കീരാ–ഒരു തേൻകൊടം പോലിരിക്കണ കുഞ്ഞു്കാട്ടിൽ ഒരിടത്തു അനങ്ങാതെ കിടക്കണു. അടിയൻ പതുക്കെ അടുത്തങ്ങാ നോക്കിയപ്പം എങ്ങനാ ഇരിക്കണു. വെളുത്തു ചുമന്നു കിടക്കണു. കിടാത്തൻ ഒന്നു പതുക്കെ തൊട്ടുനോക്കി അനങ്ങുണില്ല. വിളിച്ചാന്നു ഉരിയാടണില്ല. പിന്നെ തമ്പുരാനെ പേടിച്ചു് അവിടെ ഒട്ടും തങ്ങാതിങ്ങു പോന്നു.

ചങ്കരൻ–എടാ കള്ളതേ, കഴുത്തിലും അരയിലും വല്ലതും ഉണ്ടാന്നോ എന്നു നീ നോക്കിയാന്നൊ ഒന്നുമില്ലെങ്കിൽ പുത്തൻ പെണ്ടാട്ടിക്കു കള്ളത്തിൽ പോടാമായിരുന്നല്ലോടാ വെടലമാടൻ കള്ളതേ!

ദാല—അതാരെന്നും അവനു എന്തു സംഭവിച്ചു എന്നും അറിയണ്ടയോ?

കീരാ—കിടാത്തനു പേടിയാ വേണമെങ്കിൽ തമ്പുരാനെ കാട്ടിത്തരാം.

കീരാമുട്ടി-എടാ വെടലമാടൻ അളിയാ! കൊമ്പൻമൂശ ഉണ്ടാന്നോടാ പേടിച്ചുതുള്ളാൻ. അയ്യോ എന്റെ കൂടപ്പിറന്നോളെ ഓത്തിട്ടാ അല്ലെങ്കിൽ നിന്നെ ഈ പാറക്കു കുളിച്ചുമൂടണം. ഉടമ്പിന്റെ എല്ലു കടിക്കാൻ ചെന്നപ്പം കണ്ടില്ലേ വെറുതേ ആണോടാ പെണ്ണാപുറന്തവളുടെ കൈയ്യു് നിന്റെ ചെള്ളയ്ക്കു മുട്ടിയതു്.

ദാല- നീങ്ങൾ തമ്മിൽ കലഹിക്കാതെ നമുക്കു ആ സ്ഥലത്തേയ്ക്കു പോകാം.

ചങ്ക—തമ്പുരാനേ രക്ഷിച്ചു വേണം. ചവം തിന്നാൻ വല്ലവരും വന്നുകാണും. വെടി കേട്ടാൽ ഓടണ കൂട്ടരല്ലാ അതു്.

കീരാനച്ചൻ—ആരും വരട്ടടാ. വാടാ പോകാം. നിങ്ങൾ പുറകേ നടന്നോ. (പോകുന്നു)

കർട്ടൻ.

## രംഗം 10.

ഘോരവനം.

(യേശുദാസനും ഫ്റാൻസിസും വനത്തിൽ മേരീദാസനെ തിരയുന്നു)

യേശു—ആ ഘാതകൻ പറഞ്ഞതു അസത്യമായിട്ടു തോന്നുന്നു. ഈ അടവിയിൽ ഒരു മനുഷ്യനെ വധിച്ചതായ യാതൊരു ലക്ഷണവും കാണുന്നില്ല.

ഫ്റാൻ—വല്യപ്പച്ചാ! നമുക്കു പോകാം. കടുവാ മൂളുന്നു. എനിക്കു പേടി വരുന്നു. (യേശുദാസനെ കെട്ടിപ്പിടിക്കുന്നു)

യേശു—ഓമനേ! ധൈര്യമായിരിക്ക. ജഗദീശൻ നമ്മെ കടാക്ഷിക്കും.

യേശു (മുട്ടു കുത്തി)

ഗീതം (നാകലോകനായികേ എന്ന മട്ടു്)

വാനിനേകനായികെ വിശുദ്ധ കന്യകേ!
ഇന്നിവൻ തവൽപാദേ വീണീടുന്നു രാജ്ഞിയേ!
corus "നാഥയേ! വാനോർ വാഴ്ത്തിടും കന്യകേ! ഓ
നാഥയേ! വാനോർ വാഴ്ത്തിടും കന്യകേ!
പാഹിമാം നാഥയെ! വത്സലതവമേററമായി വിളങ്ങുമമ്മയെ!
നന്മയാൽ പൂർണ്ണയാം നാരിയെ സുരൂപിയേ"
വാനിനേകനായികേ വിശുദ്ധ കന്യകേ
ഇന്നിവൻ തവൽപാദേ വീണിടുന്നു രാജ്ഞിയേ!

Corus "നാഥയേ! വാനോർ വാഴ്ത്തിടും കന്യകേ! ഓ
നാഥയേ! വാനോർ വാഴ്ത്തിടും കന്യകേ!"

ഏഴുക നാഥയേ!നൽവരങ്ങളേററമായിവന്നിന്നമ്മയേ!
കാണ്മതിനെൻ സുതൻ മേരീദാസനിക്ഷണം.

(എഴുനേൽക്കുന്നു)

ഫ്റാൻ–അപ്പച്ചാ! നമുക്കു പോകാം.

യേശു–മകനേ! ഏതായാലും വധിക്കപ്പെട്ട സാധു ആരെന്നറിയുന്നതുവരെ നമുക്കു ഒന്നുകൂടി തിരയുക തന്നെ.

ഫ്റാൻ–അപ്പച്ചാ! അങ്ങനെ തന്നെ. ഞാൻ കൂടി തിരയാം. (ഇരുവരും ചുററിനടന്നു നോക്കുന്നു. മേരീദാസൻ കിടക്കുന്നതു ഫ്റാൻസിസു കാണുന്നു)

ഫ്റാൻ–അയ്യോ! അയ്യോ! അപ്പച്ചാ! അപ്പച്ചാ! അതാ കൊച്ചേട്ടൻ കിടക്കുന്നേ.(മാറത്തടിച്ചുനിലവിളിക്കുന്നു. യേശുദാസൻ ഓടിവന്നു നോക്കുന്നു)

യേശു–(വിലപിക്കുന്നു) അയ്യോ! മകനേ! ചതിച്ചോ. എൻെറ ഓമനേ! മേരീദാസാ! നീ ഇഹലോകം വെടിഞ്ഞോ. എൻെറ വാത്സല്യ സുതനേ! നിന്നെയാണല്ലോ ആ ഘാതകൻ വധിച്ചതു്. എൻെറ ദൈവമേ! മേരീദാസാ! നിൻെറ പുഞ്ചിരി ഒന്നു കാണുവാൻ എനിക്കു സംഗതി ആയില്ലല്ലോ.

ഫ്റാൻ–കൊച്ചേട്ടാ (എന്നു പറഞ്ഞു കരയുന്നു. മേരീദാസൻെറ കാൽകരങ്ങൾ മുത്തുന്നു)

യേശു–(മേരീദാസൻെറ ശിരസ്സു മടിയിൽ എടുത്തുവച്ചുംകൊണ്ടു് വിലപിച്ചു പാടുന്നു)

ഗീതം (അഭിഷേകരാ എന്ന മട്ടു്)

യേശു–മമ സുതനേ! ആത്മഗതി, ഈ .... .... .... തൊ
തീർത്ഥയാത്രയിവൻ ചെയ്തതിനാൽ.
സുതനേ! മേരീദാസാ! വേറാരിനി.
ഓമൽസുതാ! നിന്നെക്കാണ്മാൻ വാഞ്ഛിച്ചഞാൻ
നിൻപ്രേതത്തെ; ചുംബിക്കട്ടെ. (യേശു: ചുംബിക്കുന്നു)
പരിശുദ്ധ കന്യകേ! ആരുണ്ടിനി—ആശ്രയം
നീമാത്രം—അഗതിക്കു് (മമ സുതനേ ആ....

ദൈവജനനീ! കൃപാസാഗരമേ! പാപികളുടെ സങ്കേതമേ വ്യാകുലന്മാരുടെ ആശ്വാസമേ! പുത്രനിര്വാണത്തിൽ തപിച്ച രാജ്ഞി! ഈ പ്രപഞ്ചത്തിൽ നിൻെറ ഭൃത്യന് ഇനി ആരാണുള്ളത്.

എൻെറ സവ് സമ്പത്തും ദരിദ്രക്ക ദാനം ചെയ്തു മേലാൽ സാധുസംരക്ഷണാത്ഥം ഒരു നവജീവിതം നയിക്കുന്നതാണെന്നു നിൻെറ നാമത്തിൽ ഞാനിതാ ശപഥം ചെയ്യുന്നു.

(വേടന്മാരും ദാലസുപ്പളവും പ്രവേശിച്ച് ആകസ്മികമായി ഈ കാഴ്ച കണ്ടു ദാലസ് വിലപിക്കുന്നു. വേടർ ഭയന്നു ഓടുന്നു)

(ദാല: മാവ്വിൽ തല്ലി വിലപിക്കുന്നു. മേരീദാസനെ ചുംബിക്കുന്നു.)

ദാല–എൻെറ മേരീദാസാ! നിന്നെ ഈ വിധത്തിലൊ മാതുലൻ വീക്ഷിക്കുന്നത്? ഓമനേ! സോദരീപുത്രാ! ക്രൂരനായ കങ്കാണി നിന്നോടു വത്തിച്ചതു് ഈ വിധമോ? നിരപരാധിയായ നിന്നെ വിററതിനാൽ കോപിഷ്ഠനായി ഞാൻ നിൻെറ പിതൃവ്യനെ വധിച്ചുവല്ലോ. ഹാ! ജഗദീശാ! അവിടന്ന് ഇവൻെറ കൊലപാതകം ക്ഷമിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും അതിന് പകരമായിട്ടല്ലയോ ഇപ്രകാരം ഞാൻ നിന്നെ വീക്ഷിക്കുന്നതു്. (യേശുദാസനോട്) പ്രിയസ്യാലാ! ഇഹത്തിൽ നാം ജീവിച്ചിട്ടിനിഎന്താവശ്യം. എൻെറ ഹൃദയ താപമകററുവാൻ ഏക മാഗ്ഗമായി സ്നേഹിതന്മാരുടെ ഉപദേശമനുസരിച്ചു നായാട്ടിനു വന്നതു ഈ കാഴ്ച കാണുന്നതിനോ? എൻെറ ദൈവമേ! മാതാവേ! കൃപ ചൊരിയണമെ. മേരീദാസാ! നിന്നെ ഞാൻ ചുംബിക്കുന്നതു ഈ വിധത്തിലോ.

(വിലപിച്ചു ചുംബിക്കുന്നു.)

ഫ്റാൻ–അമ്മേ! കൊച്ചേട്ടനു ജീവൻ തായേ!

ഗീതം (ദശരഥ രാജകുമാരാ എന്ന മട്ട്)

ദാല–നരകുലപാപസംഹാരി! അലങ്കാരീ!
വാനനാരീ! മേരിയേ. (നരകുല....

പരിചൊട്ട പരലോകേ, വിലസിടും വിമലയേ!
ദുരിതമകററുകെൻ പരമനായികയേ!

ചൊരിയുക നൽവരങ്ങളന്വദിനം വരദയേ!
പരിപൂരിതയെ വരം തായേ! ഇവക്കെന്നും
ആൎത്ത്രാണേ! കനിയണമേ. (നരകുല....

യേശ്ശു—എൻെറ നാഥേ! അവിടുന്നു തിരുമനസ്സാകുന്നെങ്കിൽ മേരീദാസനു വീണ്ടും ജീവൻ പ്രദാനം ചെയ്യുന്നതിനു എന്താണു പ്രയാസം? യേശ്ശുമാതേ! എൻെറ പുത്രരക്ഷാൎത്ഥം നിൻെറ പാദപങ്കജത്തിൽ ഞാൻ സവിനയം അഭ്യൎത്ഥിക്കുന്നു.

ഫ്റാൻ—അമ്മച്ചീ! കൊച്ചേട്ടനു ജീവൻ തായേ!

ഗീതം (മാതൃവെ എന്ന മട്ട്)

(നേരിയ സ്വരത്തിൽ വളരെ ശോകരസത്തിൽ പാടുന്നു)

യേശ്ശു— നാഥയേ വിശ്വ പാലികയേ!
നിൻ തിരുസന്നിധിയിൽ വസിയ്ക്കും
പാപിയാകുമീ യേശ്ശുദാസൻ—
യാചന കേൾക്കണേ സ്വൎഗ്ഗരാജ്ഞി.

(പരിശുദ്ധ കന്യക മാലാഖമാരുടെ അകമ്പടിയോടുകൂടി ആകസ്മികമായി ദ്യോതമാനം പ്രത്യക്ഷപ്പെടുന്നു. ശബ്ദം കേൾക്കുന്ന കർട്ടൻെറ മദ്ധ്യഭാഗം രണ്ടായി മാറുന്നു.)

(യേശ്ശുദാസൻ മുട്ടുകുത്തി കരങ്ങൾ മലൎത്തിപിടിച്ചുംകൊണ്ടു് വളരെ ഭക്തിയോടുകൂടി പാടി യാചിക്കുന്നു. ദാലസ് ഭക്തിപൂർവം മുട്ടിന്മേൽ നിന്നു വീക്ഷിക്കുന്നു)

യേശ്ശു മാതാവേ! ലോകപാലികയേ!
നിൻ തിരുസന്നിധിയിൽ ശയിക്കും
ബാലനാകുമീ മേരീദാസനേ—
കുക ജീവനെ പ്രാണനാഥേ!

പരിശുദ്ധ കന്യക—നിൻെറ പ്രാൎത്ഥന ദൈവസന്നിധിയിൽഎത്തിയിരിക്കുന്നു. അതു് എന്നെയേററം സന്തുഷ്ടയാക്കി. മേരീദാസൻ എൻെറ കരുണാഭാജനത്തിനു സർവ്വഥാ യോഗ്യനാണു്.

യേശു— (വീണ്ടും പാടിയാചിക്കുന്നു)

മാതാവേ! ലോകപാലികയേ!
നിൻ തിരുസന്നിധിയിൽ ശയിക്കും
ബാലനാകുമീ മേരീദാസനേ-
ക്കുക ജീവനെ പ്രാണനാഥേ!

പരി: കന്യക-യേശുദാസാ! നിൻെറ ഓമന സുതൻ മരിച്ചിട്ടില്ല. അവൻ ബോധരഹിതനായി കിടക്കുകയത്രെ. മേരീദാസൻ അമൂർഛിതനാകുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. (മേരീദാസൻ ഉടൻ എഴുന്നേററു മുട്ടിന്മേൽ നില്ക്കുന്നു.)

യേശുദാസാ കണ്ടാലും. മേരീദാസൻ ധരിച്ചിരുന്ന ഉത്തരീയത്തിലത്രെ വെടിയുണ്ട ഏററതു്. എൻെറ നാമത്തിൽ ധരിച്ചിരിക്കുന്ന ആ ഉത്തരീയത്തിൽ ഏല്ക്കുന്ന ഉഗ്രങ്ങളായ വെടിയുണ്ടകൾ ആ ഉത്തരീയത്തിനു മോഹനകുസുമാലങ്കാരങ്ങളായേ ഭവിക്കയുള്ളു.

മക്കളേ! നിങ്ങളുടെ കരങ്ങൾ നീട്ടുക. എൻെറ മുദ്ര പതിച്ച "സൊഡാലിററി മെഡലു"കൾ ഞാൻ നിങ്ങൾക്കു പ്രദാനം ചെയ്യുന്നു. ഇതിനെ മാർവ്വിൽ ധരിക്കുക. വിശ്വസ്തതയോടുകൂടി ഇതു ധരിച്ചു അനുഷ്ഠേയങ്ങളായ കൃത്യങ്ങൾ നിവ്ഹിക്കുന്നപക്ഷം ഞാൻ നിങ്ങൾക്കു നിത്യ സഹായിയായിരിക്കും.

(അപ്രത്യക്ഷയാകുന്നു)

(എല്ലാവരും എഴുന്നേററു പരിരംഭണം ചെയ്യുന്നു.)

യേശു-മകനേ! (മേരി) പിതാവേ!

ദാല-മേരീദാസാ! (മേരീ) അമ്മാച്ചാ!

ഫ്റാൻ—കൊച്ചേട്ടനു ചുംബനം. ചുംബനം.

യേശു-വാത്സല്യസുതനേ! വ്യാകുലന്മാരുടെ സങ്കേതമായിരിക്കുന്ന പരിശുദ്ധ ദൈവമാതാവു നമുക്കു എത്രമാത്രം തുണയായിരുന്നു. നിൻെറ സുസ്മേരവദനം ഒന്നുകൂടി വീക്ഷിക്കുന്നതിനു സംഗതി വരുത്തിയതു് ആ വിശുദ്ധ അല്ലയോ? ആയതിനാൽ നമ്മുടെ ശേഷിച്ചിട്ടുള്ള ജീവിതം വിശുദ്ധ മരിയക്കേതരായി അവളുടെ സുതനെ അനുകരിക്കാം.

ദാല—പ്രിയ സ്യാലാ! ഇഹത്തിൽ നമുക്ക് അന്തരാന്തരം ഉണ്ടായിക്കൊണ്ടിരുന്ന പ്രതിബന്ധമെല്ലാം ഏറെക്കുറെ തീൎന്നിരിക്കുന്നതിനാൽ നമുക്ക് ദിവ്യരക്ഷകൻെറ "നീ പരിപൂരിതനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതു വിററു ദരിദ്രൎക്കു ദാനം ചെയ്തു് എന്നെ അനുഗമിക്കുക" എന്നിത്യാദി തിരുവചനങ്ങൾക്കനുരൂപമായി കഴിയുംവേഗം സൎവ്വവും പരിത്യജിച്ചു, ദിവ്യരക്ഷനാഥൻെറ തിരുഹൃദയാശ്രമത്തിൽ നമുക്കിരുവൎക്കും സഹോദരവൃത്തിയിലും മേരീദാസൻ വൈദികവൃത്തിയിലും പ്രവേശിക്കാം. ഫ്രാൻസിസ് പ്രായപൂൎത്തിയാകുന്നതുവരെ നമ്മുടെ സംരക്ഷണയിൽ ആശ്രമത്തിൽ തന്നെ വസിക്കട്ടെ.

യേശു—കഴിയും വേഗത്തിൽ ക്ഷണഭംഗുരങ്ങളായ പ്രാപഞ്ചികവസ്തുക്കളോടു യാത്രപറഞ്ഞു, സ്വന്ത ആഗ്രഹമെല്ലാം അകററി, അധികാരികൾക്കു കിഴ്പ്പെട്ടു, പ്രപഞ്ചത്തിലെ നയനാനന്ദങ്ങളെല്ലാം അന്ധന്മാരെപോലെയും കൎണ്ണപീയൂഷങ്ങളായവയെല്ലാം ബധിരന്മാരെപ്പോലെയും ത്യജിച്ചു് ദൈവ ഹിതം നിറവേററുവാൻ വിളംബംവിനാ പോകുക തന്നെ.

മേരീ—പ്രിയ താതാ! മാതുലാ! നമുക്ക് ഈ അരണ്യത്തിൽ നിന്നും ഗൃഹത്തിലേക്കു പോകാം.

ഗീതം (കൈറാട്ടമ്മഗാന്ധി കൈറാട്ട എന്ന മട്ട്)

മേരീ— സന്തോഷമാ എന്തു സന്തോഷമാ ഭൂവിൽ-
നീതി ചെയ്യാലെന്തു സന്തോഷമാ (സന്തോ....
ലോകമതിലുള്ള ബന്ധുക്കളെ ഞാനും
വേഗം ഗമിച്ചിന്നു കണ്ടീടട്ടെ. (സന്തോ....

വിരുത്തം.

പൈതലാമിവനെ കരമതിലേന്തി
താലോലിച്ചനുദിനം വളൎത്തി
മാതൃവിരഹദുഃഖമേശിടാതെ
അനുദിനം ഭക്തകൃത്യങ്ങളോതി പോററിനാൻ
ആരു്? മമ താതൻ. (സന്തോഷ....

(എല്ലാവരും പോയി)

കർട്ടൻ.

# ഗ്രന്ഥകത്താവിന്റെ കൃതികൾ.

---

## രക്തകാന്തി അഥവാ മൎദ്ദിതനായ മഹൎഷി

(മഞ്ജരി)

മഹാ കവി സാഹിത്യഭൂഷണൻ റാവുസാഹിബ് ബ്രഹ്മശ്രീ ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ; ബി. എൽ; എം. ആർ. ഏ. എസ്. അവർകളുടെ പ്രൌഢഗംഭീരമായ അവതാരികയോടുകൂടിയതും, മഹാകവി വള്ളത്തോൾ, വടക്കുംകൂർ രാജരാജവൎമ്മ, ജോസഫ് മുണ്ടശ്ശേരി എം. ഏ. ആദിയായ കൈരളീഭക്തരാൽ മുക്തകണ്ഠം പ്രശംസിക്കപ്പെട്ടിട്ടുള്ളതും, ഭാഷാപ്രഭാഷകൻ ഡി. പത്മനാഭനുണ്ണി എം. ഏ. അവൎകളുടെ മണ്ഡനപരമായ വിമർശനത്തിനും, പത്രമാസികകളുടെ അഭിനന്ദനത്തിനും പാത്രീഭവിച്ചതുമായ ഒരു വിശിഷ്ട ഖണ്ഡകാവ്യം. നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്ത ഈ പുസ്തകത്തിൽ ആർട്ടുപേപ്പറിൽ അടിച്ച വിവിധ ചിത്രങ്ങൾ കൂടി ചേൎത്തിരിക്കുന്നു. വില 6 ണ. മാത്രം.

## നാഗമൎദ്ദിനി. (നതോന്നത)

മഹാ കവികളാൽ പ്രശംസിക്കപ്പെട്ടിട്ടുള്ളതും, ഭാഷാപ്രഭാഷകൻ പി. വി. ഉലഹന്നൻമാപ്പിള എം. ഏ. അവർകളുടെ പ്രൌഢഗംഭീരമായ അവതാരികയോടുകൂടിയതും, ആർട്ടുപേപ്പറിൽ അടിച്ച പത്തു ചിത്രങ്ങൾ ചേൎത്തിട്ടുള്ളതും, നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്തിട്ടുള്ളതുമായ പ്രസ്തുത വിശിഷ്ട ഖണ്ഡകാവ്യത്തിനു വില കുറച്ചിരിക്കുന്നു. 6 ണ. മാത്രം.

## സുകൃതീന്ദ്രൻ.

"ചിന്താമണിയിലെ" അഭിനവഗാനങ്ങളുടെ രീതിയിൽ നിൎമ്മിതമായ ഒട്ടേറെ പാട്ടുകളോടും, കീൎത്തനങ്ങളോടും കൂടിയ

ത്തും, ആദ്ധ്യാത്മികതത്വപ്രതിപാദകവും കാലാനുകൂലവും, ഏവരേയും ആനന്ദിപ്പിക്കാൻ പര്യാപ്തവുമായ ഒരു നവീന പ്രഹസനപ്രകാണ്ഡം. വില 4 ണ.

## ധർമ്മപത്നി.

"നമ്മുടെ നാട്ടിലുള്ള പല ധനവാന്മാരുടെ അധഃപ്പതനത്തിനും, കുടുംബങ്ങൾ തമ്മിലുള്ള ഛിദ്രത്തിനും നിർഭാഗ്യവതികളായ അനേക "ദീനാമ്മ"മാരുടെ ആവിർഭാവത്തിനും കാരണമായ മദ്യപാനം, സ്ത്രീധനസമ്പ്രദായം, വ്യവഹാരം, മിഥ്യാഭിമാനം മുതലായ ദോഷങ്ങളെല്ലാം ധർമ്മപത്നിയിൽ അവയുടെ ബീഭത്സരൂപത്തിൽ ചിത്രീകരിക്കപ്പെടുന്നു. ഭാര്യാമർദ്ദനം, സ്വശക്തിപ്രകടനത്തിനുള്ള സുഗമമാർഗ്ഗമായി കരുതി തൃപ്തി അടയുന്ന മനുഷ്യാധമന്മാർ ഈ നാടകം വായിച്ചറിയേണ്ടതും അഭിനയിച്ചു കാണേണ്ടതുമാണ്. നന്മകൊണ്ടു തിന്മയെ ജയിക്കണം എന്ന ക്രിസ്തീയാദർശത്തിന്റെ മൂർത്തിമത്തായ ദൃഷ്ടാന്തമാണ് ദീനാമ്മ. ജീവിതത്തിൽ അനുഭവപ്പെടാവുന്ന മിക്കവാറും എല്ലാ കഷ്ടതകൾക്കും വിധേയയായിട്ടും കഥാനായിക ദൈവവിശ്വാസവും ധൈര്യവും ശുഭപ്രതീക്ഷയും കൈവിടാതെ ജീവിതപോരാട്ടം നടത്തി വിജയശ്രീലാളിതയാകുന്ന കാഴ്ച അതിമനോഹരമായിരിക്കുന്നു." നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്ത പ്രസ്തുത പ്രഹസനഗ്രന്ഥത്തിനു."

വില 4 ണ. മാത്രം.

## മേരീദാസൻ.

സംഗീതപ്രഹസനം. പരിഷ്ക്കരിച്ചു നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്ത രണ്ടാം പതിപ്പ്. വില 4 ണ.

## സത്യാത്മജൻ.

ഒരു സന്മാർഗ്ഗസംഗീതപ്രഹസനം. വില 4 ച.

# സ്ലീവാപ്പാഥാഗാനം.

ജപങ്ങളോടും ചിത്രങ്ങളോടും ചേൎന്നതു്.

വില 1 ണ മാത്രം.

# ധൎമ്മധീരൻ.

നിരീശ്വരത്വം, ധനസമത്വവാദം, ജനനനിയന്ത്രണം ആദിയായ ആധുനിക നശീകരണ നടപടികളുടെ നീചത്വം പ്രസ്പഷ്ടമാക്കുന്ന ഒരു സരസ സംഗീതനാടകം തയാറായിവരുന്നു.

# സുകൃതനിധി.

എന്നൊരു പ്രാൎത്ഥനഗ്രന്ഥം തയാറായി വരുന്നു.

N. B. ഗ്രന്ഥകൎത്താവിൽനിന്നു നേരിട്ടും, കോട്ടയം കത്തോലിക്കമിഷ്യൻ പ്രസ്സ് ആൻറു് സെയിൽസ ഡിപ്പോയിൽനിന്നും, മാന്നാനം, മംഗലപ്പുഴ, ആലപ്പുഴ, എറണാകുളം മുതലായ സ്ഥലങ്ങളിലുള്ള ഡിപ്പോകളിൽനിന്നും, ചങ്ങനാശേരി ദീപിക സബ് ആഫീസിൽനിന്നും പുസ്തകങ്ങൾ ലഭിക്കാവുന്നതാണു്.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00001030*
T62 N29

# മേരീദാസൻ.

(സംഗീതപ്രഹസനം.)

REVISED SECOND EDITION.

BY

**FR. JOSEPH NEDUMCHIRA O. S. H.**
SACRED HEART MOUNT, KOTTAYAM.

T62
N29

Indic Digital Archive Foundation
gpura.org